വില ₹ 30/-

# ജീവനും വെളിച്ചവും

ജനുവരി 2025



# ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ

തിരുവനന്തപുരം ലത്തീൻ അതിരൂപത

## OUR DEPARTMENTS:

### General specialties:

- GENERAL MEDICINE
- PAEDIATRICS
- GENERAL & LAPAROSCOPIC SURGERY
- OBSTETRICS & GYNAECOLOGY
- ORTHOPAEDIC
- E N T
- OPHTHALMOLOGY
- ANAESTHESIOLOGY
- PSYCHIATRY
- OBESITY CLINIC
- PLASTIC & RECONSTRUCTIVE SURGERY
- MEDICAL ONCOLOGY
- NEURO SURGERY
- DERMATOLOGY
- COSMETOLOGY
- DIETARY
- RADIOLOGY

### Super specialties:

- CARDIOLOGY
- NEUROLOGY
- NEPHROLOGY
- PULMONOLOGY
- GASTROENTEROLOGY
- ORAL & MAXILLOFACIAL SURGERY
- UROLOGY

### 24 hrs Facility:

- CASUALITY
- CT/ X-RAY / ECG
- PHARMACY
- LAB
- CARDIOLOGY / CATH LAB
- AMBULANCE SERVICE
- PRIMARY ANGIOPLASTY

### FACILITIES AND SERVICES

- Operation Theatre Complex having 8 Theaters
- Equipped with Modern Facilities
- Well Equipped Labour Room
- Post-Operative Unit with Latest Facilities
- State of Art Intensive Care Unit (ICU, CCU, PICU, NICU)
- Facility of Deluxe Rooms
- Dialysis Centre with Latest Equipments & Facilities
- Well Equipped Diagnostic Center
- Colour Doppler, 2D ECHO Cardiography
- Computerized Treadmill, Multi channel ECG
- Cardiac Care with Cath Lab Facility
- CT Scan Facility Round the clock
- Whole body scanning
- Ultra sound scanning
- Digital and mobile X-ray unit
- Physiotherapy center with modern facilities
- Well equipped Emergency Unit
- Advance booking system over telephone
- Facility for Health check-up
- Cashless facility for patients with insurance
- In-house canteen providing room service
- ATM center and e-payment facility
- Large parking area

### BOOKING AND ENQUIRY

**0471- 2334561, 4005300**




Jubilee Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala

0471-2334561 jubileetrivandrum@gmail.com

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ജനുവരി | പുസ്തകം 53 | ലക്കം 01



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്


## മുഖവിചാരം

# പുതു അക്ഷരാശംസകൾ...

വിഭവസമൃദ്ധമാണ് ഈ ക്രിസ്തുമസ്- പുതുവത്സരപ്പതിപ്പ്. തുടക്കത്താളുകളിൽ ക്രിസ്തുമസ് കേവലം ഒരു ചരിത്ര സംഭവമല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്നേഹവും വിനയവും പ്രതിഫലിപ്പിക്കാൻ നമ്മെ ക്ഷണിക്കുന്ന ഒരു യഥാർഥ്യമാണ് എന്ന തോമസ് നെറ്റോ പിതാവിന്റെയും മനുഷ്യാന്തസ്സ് ഉയർത്തി പ്പിടിക്കാനാകട്ടെ ഈ പുതുവർഷം എന്ന ക്രിസ്തുദാസ് പിതാവിന്റെയും ഇടയസന്ദേശങ്ങളാണ്. തുടർന്ന്, യേശു: അവൻ ആരായിരുന്നു; അവന്റെ അത്ഭുതം, അവന്റെ ദൗത്യം, അവന്റെ സ്നേഹം എന്ന തലക്കെട്ടിൽ 2024-ലെ TIME മാഗസിന്റെ പ്രത്യേക പതിപ്പിനെ എടുത്തെഴുതുന്നു സിസ്റ്റർ റീഷ്മ സൈമൺ. അവിടന്ന് നമ്മെ സ്നേഹിച്ചു എന്ന ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനം പകർത്തിയെഴുതുന്നു വർഗീസ് ജോസഫച്ചൻ. ക്രിസ്തുമസ് ലോക ജനതയുടെ പെരുന്നാളാണ് എന്ന് ഇമ്മാനുവേലച്ചനും ദൈവം ഒരു പെൺകുട്ടിയുടെ ഗർഭഗൃഹ വാതിൽക്കൽ മുട്ടിയിട്ട് എനിക്ക് ജനിക്കാൻ ഇടം തരുമോ എന്ന് ചോദിക്കുന്നു. അവൾ സമ്മതിച്ചപ്പോൾ സംഭവിച്ചതാണ് ക്രിസ്തുവിന്റെ ജനനം എന്ന് ജോസ് സുരേഷ് കപ്പൂച്ചിനും എഴുതുന്നു. കൂടെയുണ്ട്, പ്രത്യാശയുടെ തീർത്ഥാടനത്തിന് കാലത്തിന്റെ അടയാളങ്ങളുമായി ഡോ. എ ആർ ജോൺ, BCC നവനേതൃത്വവുമായി ഡാനിയേലച്ചൻ, പുതുവർഷം പുതുചിന്തകളുമായി രജിത വൈ ആർ, വർഷാദ്യദിന ചിന്തകളുമായി ഫാ. തോമസ് പാട്ടത്തിൽചിറ, പുതിയ ആകാശം പുതിയ ഭൂമിയുമായി സുനിൽ സി. ഇ, ജനപ്രതിരോധങ്ങളുടെ പുതുകാലവുമായി ഡോ. ഐറിസ് കൊയ്‌ലോ, ഉൾക്കൊള്ളലും തുല്യതയും സാമൂഹിക നീതിയും നഷ്ട മായ്ക്കൊണ്ടിരിക്കുന്ന ഒരു കാലത്ത് സമത്വത്തിലധിഷ്ഠിതമായ നമ്മുടെ ഭരണഘടനയ്ക്കായി പോരാടാൻ ആഹ്വാനം ചെയ്യുന്നു നേർക്കാഴ്ചയിൽ ജെ. സി, വായനയിൽ എക്കാലത്തെയും മികച്ച പുസ്തകമായ കെ പി അപ്പന്റെ ബൈബിൾ വെളിച്ചത്തിന്റെ കവചവുമായി താര ഇഗ്നേഷ്യസ്...

പ്രിയപ്പെട്ടവരുടെ കഥ, കവിതകൾ...
ഈ അക്ഷരവിരുന്ന് നിങ്ങളുടെ ചിന്തകളെ
കൂടുതൽ സമ്പന്നമാക്കട്ടെ!
പരസ്പര സഹവർത്തിത്വവും സ്നേഹവും
സാധിതമാക്കട്ടെ!
പ്രിയപ്പെട്ട വായനക്കാർക്ക് ക്രിസ്തുമസ്
പുതുവത്സരാശംസകൾ...
പുതു അക്ഷരാശംസകൾ


www.latinarchdiocesetrivandrum.org | www.archtvmnews.com



*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com



വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

19 ഡിസംബർ
പൗരോഹിത്യത്തിന്റെ
35-ാം വാർഷികം

29 ഡിസംബർ
ജന്മദിനം

## അഭിവന്ദ്യ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്തയ്ക്ക് ജന്മദിനത്തിന്റെയും പൗരോഹിത്യ വാർഷികത്തിന്റെയും

# പ്രാർത്ഥനാശംസകൾ





# താളുകളിൽ

## ലേഖനം


» അവന്റെ ജനനം _ഫാ. ജോസ് സുരേഷ് 8
» പ്രത്യാശയുടെ പിറന്നാൾ _ഫാ. ഇമ്മാനുവേൽ വൈ 12
» കാലത്തിന്റെ അടയാളങ്ങൾ പ്രത്യാശയുടെ തീർത്ഥാടനത്തിന് _റവ. ഡോ. എ. ആർ ജോൺ 14
» അവിടുന്ന് നമ്മെ സ്നേഹിച്ചു _ഫാ. വർഗ്ഗീസ് ജോസഫ് 18
» പുതുവർഷം പുതുചിന്തകൾ _രജിത വൈ. ആർ 30
» പുകഞ്ഞ കൊള്ളികൾ പെറുക്കിയെടുക്കുന്നവൻ (വർഷാദ്യദിന ചിന്തകൾ) _ഫാ. തോമസ് പാട്ടത്തിൽചിറ CMF 34
» ചരിത്രത്തിൽ ക്രിസ്തു എന്നൊരു മനുഷ്യൻ ജീവിച്ചിരിക്കുന്നു _സിസ്റ്റർ റീഷ്മ സൈമൺ എച്ച്. എച്ച് 38
» പ്രത്യാശയുടെ തീർഥാടകരായ നവനേതൃത്വം _ ഫാ. ഡാനിയേൽ 42
» ജനപ്രതിരോധങ്ങളുടെ പുതുകാലം _ഡോ. ഐറിസ് കൊയ്‌ലോ 48
» പുതിയ ആകാശം പുതിയ ഭൂമി _സുനിൽ സി. ഇ 50


## കഥ


» തുറ-മുഖം _ബർഗ്മാൻ തോമസ് 22


## കവിത


» ക്രിസ്മസ് രാത്രികൾ _ഡിക്സൻ ജോർജ്ജ് 11
» അധികാരി _ഫാ. റോഷൻ റിച്ചാർഡ് 33
» ഡിജിറ്റൽ ഡിവൈഡ് _മീര രാജലക്ഷ്മി 46
» രക്ഷാഗ്രം _ഷൈജു അലക്സ് 53
» നീ ഉണ്ടായിരുന്നെങ്കിൽ _രാധാകൃഷ്ണൻ കെ 56



## വായന


» വിസ്മയത്തിന്റെ നക്ഷത്ര വെളിച്ചം _താരാ ഇഗ്നേഷ്യസ് 54
- കാനോൻ നിയമം 17
- വചന ജ്വാല (ജനുവരി, ഫെബ്രുവരി 2025) 57
- വാർത്തകൾ 59
- നേർക്കാഴ്ച _ജെ. സി 62

ഇടയ സന്ദേശം

# സ്നേഹവും സമാധാനവും നിറഞ്ഞ ക്രിസ്തുമസാശംസകൾ!

+ ഡോ. തോമസ് ജെ. നെറ്റോ
മെത്രാപ്പോലീത്ത, തിരുവനന്തപുരം ലത്തീൻ അതിരൂപത



വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. (യോഹ. 1:14). ബെത്ലഹേമിൽ ഭൂജാതനായ ദിവ്യശിശു മനുഷ്യരാശിക്കുള്ള ദൈവത്തിന്റെ മഹത്തായ ദാനമാണ്. ഇന്ന് പാവപ്പെട്ട ഇടയരെപ്പോലെ ദൈവത്തിന്റെ മഹത്വം ആസ്വദിക്കാനെത്തുന്ന മുറിപ്പാടുള്ള മനുഷ്യകുടുംബത്തിന് ഉണ്ണിയേശു മറ്റൊരു വഴി തുറന്നു തരുന്നു: അത് സ്നേഹത്തിലൂടെയുള്ള ജീവന്റെ വഴിയാണ്.

ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ തെളിയുന്നത് ദൈവത്തിന്റെ സാന്നിധ്യമാണ്. ദൈവപുത്രന്റെ ജനനം ഇമ്മാനുവേൽ 'ദൈവം നമ്മോടുകൂടെ' എന്ന ദൈവസ്നേഹത്തിന്റെ സാക്ഷ്യമാണ് (മത്താ.1:23); 'എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു' (ഏശ.9:6) എന്ന പ്രവാചക വാക്കുകളുടെ സാക്ഷാത്കാരം. യേശുക്രിസ്തുവിൽ ദൈവം മനുഷ്യനായി മാറുന്നതിന്റെ ഗഹനമായ രഹസ്യം വിചിന്തനം ചെയ്യുവാൻ ഈ പുണ്യകാലം നമ്മെ ക്ഷണിക്കുന്നു. യേശുക്രിസ്തുവിന്റെ ജനനം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാന ശിലയാണ്. വചനം മാംസമായതിലൂടെ ആകാശവും ഭൂമിയും ഒന്നിക്കുന്ന ദൈവത്തിന്റെ അനന്തമായ സ്നേഹം ഏറ്റവും ഉന്നതമായ രീതിയിൽ വെളിപ്പെടുന്നു.

ബെത്ലഹേമിലെ എളിയ പുൽത്തൊട്ടിയിലെ ജനനം ദൈവത്തിന്റെ താഴ്മ, സ്നേഹം, ജനത്തിനോടൊപ്പം വസിക്കുവാനുള്ള ആഗ്രഹം എന്നിവയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. അന്ധകാരത്തിലുള്ളവർക്ക് വെളിച്ചം നൽകുന്ന രക്ഷകനെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദാനം ക്രിസ്തുമസിലൂടെ നിറവേറുന്നു. മാലാഖമാർ ഇടയന്മാരോടു പറഞ്ഞു; 'ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനു വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (ലൂക്കാ. 2:10). ഈ സന്തോഷം ദൈവത്തിന്റെ രക്ഷാകര കൃപയെ സ്വീകരിക്കാനുള്ള ക്ഷണമാണ്. ജ്ഞാനികളുടെ യാത്ര ക്രിസ്തു എല്ലാ ജനതകൾക്കും വെളിച്ചമാണെന്നും നാം ഓരോരുത്തരും വിശ്വാസത്താൽ നിറഞ്ഞ ഹൃദയത്തോടെ അവനെ അന്വേഷിക്കണമെന്നും ആരാധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുമസ് കേവലം ഒരു ചരിത്ര സംഭവമല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്നേഹവും വിനയവും പ്രതിഫലിപ്പിക്കാൻ നമ്മെ ക്ഷണിക്കുന്ന ഒരു യാഥാർഥ്യമാണ്. 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്നു.' (ഫിലി. 2:6-7). അഹങ്കാരം, സ്വാർഥത, നിസംഗത എന്നിവയിൽ നിന്നും സ്വയം മോചിതരാകാനും സ്നേഹം, സേവനം, അനുരഞ്ജനം എന്നീ ഗുണങ്ങൾ സ്വീകരിക്കാനും ക്രിസ്തുമസ് നമ്മെ പ്രേരിപ്പിക്കുന്നു.

ബെത്ലഹേമിലെ ദൈവപുത്രൻ നമ്മുടെ ജീവിതത്തിൽ പ്രത്യാശയുടെയും നന്മയുടെയും ദീപസ്തംഭമാണ്. അവിടുന്നു തന്റെ ശിഷ്യരോട് പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു. ലോകം നൽകുന്നതുപോലെ അല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട' (യോഹ. 14:27). ദിവ്യ രക്ഷകനെ പ്രാർത്ഥനയോടെ വരവേൽക്കുമ്പോൾ, പ്രത്യാശയുടെ ദീപങ്ങൾ നമ്മിൽ തെളിയുന്നു; സമാധാനം നമ്മുടെ ഹൃദയത്തിൽ സംജാതമാകുന്നു.

സംഘർഷങ്ങളും അനീതിയും ഭിന്നതകളും പെരുകുന്ന ഇന്നത്തെ ലോകത്ത്, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും ക്രിസ്മസ് സന്ദേശം നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും നമുക്ക് പങ്കുവയ്ക്കുന്നവരാകാം. ദരിദ്രരോട്, പ്രത്യേകിച്ച് ജീവിതത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരുമായി നമ്മുടെ അനുഗ്രഹങ്ങൾ പങ്കുവയ്ക്കാം. മാലാഖമാരോടൊപ്പം നമുക്ക് പാടാം, 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം'.

ഇടയ സന്ദേശം

# മനുഷ്യാന്തസ് ഉയർത്തിപ്പിടിക്കാനാകട്ടെ ഈ പുതുവർഷം



+ഡോ. ക്രിസ്തുദാസ് ആർ.
സഹായമെത്രാൻ, തിരുവനന്തപുരം ലത്തീൻ അതിരൂപത

പുതുവർഷത്തിന്റെ കൃപ നിറഞ്ഞ പ്രഭാതത്തിലേക്ക് നാം ചുവടുവെക്കുമ്പോൾ, നിങ്ങൾക്കെല്ലാവർക്കും എന്റെ ഹൃദയംഗമമായ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു. ഈ വർഷം നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും സമൃദ്ധമായ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആത്മീയ വളർച്ചയുടെയും ഒന്നായിരിക്കട്ടെ. അനന്തമായ കാരുണ്യത്താൽ നമ്മെ നയിക്കുകയും നിലനിർത്തുകയും ചെയ്യുന്ന നമ്മുടെ സ്വർഗീയ പിതാവിന്റെ സ്നേഹനിർഭരമായ കരങ്ങളിൽ ഈ പുതിയ വർഷത്തെ നമുക്ക് ഭരമേല്പിക്കാം.

പരിശുദ്ധ പിതാവായ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷമായതിനാൽ 2025-ന് പ്രത്യേക പ്രാധാന്യമുണ്ട്. ജൂബിലിയുടെ പ്രമേയം 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ്, ഒരു സാർവത്രിക സഭയെന്ന നിലയിൽ നവീകരണത്തിന്റെയും അനുരഞ്ജനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഒരു യാത്ര ആരംഭിക്കാൻ പാപ്പ നമ്മെ ക്ഷണിക്കുന്നു. ദൈവത്തിന്റെ കരുണയെ അഭിമുഖീകരിക്കാനും നമ്മുടെ വിശ്വാസത്തെ ആഴത്തിലാക്കാനും പരസ്പരമുള്ള നമ്മുടെ ബന്ധങ്ങൾ ശക്തിപ്പെടുത്താനുമുള്ള അഗാധമായ അവസരങ്ങളാണ് ജൂബിലി വർഷങ്ങൾ.

അനുരഞ്ജനത്തിന്റെയും ദിവ്യകാരുണ്യ ആഘോഷത്തിന്റെയും കൂദാശകളിലൂടെ, ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയെ വീണ്ടും കണ്ടെത്താൻ നമുക്ക് ഈ പുതുവർഷത്തിൽ പരിശ്രമിക്കാം. വിശ്വാസത്തിന്റെയും ഭക്തിയുടെയും പ്രവൃത്തി എന്ന നിലയിൽ ദേവാലയത്തോടു ചേർന്ന് ജീവിച്ചുകൊണ്ട് ഞായറാഴ്ചകളും മറ്റ് വിശേഷ ദിവസങ്ങളും കൃപയുടെ ദിനങ്ങളാക്കി മാറ്റാം. ദരിദ്രരെ സേവിക്കാനും ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാനും ഓരോ മനുഷ്യന്റെയും അന്തസ്സ് ഉയർത്തിപ്പിടിക്കാനും മുന്നിട്ടിറങ്ങുന്നവരാകാം. നമ്മുടെ വിശ്വാസത്തെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ ആഴത്തിലാക്കാനും അങ്ങനെ പ്രത്യാശയിൽ ജീവിച്ച് ക്രിസ്തീയ ദൗത്യം പൂർത്തിയാക്കാൻ നമുക്ക് കഴിയട്ടെ.

രോഗശാന്തിയും സമാധാനവും കാംക്ഷിക്കുന്ന ഒരു ലോകത്ത് പ്രത്യാശയുടെ വിളക്കുകളായി മാറാനുള്ള നല്ല ചിന്തകൾക്ക് രൂപം നൽകാം. ഈ പുതുവർഷത്തിൽ നാം ആസൂത്രണം ചെയ്യുന്ന ആത്മീയവും അജപാലനവുമായ പ്രവർത്തനങ്ങളിൽ സ്ഥിരോത്സാഹത്തോടെ ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ.

പുതുവർഷം നിങ്ങൾക്കും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും അഗാധമായ കൃപയുടെ സമയമാകട്ടെ. നമ്മുടെ പരിശുദ്ധ അമ്മയുടെയും എല്ലാ വിശുദ്ധരുടെയും മാദ്ധ്യസ്ഥം ക്രിസ്തുവുമായുള്ള ആഴമായ ഐക്യത്തിലേക്ക് നമ്മെ നയിക്കട്ടെ. വരാനിരിക്കുന്ന വർഷത്തിലെ അവസരങ്ങളും വെല്ലുവിളികളും പ്രത്യാശയോടെ സ്വീകരിക്കാം. അതിനുള്ള കൃപകൾ ദൈവം സമൃദ്ധമായി നൽകട്ടെയെന്ന് പ്രാർഥിക്കുന്നു. നിങ്ങൾക്ക് ഓരോരുത്തർക്കും സ്നേഹം നിറഞ്ഞ പുതുവത്സരാശംസകൾ!





# അവന്റെ ജനനം

ലേഖനം

ഫാ. ജോസ് സുരേഷ്



ഭവനരഹിതനായി ജനിച്ച ഒരു ശിശുവിന്റെ തിരുനാളാണ് ക്രിസ്തുമസിൽ എല്ലാ ഭവനങ്ങളിലും ആഘോഷിക്കപ്പെടുന്നതെന്ന് ചെസ്റ്റർട്ടൻ പറയുന്നു. ക്രിസ്തുമസ് ആവർത്തിക്കപ്പെടുന്ന അനുഗ്രഹമാണെന്നും ക്രിസ്തു ഭൂമിയിൽ ജനിച്ചപ്പോൾ ഭൂമി സ്വർഗ്ഗത്തിനും മേലായി ഉയർത്തപ്പെട്ടു എന്നും ചെസ്റ്റർട്ടൻ വിശ്വസിക്കുന്നു. 'ഒരു ക്രിസ്തുമസ് കരോൾ' എന്ന കൃതിയിലൂടെ ചാൾസ് ഡിക്കൻസ് ആണ് ക്രിസ്തുമസ് ആഘോഷം കണ്ടുപിടിച്ചതെന്ന് വാദിക്കുന്നവരുണ്ട്. ക്രിസ്തുമസ് ആഘോഷങ്ങളെ വെറുക്കുന്ന, പിശുക്കനായ സ്ക്രൂഗ് എന്ന മനുഷ്യൻ തന്നെയാണ് പിന്നീട് എങ്ങനെ ക്രിസ്തുമസ് ആഘോഷിക്കണം എന്ന് ലോകത്തെ പഠിപ്പിക്കുന്നത്. ഡിക്കൻസിന്റെ ക്രിസ്തുമസ് കരോൾ എന്ന കൃതി ക്രിസ്തുമസിനെ എല്ലാ അർത്ഥത്തിലും സ്വന്തമാക്കുന്നുണ്ട്.

ലോകത്തിലെ ആദ്യത്തെ പുൽക്കൂട് ഉണ്ടാക്കി



യത് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസ്സീസ് ആണ്. 1224-ലെ വിശുദ്ധനാട് സന്ദർശനം കഴിഞ്ഞെത്തിയ ഫ്രാൻസ്സീസിനെ, ഗ്രേച്ചിയോ എന്ന ഇറ്റലിയിലെ ഒരു സ്ഥലത്ത് അവിടുത്തെ പ്രഭുവും ഫ്രാൻസ്സീസിന്റെ സുഹൃത്തുമായ ജോൺ ആണ് ഇതിനായി സഹായിക്കുന്നത്. ഒരു ദരിദ്രശിശുവായി പുൽക്കൂട്ടിൽ പിറന്ന ദൈവത്തെ കാണാനായി രാത്രിയിൽ ഫ്രാൻസ്സീസും അനുചരന്മാരും ഗ്രാമവാസികളും കൈയിൽ കത്തിച്ച തിരികളുമായി പ്രദക്ഷിണമായി യാത്ര ചെയ്തു ഗ്രേച്ചിയോയിലേക്ക് പോയി. അവിടെച്ചെന്ന് ഫ്രാൻസ്സീസ് ആനന്ദക്കണ്ണീർ പൊഴിച്ചുകൊണ്ട് ഉണ്ണിയേശുവിന്റെ രൂപത്തെ കൈയിലെടുത്തപ്പോൾ അതിന് ജീവൻ വച്ചിരിക്കണം, ഫ്രാൻസ്സീസിനെ നോക്കി പുഞ്ചിരിച്ചിരിക്കണം. ഫ്രാൻസ്സീസ് ഒരുക്കിയ പുൽക്കൂടിന് എന്തൊരു ഭംഗിയായിരിക്കും!



ഒത്തിരി വർഷങ്ങൾക്കു മുൻപ് മാതൃഭൂമിയുടെ ക്രിസ്തുമസ് ആഴ്ചയിലെ ലക്കത്തിൽ തുമ്പമൺ തോമസിന്റ ക്രിസ്തുമസിനെക്കുറിച്ചുള്ള ഒരു ലേഖനമുണ്ടായിരിന്നു. അതിൽ അദ്ദേഹം ക്രിസ്തുമസ് രാത്രിയെ വിശേഷിപ്പിക്കുന്നത് 'മുലപ്പാലൊഴുകുന്ന രാത്രി' എന്നാണ്. ഇത് മനോഹരമായ ഒരു വിശേഷണമാണ്. ക്രിസ്തുമസ് രാത്രിക്ക് മുലപ്പാലിന്റെ മണമാണുള്ളത്. രക്ഷാകര ചരിത്രംപോലും ഈ മുലപ്പാലുമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമത്തിലെ സർവ്വശക്തൻ മുലപ്പാലുതികട്ടിയ മുഖവുമായി ഒരു സ്ത്രീയുടെ മാറിൽ കിടന്നുറങ്ങി എന്നതാണ് രക്ഷാകര ചരിത്രം.

മനുഷ്യാവതാരത്തിന് ബുദ്ധിപൂർവ്വകമയ ഭാഷ്യം കൊടുക്കുന്നത് സിമോൺ വെയിൽ എന്ന ചിന്തകയാണ്. ഈ പ്രപഞ്ചത്തിൽ ദൈവം ഉണ്ടോ എന്ന ചോദ്യത്തിന് കീർക്കേഗാർഡിനെപോലെ സിമോൺ വെയിലിന്റെ ഉത്തരം 'ഇല്ല' എന്നതാണ്. പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചിട്ട് അതിന്റെ അധികാരിയായി തന്നെത്തന്നെ അവരോധിക്കാതെ, പ്രപഞ്ചത്തെ അതിന്റെ നിയമങ്ങൾക്ക് വിട്ടുകൊണ്ട് ദൈവം സ്വയം നിഷ്കാസിതനായി എന്ന് അവൾ മനസ്സിലാക്കുന്നു. ദൈവത്തിന്റെ ഈ നിഷ്കാസിതത്തിന് സിമോൺ ഉപയോഗിക്കുന്ന വാക്ക് 'abdication' (സ്ഥാനത്യാഗം) എന്നതാണ്. ഇങ്ങനെ സ്ഥാനത്യാഗം ചെയ്ത് പ്രപഞ്ചത്തിന് പുറത്തുപോയ ദൈവത്തിന് ഇനി ഈ പ്രപഞ്ചത്തിൽ കടക്കണമെങ്കിൽ അതൊരു യാചകനായിട്ട് മാത്രമാണെന്ന് സിമോൺ പറയുന്നു. അപ്പോൾ മനുഷ്യാവതാരം ദൈവത്തിന്റെ യാചനയാണ്. ദൈവം ഒരു പെൺകുട്ടിയുടെ ഗർഭഗൃഹ വാതിൽക്കൽ മുട്ടിയിട്ട് എനിക്ക് ജനിക്കാൻ ഇടം തരുമോ എന്ന് ചോദിക്കുന്നു. അവൾ സമ്മതിച്ചപ്പോൾ സംഭവിച്ചതാണ് ക്രിസ്തുവിന്റെ ജനനം. എനിക്ക് ഇടം തരുമോ എന്ന് ദൈവം ഇപ്പോഴും യാചിക്കുന്നുണ്ട്.

ക്രിസ്തുമസിൽ അവൾക്കുള്ള പ്രാധാന്യം വിസ്മരിക്കാൻ പാടില്ല. പ്രപഞ്ചം അപകടത്തിലായപ്പോൾ ദൈവം സ്ത്രീക്ക് ഒരു അടയാളം കൊടുത്തു എന്ന് ഫോൾക്നർ പറയുന്നത് മറിയത്തെ സംബന്ധിച്ച് സത്യമാണ്. ഞാൻ ഇങ്ങനെ ഒന്നു സങ്കൽപിക്കാൻ ശ്രമിക്കുന്നു: സമയം, കാലം എന്നതൊക്കെ ഒരു ഇല്യൂഷൻ ആണ്. അങ്ങനെയെങ്കിൽ മാലാഖയുടെ സന്ദേശം അനാദിയായി ഭൂമിയുടെ മുകളിൽ ഉണ്ടായിരിന്നു. പക്ഷേ, ഭൂമിയിലെ സ്ത്രീകളൊക്കെ അക്ഷമരായിരുന്നു. അവരാരും ഈ സന്ദേശത്തിലേക്ക് തല ഉയർത്തിയില്ല. ഒരു മാലാഖയെ കാണാനുള്ള സൂക്ഷ്മമായ ദൃഷ്ടി അവർക്കില്ലായിരുന്നു. ഒരിക്കൽ ഒരു പെൺകുട്ടി ഈ സന്ദേശത്തെ കണ്ടുപിടിച്ചു. അപ്പോൾ അതവളുടെ പേരിലായി. "നന്മ നിറഞ്ഞ മറിയമേ സ്വസ്തി" എന്ന് മാലാഖ സന്തോഷത്തോടെ അവളോടു പറഞ്ഞു. മാലാഖ മറിയത്തിന് നൽകിയതിനേക്കാൾ മറിയം മംഗള വാർത്തയെ സ്വന്തമാക്കുകയായിരുന്നു. മൈക്കൾ സേരസ്സ് മാലാഖയുടെ സ്വഭാവത്തെ മനോഹരമായി പരിചയപ്പെടുത്തുന്നു, "Angeles do not convey messages; they change those they address. What they transfer is not an information

content, but a new container." മാലാഖ മറിയവുമായി ഒരു സൗഹൃദം സ്ഥാപിച്ചു; എന്നിട്ട് പറഞ്ഞു, "you are wanted on the phone."

ഒരു സാധാരണ സ്ത്രീയിൽ നിന്നും ദൈവം ജനിച്ചു എന്ന ലോജിക്കിന് ഉൾക്കൊള്ളാനാവാത്ത സത്യത്തെ നമ്മൾ ലോജിക്കിൽപ്പെടുത്തി വെറുതെ ഡോഗ്മകൾ ഉണ്ടാക്കി. "തെറ്റായി വ്യാഖ്യാനിച്ച സത്യങ്ങളാണ് പ്രമാണങ്ങൾ," എന്ന് ഹെർമൻ ഹെസ്സെ പറഞ്ഞത് ഒത്തിരി ചിന്തിപ്പിച്ചിട്ടുണ്ട്. അപ്പോൾ അമലോത്ഭവമോ? "your past is determined by what you do in the future" എന്നാണ് Quine എന്ന നാച്വറൽ ഫിലോസഫർ പറയുന്നത്. ഇത് ഏറ്റവും സത്യമാകുന്നത് മറിയത്തിന്റെ കാര്യത്തിലായിരിക്കും. "The past, like the future, is indefinite and exists only as a spectrum of possibilities," എന്ന് ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിംഗ്സും പറയുന്നു. നിങ്ങളുടെ ഭൂതകാലം നിങ്ങളുടെ ഭാവിയെ ഉറ്റുനോക്കുന്നു, അതും മറ്റെന്തോ ആയിത്തീരാൻ ആഗ്രഹിക്കുന്നു. മറിയം അമലോത്ഭവമാണ്. ഒരു തിര വന്ന് തീരത്തെ മുഴുവൻ ശുദ്ധമാക്കി കടന്നു പോകുന്നതുപോലെ കൃപയുടെ തിരയിളക്കത്തിൽ അവളുടെ ജന്മം മുഴുവൻ ശുദ്ധമായി. ഇതുകൊണ്ടു തന്നെയാണ് അവൾ സ്വർഗ്ഗാരോപിതയായത്. കൃപകൊണ്ട് നിറഞ്ഞപ്പോൾ അവൾക്ക് ഭാരമില്ലാതായി. ഇനി ഭൂഗുരുത്വങ്ങൾക്ക് അവളെ പിടിച്ചു നിർത്താനാവില്ല. ഒരു അപ്പൂപ്പൻതാടിപോലെ അവൾ മുകളിലേക്ക് പറന്നുപോയി. ഭൂമിയിൽ വേരൂന്നി നിന്നുകൊണ്ടല്ല, ഭൂമിയിൽനിന്നും പറന്നു പൊങ്ങിക്കൊണ്ടാണ് പലരും ഭൂമിയുടെ ഭാഗമാകുന്നത്.

ജനതകൾക്ക് പ്രകാശമായി ഒരു ശിശു ജനിച്ചപ്പോൾ രാത്രി ഏറ്റവും സുന്ദരമായി. പക്ഷേ, ഈ രാത്രിയുടെ മറവിൽത്തന്നെ തിന്മയുടെ ശക്തികൾ അവരുടെ ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നുണ്ട്. ഈ ശിശു ജനിച്ചപ്പോൾ ഭയാക്രാന്തനായ ഹെറോദ് രാജാവ് ബെത്ലഹേമിലുള്ള രണ്ടുവയസ്സിൽ താഴെയുള്ള എല്ലാ ശിശുക്കളെയും കൊന്നുകളയുന്നു. ഇവരുടെ കരച്ചിൽ കേട്ട് പുൽത്തൊഴുത്തിൽ കിടക്കുന്ന ശിശു പല തവണ ഉറക്കത്തിൽ ഞെട്ടിയുണർന്നിരിക്കണം. "In the juvanacence of the year came Christ the tiger," എന്നാണ് ക്രിസ്തുവിനെ എലിയട്ട് തന്റെ കവിതയിൽ വിശേഷിപ്പിക്കുന്നത്. ക്രിസ്തു ആദ്യം വന്നപ്പോൾ യോഹന്നാൻ പറഞ്ഞത്, "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് " എന്നാണ്. ഇനി അവൻ വരിക, ലോകത്തിന്റെ യൗവന ചാപല്യങ്ങളെ കടിച്ചു തിന്നുന്ന കടുവ ആയിട്ടായിരിക്കുമോ?

"What the rough beast time came at last round, Slouches towards Bethlehem to be born?" എന്ന് യീറ്റ്സ് " The Second Coming" എന്ന കവിതയിൽ ചോദിക്കുന്നു. ഒന്നാം ലോകമഹായുദ്ധം തുറന്നു വിട്ട ഭീകരതയുടെയും നാശത്തിന്റെയും പ്രചണ്ഡ മരുത്തുക്കളെ കണ്ടപ്പോഴാണ് യീറ്റ്സ് ചോദിക്കുന്നത്, ആരാണിപ്പോൾ ബെത്ലഹേമിലേക്ക് ജനിക്കാനായി നിരങ്ങി നീങ്ങുന്നത്, ക്രിസ്തുവോ അന്തിക്രിസ്തുവോ?

അന്തിക്രിസ്തുമാർ ഒത്തിരി വന്നുകഴിഞ്ഞു. പക്ഷേ, എന്നാണിനി ക്രിസ്തു വരിക? കാലമാണോ അവന്റെ വരവിന് തടസ്സം നിൽക്കുന്നത്? അവന്റെ കാലവും നമ്മുടെ കാലവും തമ്മിലുള്ള വ്യത്യാസമാണോ ഇതിനു കാരണം? അതോ അവൻ വന്നു കഴിഞ്ഞോ? ഇത്തരം നിഗൂഢതകളുടെ പൊരുളഴിക്കുവാൻ നിഗൂഢതകളിലൂടെ മാത്രം സംസാരിക്കുന്ന കാഫ്കയെതന്നെ ആശ്രയിക്കേണ്ടി വരും. മിശിഹായുടെ സമയത്തെക്കുറിച്ച് കാഫ്ക പറയുന്നു, "the Messiah will come only when he is no longer necessary; he will come only on the day after his arrival; he will come, not on the last day, but on the very last day." അതുകൊണ്ടു തന്നെ അവനെ കണ്ടുമുട്ടുമ്പോഴും നിങ്ങൾ അവനോട് "എപ്പോഴാണ് നീ വരുന്നത്" എന്ന് ചോദിക്കണമെന്ന് കാഫ്ക പറയുന്നു.

എപ്പോഴാണ് നീ വരുന്നത്? എന്ന് നമുക്കും നിരന്തരം ചോദിക്കാം. ●




കവിത

# ക്രിസ്മസ് രാത്രികൾ



ഡിക്സൺ ജോർജ്ജ്

ഒറ്റക്ക് ക്രിസ്മസ് ആഘോഷിച്ചിട്ടുണ്ട്
പല ദേശക്കാരും ഭാഷക്കാരും
ആടിത്തിമിർക്കുമ്പോൾ
തണുപ്പിന്റെ മൂടലിൽ
മാറിനിന്ന് നക്ഷത്രവിളക്കുകളും
പുൽക്കൂടുകളും കാണുമ്പോൾ
നാടോർമ വരും

തനിയെ തിരിച്ചു വണ്ടിയോടിച്ചു പോകുമ്പോൾ
ആരൊക്കെയോ അടുത്തിരിക്കുന്നതായി തോന്നും
തനിക്കലം വേവിക്കുന്നവന്
പിറവിയുടെ ഓർമയിൽ കണ്ണുനിറയും

എല്ലാരും അടുത്തുണ്ടെങ്കിലും
ചിലപ്പോൾ ഒറ്റപ്പെട്ടുപോകും
അടുത്തിരിക്കുന്നവർ
അകലെയാണെന്നു തോന്നുമ്പോൾ
ഏതു നക്ഷത്രമാണ്
നമുക്കായി പിറക്കുക

നക്ഷത്രങ്ങൾ അകലെയാണെങ്കിലും
അടുത്തിരുന്നു കണ്ണുചിമ്മുന്നു

ഒരു ക്രിസ്മസ് ഇറാനിലെ
കിഷ് ദ്വീപിലായിരുന്നു
അവിടെ നക്ഷത്രങ്ങൾ
ആകാശത്ത് നിറഞ്ഞുനിന്നു
കടൽത്തീരത്ത് കിടന്ന
ചിപ്പികളിൽ അവ വീണുടഞ്ഞു
അകലെയിരുന്നൊരുവൾ
എന്നെ ഓർക്കുന്നുവോ?

ക്രിസ്മസ് രാത്രികൾ ഓർത്തെടുത്തിരിക്കവേ
ഒരു ബോട്ടിൽ കാരൾ ഗാനം,
ഫിലിപ്പിനോകളാകാം

മണൽപറത്തിയടിക്കുന്ന
ജബൽ ഹഫീസിന്റെ
അടിവാരത്ത് രാത്രികുർബാനക്ക്
അപരിചിതരോടൊപ്പം നിൽക്കുമ്പോൾ
ഒരുണ്ണി എന്നിൽ പിറന്നതറിഞ്ഞു
ഏകനായി അവൻ കരഞ്ഞു.

ആരും കൂട്ടിനില്ലാതിരിക്കവേ
പുൽനാമ്പിൽ വിരിഞ്ഞു നില്ക്കുന്ന
കുഞ്ഞുനക്ഷത്രപ്പൂക്കൾ
എന്നെ നോക്കി ചിരിക്കുന്നു



ലേഖനം

# പ്രത്യാശയുടെ പിറന്നാൾ

## ഫാ. ഇമ്മാനുവേൽ. വൈ



ക്രിസ്തുമസിനെപ്പറ്റി റിച്ചാർഡ് പോൾ ഇവൻസിന്റെ ഒരു വാക്യമുണ്ട് - "ക്രിസ്തുമസിലെ ഗന്ധം ശൈശവത്തിലെ ഗന്ധമാണ്." ബെത്ലഹേമിലെ പുൽക്കൂട്ടിൽ മാമരംകൊച്ചുന്ന തണുപ്പിൽ ക്രിസ്തുവിന്റെ നിഷ്കളങ്കമായ ചിരിയിൽ അറിയാതെ നമ്മുടെ കുട്ടിക്കാലംപോലും ഓർമ്മവരും. ഒരു കുഞ്ഞ് പിറന്നു വീഴുമ്പോൾ വീടും നാടും സന്തോഷിക്കുന്നതുപോലെ ക്രിസ്തുമസ് ഒരു ലോകജനതയുടെ പെരുന്നാളാണ്. ഹൃദയത്തിൽ ക്രിസ്തുമസ് ഇല്ലെങ്കിൽ ഏത് വൃക്ഷത്തിന്റെയും ചുവട്ടിൽ പുൽക്കൂട് തേടിപ്പോവേണ്ടതില്ലായെന്ന് ചിന്തകൻ ഓർമ്മപ്പെടുത്തുന്നുണ്ട്. ഹൃദയമാണ് യഥാർത്ഥ പുൽക്കൂടെന്ന് തിരിച്ചറിയുന്ന നിമിഷം മുതലാണ് ക്രിസ്തുമസിന്റെ ആഘോഷം ആരംഭിക്കുന്നത്.

പ്രത്യാശയുണർത്തുന്ന ചിതറിയ കൊച്ചു ചിന്തകൾ പങ്കുവയ്ക്കാം.

ഒന്ന്, ക്രിസ്തുമസിന്റെ മാജിക് നിശബ്ദതയാണ്. കേൾക്കാനാവില്ല; അനുഭവിക്കാനാകുന്ന ഒരു മാജിക്. ആവശ്യമില്ലാത്ത നാടകങ്ങൾ ഹെറോദേസിന്റെ കൊ



ട്ടാരത്തിൽ അരങ്ങേറുമ്പോൾ സ്വർഗ്ഗവും വാനവദൂതരും അത്രകണ്ട് പ്രശസ്തമല്ലാത്ത ഇടത്തുവന്ന് നിശബ്ദ സംഗീതം പാടുകയാണ്. ആഘോഷങ്ങളുടെയും ആരവങ്ങളുടെയും ആർഭാടങ്ങളുടെയും ഫണം താഴ്ത്തി നിശബ്ദതയുടെ ഇടങ്ങളിലേക്ക് നമുക്ക് ഒരു യാത്രപോവേണ്ടതുണ്ട്. ദൈവവഴികളിൽ നിന്നും വ്യതിചലിക്കുന്ന ഹെറോദേസുമാരുടെ മുന്നിൽ ദൈവം കൊടുത്ത ഉത്തരമാണ് പുൽക്കൂട്ടിൽ നിശബ്ദമായി ഉറങ്ങുന്ന ഉണ്ണി. നിശബ്ദതയെ സുഹൃത്തായി തെരഞ്ഞെടുക്കൂ അതൊരിക്കലും നിങ്ങളെ തള്ളിപ്പറയില്ലെന്ന് ഒരു ചിന്തകൻ പറഞ്ഞത് അതുകൊണ്ടായിരിക്കാം. നിശബ്ദമായ ഹൃദയത്തിൽ ദൈവം സംസാരിക്കും.

രണ്ട്, പ്രത്യാശയുടെ കണ്ണുകളിലൂടെ നോക്കുന്നവർക്ക് ക്രിസ്തുമസിന്റെ അർത്ഥം പെട്ടെന്ന് മനസ്സിലാകും. ഫ്രാൻസിസ് പാപ്പയുടെ ഒരു ചിന്തയുണ്ടല്ലോ 'Pilgrims of Hope' പ്രത്യാശയോടെ തീർത്ഥാടനം ചെയ്യുന്നവർക്ക് പുൽക്കൂട്ടിലെ ഉണ്ണിയേശുവിനെ ദർശിക്കുവാൻ സാധിക്കും. മനുഷ്യ ജീവിതം മുഴുവൻ പ്രത്യാശയിലേക്കുള്ള ഒരു തീർത്ഥാടനമാണ്. ആട്ടിടയന്മാർ പ്രത്യാശയോടെ വന്നപ്പോഴും, ജ്ഞാനികൾ പ്രതീക്ഷയോടെ അന്വേഷിച്ചപ്പോഴും അവരുടെ കണ്ണുകൾ ദർശിച്ചതും അതുതന്നെയായിരുന്നു. ജീവിതത്തിൽ തളർന്നുപോയവരുടെ പ്രത്യാശാരശ്മിയായിരുന്നു ക്രിസ്തു. നങ്കൂരം കേടായി കാറ്റിലും കോളിലുംപെട്ടുപോയ ഒരു പായ്മരം പെട്ടെന്ന് തീരം കണ്ടെത്തുംപോലെയും, ആഗ്രഹിച്ചതും കാത്തിരുന്നതുമായ എന്തോ ഒന്നു ഞൊടിയിടയിൽ കണ്ടുകിട്ടിയതുപോലെയുമാണ് ക്രിസ്തുമസ് അനുഭവം. പ്രത്യാശ കൈവിടാതെ ജീവിക്കുവാൻ ഈ ക്രിസ്തുമസ് സഹായിക്കും.

മൂന്ന്, ക്രിസ്തുമസ് - ആതുരസേവനത്തിന് തിരിതെളിക്കലാണ്. മറ്റുള്ളവർക്കുവേണ്ടി കുറച്ചുകാര്യങ്ങൾ അധിക സ്നേഹത്തോടെ ചെയ്തുകൊടുക്കലാണല്ലോ അത്. യഥാർത്ഥ ആതുര സേവനത്തിന്റെ അർത്ഥം എന്നത് അപരരോടു കാണിക്കുന്ന സ്നേഹവും കരുതലും തന്നെയാണല്ലോ! ആ സാധ്യതകൾ നഷ്ടപ്പെടുത്താതിരിക്കുവാൻ കഴിയട്ടെ. സാന്താക്ലോസ് നൽകുന്ന സന്ദേശവും അതാണ്. വർഷത്തിൽ ഒരിക്കലെങ്കിലും മനുഷ്യരെ സന്ദർശിച്ച് സ്നേഹം പങ്കുവയ്ക്കുവാൻ കഴിയുമ്പോൾ ആണ് ക്രിസ്തുമസിന് താളലയങ്ങൾ ഉണ്ടാകുന്നത്. നഷ്ടമായതിലേക്കുള്ള ഒരു തേടിപ്പോകലാണ് സേവനമനോഭാവം. കൂട്ടം തെറ്റിപ്പോയ ആടുകളെ തേടിയിറങ്ങുന്ന ഇടയമനോഭാവത്തിന്റെ മൂർത്തീഭാവമാണ് അത്. നഷ്ടമായതിനെ വീണ്ടെടുക്കാനാണല്ലോ ക്രിസ്തു ഈ ഭൂമിയിൽ ജാതനായത്. മനുഷ്യരെ ശുശ്രൂഷിക്കുന്ന മാനവികതയുടെ ഏറ്റവും വലിയ ഉദാഹരണമാണ് ക്രിസ്തു. ക്രിസ്തുസേവനം ഹൃദയത്തിൽ തളിർക്കാൻ ഈ കാലഘട്ടം സഹായിക്കട്ടെ.

ഉണ്ണിയെ ദർശിക്കാൻ നിശബ്ദതയുടെ ഇടമായ ബെത്ലഹേമിലേക്ക് പ്രത്യാശയോടെ തീർത്ഥാടനം ചെയ്ത് അപരർക്ക് ആശ്വാസം നൽകുന്നവരായ് തീരാം. . . ഈ ഭൂമിയിലെ പഥികരായ നമുക്ക് ഈശ്വര കടാക്ഷം യാചിച്ച് ഉണ്ണിയേശുവിന് മാലാഖമാരെപ്പോലെ ഗാനങ്ങൾ ആലപിക്കാം... ആട്ടിടയനെപ്പോലെ ആനന്ദിച്ച് ആഹ്ലാദിക്കാം.. . ജ്ഞാനികളെപ്പോലെ ജീവിതം കാഴ്ചയായ് സമർപ്പിക്കാം. . . ക്രിസ്തുമസ് എല്ലാവരെയും വീട്ടിലേക്കു ക്ഷണിക്കുന്ന ആഘോഷമാകട്ടെ!






ലേഖനം

# കാലത്തിന്റെ അടയാളങ്ങൾ പ്രത്യാശയുടെ തീർത്ഥാടനത്തിന്

റവ. ഡോ. എ ആർ ജോൺ

**തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം ഓരോ ജൂബിലി വർഷവും ഓരോ അവസരമായിട്ടാണ് കണ്ടിരുന്നത്. ജൂബിലി ആശുപത്രി, ജൂബിലി ആനിമേഷൻ സെൻറർ, ക്രിസ്തുജയന്തി ആനിമേഷൻ സെൻറർ എന്ന് തുടങ്ങുന്ന വലിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനായി ജൂബിലി വർഷങ്ങളെ അവസരമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ജൂബിലി 2025 ഏതെല്ലാം തരത്തിൽ ഒരവസരമാക്കാൻ നമുക്ക് കഴിയും? എന്തെല്ലാം തുടക്കങ്ങളിലായാലും അത് ആത്മീയ നവീകരണ ഇടവകയ്ക്കും ഓരോ കുടുംബത്തിൽ ഓരോ വ്യക്തിയ്ക്കും സാധ്യമാകണം.**



ഓരോ കാലഘട്ടവും തെളിച്ചുതരുന്ന അടയാളങ്ങൾ വായിച്ചെടുത്താണ് കാലാകാലമായി സഭാമാതാവ് തന്റെ നവീകരണം സാധ്യമാക്കിക്കൊണ്ടിരിക്കുന്നത്. മാറിക്കൊണ്ടിരിക്കുന്ന കാലവും ലോകവും സമ്മാനിക്കുന്ന പാഠങ്ങൾ ഉൾക്കൊള്ളുമ്പോഴും മാറാത്ത വിശ്വാസസത്യങ്ങളും ധർമ്മാധർമ്മങ്ങളും മൂല്യങ്ങളും കൈമോശം വരാതെ കൈമാറാനും ജാഗ്രതയോടെ ലോകത്തിൽ ധാർമ്മികതയുടെയും മാനവിക മഹത്വത്തിന്റെയും ശബ്ദമാകേണ്ടിയിരിക്കുന്നു.

ലോകത്തിനും സഭയ്ക്കും ഓരോ വ്യക്തികൾക്കും

സാധ്യമാകുവാൻ സഹായിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരണമാണ് ഈ കുറിപ്പ്.

## 1> ജൂബിലി

2025 സഭയുടെ സാധാരണ ജൂബിലി വർഷമാണ്. ബൈബിളിലും സഭാപാരമ്പര്യത്തിലും ജൂബിലിയ്ക്കു പ്രത്യേകമായ സ്ഥാനമുണ്ട്. വലിയ ഔദാര്യത്തിന്റെയും വിട്ടുകൊടുക്കലിന്റെയം മടക്കിനൽകലിന്റെയും തിരിച്ചുപോക്കിന്റെയും നന്മകൾ സമ്മാനിക്കുന്നതിന്റെയും ദൈവദായകമായ അവസരമാണ് ജൂബിലി. വലിയ സ്വാതന്ത്ര്യവും വിടുതലും ദരിദ്രരോട് അനുഭാവവും കാണിക്കുന്ന കാലം. യേശുവിന്റെ സിനഗോഗിലെ പ്രഖ്യാപനം ഇവിടെ ധ്യാനാത്മകമാക്കണം. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു." (ലൂക്കാ: 4:18-19). അതെ, സകലജനതകൾക്കുമുള്ള സദ്വാർത്തയുടെ അവസരമാകണം ജൂബിലി.

തിരുവനന്തപുരം അതിരൂപതയെ സംബന്ധിച്ചിടത്തോളം ഓരോ ജൂബിലി വർഷവും ഓരോ അവസരമായിട്ടാണ് കണ്ടിരുന്നത്. ആത്മീയ നവീകരണത്തിനായും, ശുശ്രൂഷകളും ശുശ്രൂഷ സംവിധാനങ്ങളും ആരംഭിക്കാനും ക്രമപ്പെടുത്താനുമായാണ്, ജൂബിലി സ്മരണകൾ നിലനിൽക്കുന്നത്. ജൂബിലി ആശുപത്രി, ജൂബിലി ആനിമേഷൻ സെന്റർ, ക്രിസ്തുജയന്തി ആനിമേഷൻ സെന്റർ എന്ന് തുടങ്ങുന്ന വലിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനായി ജൂബിലി വർഷങ്ങളെ അവസരമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ജൂബിലി 2025 ഏതെല്ലാം തരത്തിൽ ഒരവസരമാക്കാൻ നമുക്ക് കഴിയും? എന്തെല്ലാം തുടക്കങ്ങളിലായാലും അത് ആത്മീയ നവീകരണ ഇടവകയ്ക്കും ഓരോ കുടുംബത്തിൽ ഓരോ വ്യക്തിയ്ക്കും സാധ്യമാകണം. ശ്രദ്ധ ശബ്ദാരവങ്ങൾക്കാകാതെ ഗുണകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കണം.

## 2> വിശുദ്ധ കൊച്ചുത്രേസ്യ

തിരുവനന്തപുരം അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയാണ് വിശുദ്ധ കൊച്ചുത്രേസ്യ. കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ 100-ാം വാർഷികമാണിത്. നവീകരണ യാത്രയിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മീയതയാണ് നമുക്ക് വെളിച്ചം പകരുന്നത്. കുഞ്ഞുകാര്യങ്ങൾ അങ്ങനെ ചെറുതായാലും വലിയ സ്നേഹത്തോടെ നിർവ്വഹിച്ച് സ്വർഗ്ഗം സ്വന്തമാക്കുന്ന കുറുക്കുവഴിയാണ് വിശുദ്ധ നമ്മെ പഠിപ്പിക്കുന്നത്.

ബൈബിളിൽ സ്വർഗ്ഗസ്ഥനായ പിതാവ് ആയിരിക്കുന്നതുപോലെ നിങ്ങളും ആകണമെന്ന് പഠിപ്പിക്കുന്ന മൂന്ന് വചന ഭാഗങ്ങളുണ്ട്. (1) നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ (ലേവ്യ:19:1-2, പത്രോസ്:1:15-17); അവൻ അങ്ങനെയായിരുന്നു. (2) നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണനായിരിക്കുവിൻ (മത്താ:5:48); വിശുദ്ധ കൊച്ചുത്രേസ്യ പുണ്യങ്ങളുടെ പരിപൂർണ്ണതയിൽ വളർന്നു. (3) നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ:6:36); വിശുദ്ധ കൊച്ചുത്രേസ്യ കരുണയുടെ നിറവും ഉറവയുമായിരുന്നു.

ദിവ്യബലി, ഓരോ ക്രൈസ്തവരെയും സംബന്ധിച്ചിടത്തോളം പ്രാർത്ഥനകളുടെ പ്രാർത്ഥനയാണ്. അതിനേക്കാൾ വലിയൊരു പ്രാർത്ഥനയില്ലതന്നെ. എങ്കിലും ബലിയേക്കാൾ ദൈവം ആഗ്രഹിക്കുന്ന മൂന്ന് കാര്യങ്ങൾ ബൈബിൾ വചനത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഒന്ന്, ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത് (ഹോസിയ:6:6), രണ്ട്, അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ് (1 സമു:15:22). മൂന്ന്, ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് (മത്താ:9:13). സ്നേഹവും ദൈവിക കല്പനകളുടെ അനുസരണയും കരുണയും കൊണ്ട് ദൈവം ആഗ്രഹിച്ചത് ഉലകിൽ നിറവേറ്റിയവളാണ് വിശുദ്ധ കൊച്ചുത്രേസ്യ. ഈ ആത്മീയതയാണ് നവീകരണപാതയിൽ നമ്മുടെ അടിസ്ഥാനമാകേണ്ടത്.

## 3> പ്രത്യാശ

അശാന്തിയുടെയും നിരാശയുടെയും കാലത്താണ് നമ്മുടെ വാസം. യുദ്ധവും കോവിഡാനന്തര പ്രത്യാഘാതങ്ങളും സാമ്പത്തിക അസമത്വവും കലാവസ്ഥാവ്യതിയാനവും സാങ്കേതികവിദ്യയുടെ കടന്നാക്രമണവും സത്യാനന്തരകാലഘട്ടത്തിന്റെ രീതിശാസ്ത്രവും നമ്മെ അശാന്തിയിലേക്കും ഭീതിയിലേയ്ക്കും പ്രത്യാശിക്കാൻ ഒന്നുമില്ല എന്ന നിസഹായതയുടെ മാനസികാവസ്ഥയിലേക്കും എത്തിച്ചിട്ടുണ്ട്.

ഈ അശാന്തിയുടെ താഴ്വരയിൽ മനംമടുത്ത ഒരു ജനതയെ പ്രത്യാശയിലേക്ക് ഒരു തീർത്ഥാടനം നടത്താനുള്ള ഫ്രാൻസിസ് പാപ്പയുടെ ക്ഷണമാണ്, പാപ്പയുടെ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന 2025 ലെ ജൂബിലിയുടെ സ്ഥാപനതിരുവെഴുത്ത്. ഈ യാത്രയിൽ നാം തിരിച്ചറിയുന്ന ഒരു സത്യമുണ്ട്; ക്രിസ്തുവാണ് എല്ലാ പ്രത്യാശയുടെയും അർത്ഥവും ആനന്ദവും.

## 4> തിരുഹൃദയം

ഒക്ടോബർ 24, 2024 തന്റെ പരമാചാര്യത്വത്തിന്റെ 12-ാം വർഷം ഫ്രാൻസിസ് പാപ്പ നമുക്ക് നൽകുന്ന തന്റെ 4-ാമത്തെ ചാക്രികലേഖനമാണ് 'അവിടുന്ന് നമ്മെ സ്നേഹിച്ചു' (Dilexit nos). യേശുവിന്റെ തിരുഹൃദയദർശനം വിശുദ്ധ മാർഗ്രറ്റിന് നൽകിയതിന്റെ 350-ാം വർഷം അനുസ്മരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ ലേഖനം. സ്നേഹമാണ് ഇതിന്റെ ഇതിവൃത്തം. കളങ്കരഹിതമായ സ്നേഹം, കറകളഞ്ഞ സ്നേഹം, ഉപാധികളും പരിമിതികളുമില്ലാത്ത സ്നേഹം. ക്രിസ്തു സ്നേഹമാണെന്നും ആ ഹൃദയം സ്നേഹമാണ് പ്രത്യാശ നഷ്ടപ്പെട്ട ലോകത്തിനുള്ള ഉത്തരമാണ് എന്നും പാപ്പ നമ്മെ പഠിപ്പിക്കുന്നു.

>>>>> പേജ് 36


Explore Your Holiday's With Us...
Our Services
TRAVEL VISA PROCESS
AIRLINE TICKET BOOKING
3 ☆ / 5 ☆ ACCOMODATION
BACK WATER SERVICE
HOUSE BOAT SERVICE
PILGRIM VISIT ARRANGEMENTS
100% QUALITY FOOD SERVICE
CARAVAN STAYS
ELEPHANT SAVARI
AYURVEDIC TREATMENT PACKAGE
AIRPORT PICK UP AND DROP
LOCAL MOPED RIDES
YOGA
VISIT SPICE VILLAGES
KERALA CULTURAL PROGRAMS
SIGHTSEEING
JEEP TRUCKING
God's Own Kerala
Discover the Magic of South India
+91 9995113601 (IND) | +44 7404986956 (UK)
Explore Your Holidays With Us...
TC 56/436, BNA SHOPPING COMPLEX
GROUND FLOOR, KARAKKAMANDAPAM
OPP. POPULAR HYUNDAI, NEMOM P.O.
TRIVANDRUM, PIN - 695020, KERALA, INDIA
11, THE OLD CHURCH, MENNAYE ROAD
PENZANCE, CORNWALL, TR18 4NT
UNITED KINGDOM.
Gods.ownkerala
info@godsownkerala.com
www.godsownkerala.com
9995114356, 7994292369, 7994286956



# കാനോൻ നിയമം
# തിരുപ്പട്ടം സ്വീകരിക്കാനുള്ള തടസ്സങ്ങൾ



ഫാ. ജോസ് ജി. [അതിരൂപത ചാൻസിലർ]

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1040 1049 തിരുപ്പട്ടം സ്വീകരിക്കാനുള്ള തടസ്സങ്ങൾ ഏവയെന്ന് വിവരിക്കുന്നു. പ്രധാനമായും രണ്ടുതരം തടസ്സങ്ങളാണുള്ളത്: (1) കേവല തടസ്സങ്ങൾ Simple Impediments); (2) ശാശ്വത തടസ്സങ്ങൾ (Perpetual Impediments)). ശാശ്വത തടസ്സങ്ങളെ സഭാനിയമം, ക്രമക്കേടുകൾ (Irregularities) എന്നും വിളിക്കുന്നു.

**1) കേവല തടസ്സങ്ങൾ (Simple Impediments):**

കേവല തടസ്സങ്ങൾ താത്ക്കാലികമാണ്; എപ്പോൾ വേണമെങ്കിലും ഇത്തരം തടസ്സങ്ങൾ ഒഴിവാകാവുന്നതാണ്. CIC 1042 പ്രകാരം, കേവല തടസ്സങ്ങൾ താഴെപ്പറയുന്നവയാണ്:

i. പുരോഹിതനാകാനുള്ള ലക്ഷ്യത്തോടെ ഡീക്കൻപട്ടം സ്വീകരിക്കേണ്ട അർത്ഥി വിവാഹാവസ്ഥയിലായിരിക്കുക (CIC 1042, 1).

ii. CIC 285-286 പ്രകാരം ക്ലേർജിമാർക്ക് വിലക്കപ്പെട്ടിരിക്കുന്ന, കണക്കേല്പിക്കേണ്ട ഉദ്യോഗമോ ഭരണസ്ഥാനമോ വഹിക്കുന്ന അവസ്ഥയിലായിരിക്കുക (CIC 1042, 2).

iii. സഭാധികാരിയുടെ തീരുമാനത്തിൽ വേണ്ടവിധം തീർച്ചപ്പെടുത്താത്തപക്ഷം, പുതുതായി വിശ്വാസം സ്വീകരിച്ച വ്യക്തി (Neophyte) (CIC 1042, 3).

മുകളിൽ പറഞ്ഞിരിക്കുന്ന കേവല തടസ്സങ്ങൾക്കുപുറമേ, CIC 1044, 2 പ്രകാരം, താഴെപ്പറയുന്നവർ തിരുപ്പട്ടങ്ങൾ നിർവഹിക്കാൻ തടസ്സമുള്ളവരാണ്:

i. തിരുപ്പട്ടങ്ങളുടെ സ്വീകരണത്തിന് കേവല തടസ്സമുള്ളപ്പോൾ നിയമവിരുദ്ധമായി തിരുപ്പട്ടങ്ങൾ സ്വീകരിച്ച വ്യക്തി.

ii. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിഭ്രമമോ മറ്റ് മാനസികരോഗമോ ബാധിച്ച വ്യക്തി, വിദഗ്ദരുമായി ആലോചിച്ചശേഷം സഭാധികാരി അയാളെ ആ തിരുപ്പട്ടത്തിന്റെ നിർവ്വഹണത്തിന് അനുവദിക്കുന്നതുവരെ.

**2) ശാശ്വത തടസ്സങ്ങൾ അഥവാ ക്രമക്കേടുകൾ (Irregularities)**

സ്ഥായിയായ തടസ്സങ്ങളെയാണ് ശാശ്വത തടസ്സങ്ങൾ അഥവാ ക്രമക്കേടുകൾ എന്നു വിശേഷിപ്പിക്കുന്നത്. CIC 1041 പ്രകാരം, തിരുപ്പട്ടം സ്വീകരിക്കാനുള്ള ക്രമക്കേടുകൾ താഴെപ്പറയുന്നവയാണ്:

i. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിഭ്രമമോ മറ്റ് മാനസികരോഗമോ കാരണം ശുശ്രൂഷ ശരിയായി നിർവ്വഹിക്കാനുള്ള പ്രാപ്തിയില്ലായെന്ന് വിദഗ്ദരാൽ വിലയിരുത്തപ്പെട്ട വ്യക്തി.

ii. വിശ്വാസത്യാഗം, പാഷണ്ഡത, ശീശ്മ എന്നീ കുറ്റങ്ങളേതെങ്കിലും ചെയ്ത വ്യക്തി.

iii. നിലവിലുള്ള വിവാഹബന്ധത്താലോ തിരുപ്പട്ടത്താലോ പരസ്യ ബ്രഹ്മചര്യ വ്രതത്താലോ വിവാഹം ചെയ്യാൻ തടസ്സപ്പെട്ടിരിക്കുമ്പോൾ സാധുവായോ സിവിൽപരമായോ വിവാഹം നടത്തുകയോ അതുമല്ലെങ്കിൽ വിവാഹബന്ധത്തിലോ പരസ്യബ്രഹ്മചര്യ വ്രതത്തിലോ നിലനില്ക്കുകയോ ചെയ്യുന്ന സ്ത്രീയുമായോ വിവാഹബന്ധം സ്ഥാപിക്കുകയോ ചെയ്ത വ്യക്തി.

iv. മനഃപൂർവ്വം നരഹത്യ നടത്തിയിട്ടുള്ളതോ ഗർഭഛിദ്രം ഫലപ്രദമായി നടത്തിയിട്ടുള്ളതോ അതിൽ യഥാർത്ഥത്തിൽ സഹകരിച്ചിട്ടുള്ളതോ ആയ വ്യക്തി.

v. തന്നെത്തന്നെയോ മറ്റൊരാളെയോ ഗുരുതരമായും ദുരുദ്ദേശ്യപരമായും അംഗഭംഗപ്പെടുത്തിയിട്ടുള്ളതോ ആത്മഹത്യയ്ക്ക് ശ്രമിച്ചിട്ടുള്ളതോ ആയ വ്യക്തി.

vi. മെത്രാൻപട്ടമോ പൗരോഹിത്യപട്ടമോ ഉള്ളവർക്കായി സംവരണം ചെയ്തിരിക്കുന്ന ഒരുകർമ്മം, തനിക്ക് പ്രസ്തുത പട്ടം ഇല്ലാതിരുന്നപ്പോഴോ പ്രഖ്യാപിതമോ ചുമതലപ്പെട്ടതോ ആയ കാനോനിക ശിക്ഷയിൽ ആയിരുന്നപ്പോഴോ ചെയ്തിട്ടുള്ള വ്യക്തി.

മുകളിൽ പറഞ്ഞിരിക്കുന്ന ക്രമക്കേടുകൾക്കുപുറമെ, CIC 1044,1 പ്രകാരം, താഴെപ്പറയുന്നവർ സ്വീകരിച്ച തിരുപ്പട്ടങ്ങൾ നിർവ്വഹിക്കാൻ ക്രമക്കേടുള്ളവരാണ്:

1. തിരുപ്പട്ടങ്ങളുടെ സ്വീകരണത്തിനു ക്രമക്കേടുള്ളപ്പോൾ നിയമവിരുദ്ധമായി തിരുപ്പട്ടങ്ങൾ സ്വീകരിച്ച വ്യക്തി.

2. പരസ്യമായി വിശ്വാസത്യാഗം, പാഷണ്ഡത, ശീശ്മ എന്നീ കുറ്റങ്ങളിലേതെങ്കിലും ചെയ്ത വ്യക്തി.

3. ശാശ്വത തടസ്സങ്ങളുടെ പട്ടികയിലുള്ള 3 മുതൽ 6 വരെയുള്ള ക്രമക്കേടുകളിൽ ഏതെങ്കിലും ചെയ്ത വ്യക്തി.

CIC 1043 പ്രകാരം, തിരുപ്പട്ടം സ്വീകരിക്കാനുള്ള അർത്ഥിക്ക് കേവല തടസ്സങ്ങളോ ക്രമക്കേടുകളോ ഉള്ളതായി അറിയാവുന്ന ക്രൈസ്തവ വിശ്വാസികൾ അക്കാര്യം സഭാധികാരിയെയോ ഇടവക വികാരിയെയോ അറിയിക്കേണ്ടതാകുന്നു. ●

ലേഖനം




# DILEXIT NOS (അവിടുന്ന് നമ്മെ സ്നേഹിച്ചു)

ഫാ. വർഗ്ഗീസ് ജോസഫ്





ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയെ ആധാരമാക്കിയെഴുതിയ ഫ്രാൻസിസ് പാപ്പയുടെ പുതിയ ചാക്രികലേഖനം 'ദിലെക്സിത്ത് നോസ്' (അവിടുന്ന് നമ്മെ സ്നേഹിച്ചു) 2024 ഒക്ടോബർ 24 വ്യാഴാഴ്ച പ്രസിദ്ധീകരിച്ചു. ലോകം വിവിധ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ മനുഷ്യന്റെ കാഴ്ചപ്പാടുകളിൽ വരുത്തേണ്ട മാറ്റങ്ങളിലേക്കാണ് ഈ ചാക്രികലേഖനത്തിലൂടെ പാപ്പാ ഏവരുടെയും ശ്രദ്ധ ക്ഷണിക്കുന്നത്. 'ഹൃദയം നഷ്ടപ്പെട്ടു എന്നു തോന്നുന്ന' വിധമുള്ള ഒരു അവസ്ഥയിലാണ് ഇന്നത്തെ ലോകം. മനുഷ്യപ്രകൃതത്തിനുതന്നെ ഭീഷണിയായിത്തീർന്ന ചില സാങ്കേതികവിദ്യകൾ, യുദ്ധങ്ങൾ, സാമൂഹികവും സാമ്പത്തികവുമായ അസന്തുലിതാവസ്ഥകൾ, വ്യാപ

കമായ ഉപഭോഗസംസ്കാരം എന്നിവയാൽ ലോകം അത്യന്തം വ്രണിതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ, ഏറ്റവും അത്യാവശ്യയത് യേശുവിന്റെ തിരു ഹൃദയം ആണെന്നും അത് വീണ്ടും കണ്ടെത്തണമെന്നുമാണ് ഈ രേഖയിലൂടെ പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നത്.

## 1. ഹൃദയത്തിന്റെ പ്രാധാന്യം

അവിടുന്ന് നമ്മെ സ്നേഹിച്ചു (cf റോമാ 8:37). ആ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ യാതൊന്നിനും കഴിയില്ലെന്ന് വിശുദ്ധ പൗലോസ് ഉറപ്പിച്ചു പറയുന്നു. ഉപരിപ്ലവവും വിച്ഛേദിക്കലും നിറഞ്ഞ ഒരു ലോകത്ത് നിർണായകമായ, യേശുവിന്റെ സ്നേഹത്തിന്റെ പ്രതീകമായാണ് ഹൃദയത്തെ കാണുന്നത്. ഹൃദയം, ഒരു വ്യക്തിയുടെ അസ്തിത്വത്തിന്റെ കാതൽ എന്ന നിലയിൽ, അവരുടെ ഉദ്ദേശ്യങ്ങൾ, ആഗ്രഹങ്ങൾ, ആധികാരികത എന്നിവ ഉൾക്കൊള്ളുന്നു. സ്വയം മനസ്സിലാക്കുന്നതിനും അർത്ഥവത്തായ ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനും ദൈവത്തെ കണ്ടുമുട്ടുന്നതിനും അത് അത്യന്താപേക്ഷിതമാണ്. ഹൃദയത്തെ അവഗണിക്കുന്നത് ഛിന്നഭിന്നതയിലേക്കും മറ്റുള്ളവരോടും ദൈവികതയോടും തുറന്ന മനസ്സില്ലായ്മയിലേക്കും നയിക്കുന്നു. ആത്യന്തികമായി, സ്നേഹം വസിക്കുന്ന ഇടമാണ് ഹൃദയം. ഒരു വ്യക്തിയെ അവരുടെ യഥാർത്ഥ വ്യക്തിത്വത്തിലേക്ക് രൂപപ്പെടുത്തുകയും ജീവിതത്തിന്റെ ലക്ഷ്യം നിറവേറ്റുകയും ചെയ്യുന്നു.

സമൂഹത്തിന്റെ ഐക്യവും അനുരഞ്ജനവും കെട്ടിപ്പടുക്കുന്നതിലും സമാധാനം പ്രോത്സാഹിപ്പിക്കുന്നതിലും സാമൂഹിക നീതിക്കായി പ്രവർത്തിക്കുന്നതിലും ഹൃദയത്തിന്റെ പങ്ക് വലുതാണ്. ലോകത്തിലെ അസന്തുലിതാവസ്ഥകൾ മനുഷ്യഹൃദയത്തിൽ വേരൂന്നിയ അസന്തുലിതാവസ്ഥയുടെ ഫലമാണെന്ന് ഇത് സൂചിപ്പിക്കുന്നു, സമൂഹത്തിന്റെ പുരോഗതിക്കായി ഹൃദയം മാറ്റണമെന്ന് ആവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ ഹൃദയം ആനന്ദത്തിന്റെയും തുറന്ന മനസ്സിന്റെയും സമ്മാനത്തിന്റെയും കണ്ടുമുട്ടലിന്റെയും ഇടമായി വിവരിക്കപ്പെടുന്നു, അതിൽനിന്ന് നമുക്ക് മറ്റുള്ളവരുമായി ബന്ധപ്പെടാനും ഭൂമിയിൽ സ്നേഹത്തിന്റെയും നീതിയുടെയും ദൈവത്തിന്റെ രാജ്യം കെട്ടിപ്പടുക്കാൻ പഠിക്കാം.

ആത്യന്തികമായി, എല്ലാ യാഥാർത്ഥ്യങ്ങളുടെയും ഏകീകൃത തത്വമായി ചിത്രീകരിക്കപ്പെടുന്ന ക്രിസ്തുവിന്റെ ഹൃദയത്തിലേക്ക് തിരിയേണ്ടതിന്റെ പ്രാധാന്യം അത്യാവശ്യമാണ്. തിരുഹൃദയം ചരിത്രത്തിന്റെ കേന്ദ്രമായും ദൈവികവും മാനുഷികവുമായ സ്നേഹത്തിന്റെ ഉറവിടമായും കാണപ്പെടുന്നു, ഇത് ദൈവത്തിലേക്കുള്ള ഒരു പൊതു ആഗമനത്തിലേക്ക് മനുഷ്യരാശിയെ നയിക്കുന്നു. യുദ്ധം, സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾ, സാങ്കേതിക ഭീഷണികൾ എന്നിവയുടെ വെല്ലുവിളികൾക്കിടയിൽ ദുരിതമനുഭവിക്കുന്ന ലോകത്തോട് കരുണ കാണിക്കാനും അതിന്റെ ഹൃദയം വീണ്ടെടുക്കാനും സന്ദേശം ആഹ്വാനം ചെയ്യുന്നു. മനുഷ്യരാശിക്ക്



ഏറ്റവും പ്രധാനപ്പെട്ടതും ആവശ്യമുള്ളതും വീണ്ടെടുക്കുന്നതിനുള്ള താക്കോൽ ക്രിസ്തുവിന്റെ ഹൃദയത്തിൽ ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

## 2. സ്നേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും

ക്രിസ്തുവിന്റെ ഹൃദയം നമ്മോടുള്ള അവന്റെ ആഴമേറിയതും വ്യക്തിപരവുമായ സ്നേഹത്തെ പ്രതീകപ്പെടുത്തുന്നു, അത് സുവിശേഷത്തിന്റെ കാതലാണ്. രോഗശാന്തിയും മറ്റുള്ളവരിലേക്ക് എത്തിച്ചേരലും പോലെയുള്ള അവന്റെ പ്രവർത്തനങ്ങൾ ഈ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നു. യേശുവിന്റെ നോട്ടം ശ്രദ്ധയും അനുകമ്പയും നിറഞ്ഞതാണ്, അവന്റെ വാക്കുകൾ ശക്തിയും സമാധാനവും പ്രദാനം ചെയ്യുന്നു. സ്നേഹവും ദുഃഖവും വേദനയും ഉൾപ്പെടെയുള്ള അവന്റെ വികാരങ്ങൾ അവന്റെ മനുഷ്യത്വത്തിന്റെ ആഴം കാണിക്കുന്നു. ക്രിസ്തു അവനെ സ്നേഹിച്ചു എന്ന വിശുദ്ധ പൗലോസിന്റെ ബോധ്യത്തിൽ കാണുന്നതുപോലെ, അവന്റെ സ്നേഹത്തിന്റെ പരമമായ പ്രകടനമാണ് കുരിശ്. യേശുവിന്റെ തിരുഹൃദയത്തെക്കുറിച്ചുള്ള സഭയുടെ പ്രതിഫലനം ഈ അഗാധമായ രഹസ്യത്തെ കൂടുതൽ പ്രകാശിപ്പിക്കുന്നു.

## 3. ഇത്രയധികം സ്നേഹിച്ച ഹൃദയമാണിത്

ക്രിസ്തുവിന്റെ തിരുഹൃദയം ക്രിസ്തുവിന്റെ സ്നേഹത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഒരു പ്രത്യേക ചിത്രമാണ്, പക്ഷേ അത് ധ്യാനത്തിലൂടെയും ആത്മീയ വളർച്ചയിലൂടെയും നിരന്തരം സമ്പന്നമാക്കണം. ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി അത്യന്താപേക്ഷിതമാണ്, കാരണം അത് അവന്റെ ദൈവികവും മാനുഷികവുമായ സ്നേഹത്തോടുള്ള വിശ്വാസവും ആരാധനയും പ്രകടിപ്പിക്കുകയും സുവിശേഷത്തിന്റെ സമന്വയമായി വർത്തിക്കുകയും ചെയ്യുന്നു. ഇന്നത്തെ സമൂഹത്തിലും സഭയ്ക്കുള്ളിലും നിലനിൽക്കുന്ന മതേതരത്വത്തെയും ദ്വൈതത്വത്തെയും ചെറുക്കാനും ക്രിസ്തുവിന്റെ സ്നേഹവുമായി ബന്ധപ്പെടാനും ദിവ്യകാരുണ്യ കൂട്ടാ

യ്യ പോലുള്ള ആചാരങ്ങൾ നമ്മെ സഹായിക്കും. ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ പ്രതിനിധീകരിക്കുന്ന സ്നേഹത്തെക്കുറിച്ചുള്ള പുതുക്കിയ പ്രതിഫലനം, ദൈവത്തിന്റെ നിരുപാധികമായ സ്നേഹത്തിൽ ആശ്രയിക്കുന്നതിനും സുവിശേഷത്തോടുള്ള നമ്മുടെ വിശ്വാസവും പ്രതിബദ്ധതയും ആഴപ്പെടുത്തുന്നതിനും നമ്മെ നയിക്കും. യേശുവിന്റെ ഹൃദയത്തോടുള്ള ഭക്തി, അവനുമായി ഐക്യപ്പെടാനുള്ള ഒരു മാർഗമെന്ന നിലയിൽ, സ്വഭാവത്തിൽ ക്രിസ്തുശാസ്ത്രപരമാണ്. എല്ലാറ്റിന്റെയും ഉറവിടമായ പിതാവിനെ മഹത്വപ്പെടുത്തുന്നതിനാണ് സഭയുടെ പ്രബോധനം ഊന്നൽ നൽകുന്നത്. യേശു അവന്റെ എല്ലാ സ്നേഹവും വാത്സല്യവും പിതാവിലേക്ക് തിരിച്ചു. ക്രിസ്തുവിന്റെ ഹൃദയത്തിലൂടെ നമ്മെ പിതാവിലേക്ക് അടുപ്പിക്കുന്നതിൽ പരിശുദ്ധാത്മാവ് ഒരു പങ്കു വഹിക്കുന്നു. ക്രിസ്തുവിന്റെ ഹൃദയം അവന്റെ സ്നേഹത്തെയും കരുണയെയും പ്രതീകപ്പെടുത്തുന്നു, അവനുമായി ഐക്യപ്പെടാൻ നമ്മെ ക്ഷണിക്കുന്നു. ഇന്നത്തെ മതേതര ലോകത്തിൽ, ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി, ആത്മീയ ദ്വൈതതകളെ ചെറുക്കാനും ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിലേക്ക് നമ്മെ തിരികെ കൊണ്ടുവരാനും സഹായിക്കും. ഈ ഭക്തി സുവിശേഷത്തിന്റെ ഒരു സമന്വയം പ്രദാനം ചെയ്യുകയും നമ്മുടെ വിശ്വാസത്തിന്റെ ആഴത്തിലുള്ള ആവശ്യങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഹൃദയത്തിലൂടെ നമുക്ക് ദൈവത്തിന്റെ അനന്തമായ കരുണയിൽ ആശ്രയിക്കാനും അവന്റെ സ്നേഹത്തിൽ ആശ്വാസം കണ്ടെത്താനും കഴിയും. വ്യക്തിപരമായ ആത്മീയാനുഭവവും സാമുദായിക മിഷനറി പ്രതിബദ്ധതയുമാണ് ആധുനിക ലോകത്തിൽ വിശുദ്ധ ഹൃദയത്തോടുള്ള ഭക്തിയുടെ അനിവാര്യമായ വശങ്ങൾ.

## 4. പാനീയമായി സ്വയം നൽകുന്ന സ്നേഹം

ജീവന്റെയും രക്ഷയുടെയും ഉറവിടമായ ജലത്തിന്റെ പ്രതീകങ്ങളിലൂടെ തന്റെ ജനത്തോടുള്ള ദൈവത്തിന്റെ സ്നേഹം തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു. ജീവജലത്തിന്റെ ഉറവയായി ക്രിസ്തുവിന്റെ വിലാപ്പുറത്ത് കുത്തിയതിന്റെ ചിത്രം പ്രവചനങ്ങൾ നിറവേറ്റി. ക്രിസ്തീയ വിശ്വാസത്തിന്റെ ചരിത്രത്തിൽ വിശുദ്ധ ഹൃദയത്തോടുള്ള ഭക്തി ഉയർന്നുവന്നു, വിവിധ ആത്മീയ വ്യക്തികൾ ക്രിസ്തുവിന്റെ ഹൃദയത്തെ അവന്റെ സ്നേഹത്തിന്റെയും കൃപയുടെയും പ്രതീകമായി ഊന്നിപ്പറയുന്നു. വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്ക് വിശുദ്ധ ഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു, ക്രിസ്തുവിന്റെ സ്നേഹത്തിൽ വിശ്വസിക്കാനും അവനുമായുള്ള ആഴത്തിലുള്ള കണ്ടുമുട്ടലിനായി അവന്റെ ഹൃദയത്തോട് സ്വയം ഒന്നിക്കാനും വിശ്വാസികളെ ക്ഷണിച്ചു. ക്രിസ്തുവിന്റെ ഹൃദയത്തിൽ വിശ്രമിക്കാനും അവന്റെ ഇഷ്ടത്തിനായി സ്വയം ഉപേക്ഷിക്കാനുമുള്ള ആഹ്വാനം ഈ ആത്മീയ പാരമ്പര്യത്തിലെ ഒരു കേന്ദ്ര വിഷയമാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ ഫ്രാൻസിൽ, ലിസിയൂസിലെ വിശുദ്ധ കൊച്ചുത്രേസ്യ അവളുടെ ആത്മീയതയുടെ കേന്ദ്രഭാഗമായ തിരുഹൃദയത്തോട് സവിശേഷമായ ഒരു ഭക്തി പ്രകടിപ്പിച്ചു. യേശുവുമായുള്ള വ്യക്തിപരവുമായ ബന്ധത്തിന് അവൾ ഊന്നൽ നൽകി, അവന്റെ ഹൃദയം തന്റേതായി കാണുകയും അവനോട് ഹൃദയപൂർവ്വം സംസാരിക്കുകയും ചെയ്തു. ത്യാഗങ്ങളിലും നഷ്ടപരിഹാര പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം യേശുവുമായുള്ള അഗാധമായ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും അഗാധമായ ബോധമാണ് ഈ ഭക്തി അടയാളപ്പെടുത്തിയത്. വിശുദ്ധ കൊച്ചുത്രേസ്യ യേശുവിന്റെ കരുണയും സ്നേഹവും അതുല്യമായ രീതിയിൽ മനസ്സിലാക്കി, അവന്റെ ഹൃദയത്തിൽ ആശ്വാസവും ആത്മവിശ്വാസവും കണ്ടെത്തി.

**ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യ അവളുടെ ആത്മീയതയുടെ കേന്ദ്രഭാഗമായ തിരുഹൃദയത്തോട് സവിശേഷമായ ഒരു ഭക്തി പ്രകടിപ്പിച്ചു. യേശുവുമായുള്ള വ്യക്തിപരവും ഉറ്റവുമായ ബന്ധത്തിന് അവൾ ഊന്നൽ നൽകി, അവൻ്റെ ഹൃദയം തൻ്റേതായി കാണുകയും അവനോട് ഹൃദയത്തോട് സംസാരിക്കുകയും ചെയ്തു. അവൻ്റെ ഹൃദയത്തിൽ ആശ്വാസവും ആത്മവിശ്വാസവും കണ്ടെത്തി.**

ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള വിശുദ്ധ കൊച്ചുത്രേസ്യയുടെ ഭക്തി ലോകത്തിന്റെ ആത്മീയതയുമായി പ്രതിധ്വനിച്ചു, അത് കർത്താവിനെ കൂടുതൽ പൂർണ്ണമായി സ്നേഹിക്കാനും പിന്തുടരാനുമുള്ള ആന്തരിക അറിവിന് എല്ലായ്പ്പോഴും ഊന്നൽ നൽകിയിട്ടുണ്ട്. ക്രിസ്തുവിന്റെ ഹൃദയവുമായുള്ള ധ്യാനത്തിന്റെയും സംഭാഷണത്തിന്റെയും ഈശോ സഭയുടെ പാരമ്പര്യം സെൻറ് തെരേസിന്റെ സ്വന്തം അനുഭവങ്ങളിലും രചനകളിലും പ്രതിധ്വനി കണ്ടെത്തി. ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി യേശുവുമായുള്ള ഒരു വ്യക്തിയുടെ ബന്ധം ആഴത്തിലാക്കാനും അവന്റെ കഷ്ടപ്പാടുകളിലേക്കും സാന്ത്വനങ്ങളിലേക്കും പ്രവേശിക്കാനുമുള്ള ഒരു മാർഗമായി കാണപ്പെട്ടു.

ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തിക്ക് കത്തോലിക്കാ സഭയ്ക്കുള്ളിൽ ഒരു നീണ്ട ചരിത്രമുണ്ട്, അനേകം വിശുദ്ധന്മാർ വിശുദ്ധ ഹൃദയത്തോട് അഗാധമായ സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്നു. ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി ഭൂതകാലത്തിന്റെ ഒരു തിരുശേഷിപ്പ് മാത്രമല്ല, ഇന്നും വിശ്വാസികളെ പ്രചോദിപ്പിക്കുന്ന സജീവവും പ്രസക്തവുമായ ആത്മീയ പരിശീലനമാണ്. അവന്റെ ആശ്വാസത്തിനായി നമ്മുടെ

കഷ്ടപ്പാടുകളും പോരാട്ടങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ ഹൃദയത്തെ ആശ്വസിപ്പിക്കാനുള്ള ആഗ്രഹം അവനോട് കൂടുതൽ അടുക്കാനും അവന്റെ അഭിനിവേശത്തിൽ പങ്കുചേരാനുമുള്ള ഒരു മാർഗമാണ്. ഈ സമർപ്പണത്തിന് ആഴത്തിലുള്ള സഹാനുഭൂതി, ഹൃദയത്തിന്റെ ശുദ്ധീകരണം, ദൈവത്തോടുള്ള കൂടുതൽ സ്നേഹവും നന്ദിയും അനുവദിക്കുന്നു.

ആത്യന്തികമായി, ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള ഭക്തി കേവലം ഒരു വ്യക്തിഗത അനുഭവം മാത്രമല്ല, സാമുദായികവും ദൗത്യവുമായ ഒരു മാനം കൂടിയാണ്. ക്രിസ്തുവിന്റെ ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിലൂടെ, മറ്റുള്ളവരെ ആശ്വസിപ്പിക്കാനും ക്രിസ്തുവിന്റെ സ്നേഹത്തിലും ദൗത്യത്തിലും പങ്കുചേരാനും വിശ്വാസികൾ വിളിക്കപ്പെടുന്നു. ഈ സമർപ്പണം ആത്മീയ വളർച്ചയുടെയും ഐക്യത്തിന്റെയും സേവനത്തിന്റെയും ഉറവിടമാണ്, ഇത് യേശുവിന്റെ അനുകമ്പയുള്ള ഹൃദയത്തെ പ്രതിഫലിപ്പിക്കുകയും ദൈവത്തിന് മഹത്വം കൈവരുത്തുകയും ചെയ്യുന്നു.

## 5. സ്നേഹത്തിനുവേണ്ടി സ്നേഹം

വിശുദ്ധ മാർഗരറ്റ് മേരി അലക്കോക്കിന്റെ ആത്മീയാനുഭവങ്ങൾ യേശുക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹത്തിനും ബലഹീനതകൾക്കിടയിലും നമ്മുടെ ജീവിതം കർത്താവിൽ ഭരമേൽപ്പിക്കാനുള്ള ആഹ്വാനത്തിനും ഊന്നൽ നൽകുന്നു. മനുഷ്യരാശിയുടെ നന്ദികേടിലും നിസ്സംഗതയിലും യേശു ദുഃഖം പ്രകടിപ്പിക്കുന്നു, പകരം സ്നേഹം ചോദിക്കുന്നു. നമ്മുടെ അയൽക്കാരെ സ്നേഹിക്കുക എന്നത് ക്രിസ്തുവിന്റെ സ്നേഹത്തോട് പ്രതികരിക്കുന്നതിന്റെ ഒരു പ്രധാന വശമാണ്, ക്രിസ്ത്യൻ ആത്മീയതയുടെ ഒരു കേന്ദ്ര വിഷയമാണ് പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള കാരുണ്യവും കരുതലും. ക്രിസ്തുവിന്റെ ഹൃദയത്തിലേക്കുള്ള നഷ്ടപരിഹാരം സ്നേഹത്തിന്റെ ഒരു നാഗരികത കെട്ടിപ്പടുക്കുന്നതിലും മറ്റുള്ളവർക്ക് ചെയ്ത ദ്രോഹത്തിന് പരിഹാരമുണ്ടാക്കുന്നതിലും ഉൾപ്പെടുന്നു, മുറിവേറ്റ ഹൃദയങ്ങളെ നന്നാക്കുന്നതിലും ക്ഷമ ചോദിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

നമ്മുടെ പാപങ്ങൾ അംഗീകരിക്കുന്നതും മറ്റുള്ളവരുമായി അനുരഞ്ജനം തേടുന്നതും നഷ്ടപരിഹാര പ്രക്രിയയിലെ സുപ്രധാന ഘട്ടങ്ങളാണ്, പരസ്പരം ഐക്യദാർഢ്യത്തിലേക്കും യഥാർത്ഥ സ്നേഹത്തിലേക്കും നയിക്കുന്ന സഹിഷ്ണുതയുടെ മനോഭാവം വളർത്തുക. 1689 വാക്കുകൾ മുതൽ 1857 വാക്കുകൾ വരെയുള്ള ഉള്ളടക്കം ക്രിസ്തുവിന്റെ സ്നേഹം ലോകത്ത് വ്യാപിക്കുന്നതിനുള്ള ഒരു മാർഗമായി നഷ്ടപരിഹാരത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. മറ്റുള്ളവരോടുള്ള സ്നേഹപ്രവൃത്തികൾ എങ്ങനെയാണ് ഒരു നഷ്ടപരിഹാരത്തിന്റെ രൂപമാകുന്നത്, നമ്മുടെ പ്രവർത്തനങ്ങളിലൂടെ അവന്റെ സ്നേഹം വിപുലപ്പെടുത്താനുള്ള അവസരം കർത്താവിന് വാഗ്ദാനം ചെയ്യുന്നു. ഈ സ്നേഹപ്രവൃത്തികളിൽ എളിമയുടെയും ആത്മനിഷേധത്തിന്റെയും കഷ്ടപ്പാടിന്റെയും ആവശ്യകതയെ വാചകം എടുത്തു കാണിക്കുകയും ഇത് കൊണ്ടുവരുന്ന ക്രിസ്തുവിന്റെ അഭിനിവേശത്തോടുള്ള ഐക്യത്തെ ഊന്നിപ്പറയുകയും ചെയ്യുന്നു.

നഷ്ടപരിഹാരവും ദൗത്യവും പരസ്പരബന്ധിതമാണെന്ന് പ്രസ്താവിക്കുന്ന ഈ വാചകം യേശുവിന്റെ തിരുഹൃദയത്തോടുള്ള ഭക്തിയുടെ മിഷനറി മാനവും പര്യവേക്ഷണം ചെയ്യുന്നു. ദൈവസ്നേഹം ലോകമെമ്പാടും പ്രചരിപ്പിക്കുക എന്ന ആത്യന്തിക ലക്ഷ്യത്തോടെ ക്രിസ്തുവിന്റെ ഹൃദയത്തോടുള്ള സ്നേഹത്തിന്റെ പ്രകടനമായാണ് മിഷനറി പ്രവർത്തനം കാണുന്നത്. ഈ ദൗത്യം നിർവഹിക്കുന്നതിൽ സമൂഹത്തിന്റെ പ്രാധാന്യവും എടുത്തുകാണിക്കുന്നു, ക്രിസ്തുവിനോടുള്ള ഒരുവന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കാനുള്ള മാർഗമെന്ന നിലയിൽ സമൂഹത്തിനുള്ളിലെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പങ്ക് ഊന്നിപ്പറയുന്നു.

മൊത്തത്തിൽ, ക്രിസ്തുവിന്റെ മാതൃക പിന്തുടരുകയും യാത്രയുടെ ഓരോ ചുവടിലും അവന്റെ മാർഗനിർദേശത്തിനും സാന്നിധ്യത്തിനും വേണ്ടി തുറന്നിരിക്കുകയും ചെയ്യുന്ന, ലോകത്ത് നന്മ പ്രചരിപ്പിക്കാനുള്ള അവരുടെ ദൗത്യം സ്വീകരിക്കാൻ വാചകം വ്യക്തികളോട് ആഹ്വാനം ചെയ്യുന്നു. മറ്റുള്ളവരെ സേവിക്കുന്നതിലൂടെയും ക്രിസ്തുവിന്റെ സ്നേഹം ലോകവുമായി പങ്കിടുന്നതിലൂടെയും ലഭിക്കുന്ന സന്തോഷവും സംതൃപ്തിയും ഇത് ഊന്നിപ്പറയുന്നു.

## ഉപസംഹാരം

സാഹോദര്യത്തിന്റെ ബന്ധങ്ങൾ രൂപപ്പെടുത്താനും മാനുഷിക അന്തസ്സിനെ ബഹുമാനിക്കാനും നമ്മുടെ പൊതു ഭവനത്തെ പരിപാലിക്കാനും നമ്മെ പ്രാപ്തരാക്കുന്നതിനാൽ, Laudato si , Fratelli tutti, എന്നിവയുടെ പഠിപ്പിക്കൽ യേശുക്രിസ്തുവിന്റെ സ്നേഹത്തെ കണ്ടുമുട്ടുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉപഭോക്തൃത്വവും ഭൗതികവാദവും നയിക്കുന്ന ഒരു ലോകത്ത്, മനുഷ്യന്റെ മൂല്യത്തെ വിലകുറച്ചുകളയുകയും നമ്മുടെ അടിയന്തിര ആവശ്യങ്ങൾക്കപ്പുറം കാണുന്നതിൽനിന്ന് നമ്മെ തടയുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കാൻ ക്രിസ്തുവിന്റെ സ്നേഹത്തിന് കഴിയും. ക്രിസ്തുവിന്റെ സ്നേഹത്തെ കർക്കശമായ ഘടനകൾ, വ്യക്തിപരമായ പക്ഷപാതങ്ങൾ, മതഭ്രാന്ത് എന്നിവ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുന്നത് തടയാൻ സഭയും ഈ സ്നേഹത്തെ ആശ്രയിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം ആശ്ലേഷിക്കുന്നതിലൂടെ, നീതിയും സാഹോദര്യവും നിറഞ്ഞ ഒരു ലോകം സൃഷ്ടിക്കുന്നതിൽ രോഗശാന്തിയുടെയും സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ഏജൻറുമാരാകാൻ നമുക്ക് കഴിയും. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സന്നിധിയിലെ സ്വർഗ്ഗീയ വിരുന്നിലേക്ക് നമ്മെ നയിക്കുകയും ഐക്യത്തിലേക്കും സന്തോഷത്തിലേക്കും നയിക്കാനും ക്രിസ്തുവിന്റെ സ്നേഹത്തിന്റെ തുടർച്ചയായ ഒഴുക്കിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കഥ



# തുറ-മുഖം

ബർഗ്മാൻ തോമസ്

*കടന്നുപോകുന്നവരേ, നിങ്ങൾക്കിതു നിസ്സാരമാണോ? നോക്കിക്കാണുവിൻ, ഞാൻ അനുഭവിക്കുന്ന ദുഃഖത്തിനു തുല്യമായ ദുഃഖമുണ്ടോ?*
*വിലാപങ്ങൾ 1:12*

പത്രോസ് വേദനപെറ്റു കിടന്നു.

'തെയ്‌വേ, എന്റെ തെയ്‌വേ നീ എങ്കളെ വലിച്ചെറിയുന്നതെന്ത്?' രാത്രിയോളം അവൻ ഒരുപോള കണ്ണടച്ചില്ല. നാളെ അവന്റെ സ്വരാജ്യം; കടൽത്തുറ, വലയുണക്കുകയും വൻമീനുകൾ കടിച്ചുപൊട്ടിച്ച വലക്കണ്ണികൾ കൊരുത്തുകെട്ടുകയുംചെയ്യുന്ന കടപ്പുറം, നിലാവെട്ടത്ത് കരയിൽനിന്ന് കടലിലേക്കു നോക്കുമ്പം മീൻകൂട്ടങ്ങൾ മുന്നണിയായി പോകുന്ന മോഹക്കാഴ്ച, കിഴക്കേമലയിൽനിന്നുദിച്ച് ജനൽപ്പാളിയിലൂടെ കയറി കെടാവിളക്കിനെതൊട്ട് കടലിലേക്കുപോണ നേരമറിയിക്കുന്ന നാലാംയാമത്തിലെ നക്ഷത്രം അഥവാ മലയ്യീൻവെള്ളി, ആഴക്കടലീന്ന് മീനുംപിടിച്ച് തുഴഞ്ഞു തുഴഞ്ഞ് കരയോടടുക്കുമ്പം കടൽക്കരയിലെ വീടിന്റെ മുറ്റത്ത് തൂക്കുപാത്രത്തിൽ പഴങ്കഞ്ഞിവെള്ളവുമായി അവന്റെ സ്വന്തം തങ്കം കാത്തുനില്ക്കുന്നത്, ഒക്കെയും അവസാനിക്കാൻ പോകുന്നതിനെക്കുറിച്ച് പേർത്തും പേർത്തും ഓർത്ത് മനമുരുകി അവൻ കിടന്നു.

വീടിനകത്ത് പനമ്പായയിൽ പത്രോസ് വേദനപെറ്റു കിടന്നു.

പത്രോസിന്റെ ആധിക്കു നിദാനം, ഇടങ്ങൾ അപഹരിക്കപ്പെടുന്ന കാലത്തിന്റെ വലക്കുരുക്കുകളിൽപ്പെ

അവനെപ്പെറ്റത് കടൽക്കരയിലെ ഈ വീട്ടിലെന്ന് അവന്റെ അമ്മ പറഞ്ഞത്, കടമണ്ണിൽ ഓടിച്ചാടിക്കളിച്ച് കാലുറപ്പിച്ചത്, കടൽക്കാറ്റിനഭിമുഖംനിന്ന് ഓലപ്പമ്പരം കറക്കിവിട്ടത്, പട്ടുനൂലിൽക്കെട്ടി പറത്തിവിട്ട കടലാസ്സുപട്ടം നീണ്ടുനീണ്ടേ കിടക്കുന്ന തീരത്തിലൂടെ കറങ്ങിച്ചുറ്റി ആകാശത്തിന്റെ അതിരോളമെത്തി അസ്തമയസൂര്യനെപ്പോലെ കടലിൽ താണുതാണുപോയത്, ഏഴാംകടലിനുമപ്പുറത്തെ കടൽകോട്ടയിൽ മത്സ്യകന്യകൾ പാർക്കുന്നെന്ന് അപ്പൻ കഥ പറഞ്ഞുറക്കിയത്, അപ്പൻ കൂടെക്കൊണ്ടുപോയി കടൽപ്പണി പഠിപ്പിച്ചത്, പലപല കടലറിവുകൾ തന്നത്...

ഓർമ്മകളുടെ പെരുന്നാളിൽനിന്നുമുണർന്ന്, ഒരാവേശത്തോടെ കുറച്ചുനേരം അവൻ പഞ്ചാരമണലിലിഴഞ്ഞും വെള്ളമണ്ണിനെ പുതഞ്ഞും കിടന്നു. പിന്നെയുണർന്ന് ഒരരുളപ്പാടുപോലെ അവന്റെ വീടിനെ മൂന്നുവട്ടം വലംവച്ച് കടലിലേക്കോടി. മുങ്ങാംകുഴിയിട്ടു. നീന്തിനീന്തിക്കുളിച്ചു. ഒടുവിൽ, അവന്റെ ഉറച്ചതോളിൽ ഒരു ഭാരവും വഹിച്ചുകൊണ്ടാണ് മുങ്ങിനിവർന്നത്.

അന്നേരം മുറ്റത്ത് യാത്രയ്ക്ക് ഒരുമ്പാടായി നില്ക്കുകയായിരുന്നു ഭാര്യയും മക്കളും.

ഒരുനിമിഷം വ്യാകുലചിത്തനായി. അവളുടെ കണ്ണിലെ ഉൽക്കണ്ഠ അവൻ വായിച്ചെടുത്തു. അവനറിഞ്ഞു; ഇന്നലെ അവളും ഒരുപോള കണ്ണടച്ചിട്ടില്ല. അവളുടെ കണ്ണുകൾ ചീർത്തിരിക്കുന്നു, ചത്ത ചൂരമീനിന്റെ കണ്ണുകൾ പോലെ. 'തങ്കം വാ... മക്കളേ വാ...' ഒരു പതർച്ചയോടെ ഭാര്യയേയും മക്കളേയും വിളിച്ചു. കടലീ പണിക്കു പോവുമ്പളും കടലീന്ന് വരുമ്പളും മരവും വലയുമൊക്കെ കുരിശുപോലെ ഒറ്റക്ക് തോളിൽ ചുമക്കും. ഇപ്പൊ ഒന്നുമില്ലാതെ ചുമക്കുന്നപോലെ. അവൾ ആശ്ചര്യപ്പെട്ടു: 'നിങ്ങ എന്ത് യീ കാട്ടണ്?'

പത്രോസ് അവളുടെ ചെവിയിൽ ഒരടക്കം പറഞ്ഞു.

അവളിൽ ആദ്യം ഒരമ്പരപ്പ് ഉണ്ടായിയെങ്കിലും അതുമറച്ച് അവനെനോക്കി ദീനഭാവം കൈക്കൊണ്ടു. മക്കൾ, മേരിയും മരിയാനും ആകാംക്ഷപൂണ്ടു: 'എന്തപ്പാ തോളില്...' അപ്പന്റെ അന്നുവരെ കണ്ടിട്ടില്ലാത്ത ആ ഭാരഭാവം അവരിൽ കൗതുകമുണർത്തി.

'ഇപ്പൊ നിങ്ങക്ക് മനസ്സിലാവൂല്ല, വളരുമ്പം മനസ്സിലാവും.' പരാധീനനെപ്പോലെ വിളിച്ചു: 'വരീൻ, പോവാം...' ജീവപര്യന്തത്തിനു ശിക്ഷിക്കപ്പെട്ട നിരപരാധി തടവറക്കുള്ളിലേക്ക് പോകാന്നേരത്തെ മാനസികാവസ്ഥയിലായിരുന്നു അവനപ്പോൾ. അവൾ, മുറ്റത്തെ പൂവിനെ അറുത്തെടുക്കുമ്പോലത്തെ ചെടിത്തണ്ടിന്റെ മുറിവായിലെ ചറംപോലെ ഒലിച്ചും.

വീടിന്റെ മുകളിലെ കുരിശിൽ വന്നിരുന്ന് ഒരു കടൽക്കാക്ക ഒപ്പാരിയിട്ടു; ക്രാ... ക്രാ... ക്രാ...

ഉടുതുണികൾ അടുക്കിവച്ച റങ്കുപെട്ടി തലയിലേറ്റി തങ്കം. കഴിഞ്ഞ മദ്ധ്യസ്ഥപ്പെരുന്നാളിനു പള്ളി

ട്ടുകിടക്കുകയാണ് ചെറിയമനുഷ്യർ, അതിൽ ഒരുകണ്ണി മാത്രമാണ് താനെന്നും ചെറിയവർ, തങ്ങളുടെ ചെറിയ ഇടങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടുകൊണ്ടേയിരിക്കുന്നു എന്നും അറിയാതെ പോയതാണ്.

'വേളാങ്കണ്ണി, മലയാറ്റൂർ, അർത്തുങ്കല്, എടത്വ, എല്ലാടത്തുംപോയി നേർച്ചക്കടം തീർത്തേനല്ല്, എല്ലാ ഞാറാഴ്ച്ചേം മുഴുവംകുർബാനേല് പങ്കുകൊണ്ടേനല്ല്, പള്ളിക്കുള്ള പങ്കും മൊടങ്ങാത കൊടുക്കുന്നുണ്ടല്ല്, എന്നും അന്തിക്ക് ഞാനും തങ്കോം മക്കളും കൊന്ത ചൊല്ലുന്നുണ്ടല്ല്, പിന്നയെന്ത്?' അവന്റെ സങ്കടഹർജി, ദൈവത്തിന്റെ പരിഹാരപ്പെട്ടിയിൽതന്നെ വീണ്ടും കൊണ്ടിട്ടു: 'തെയ്വേ, എന്റ തെയ്വേ നീ എങ്കളെ പിഴുതെറിയുന്നതെന്ത്?'

തുറയിലെ മറ്റു കൂട്ടക്കാരെല്ലാം തുറ ഒഴിഞ്ഞുപോയിരുന്നു.

പത്രോസും അവന്റെ സങ്കടവും നേരം വെളുക്കാൻ കാത്തുകെട്ടിക്കിടന്നു.

'വെള്ളിമലയിലെ തീയെരിയെ

വെങ്കലപ്പാത്തറം പൊങ്കിവരെ...'

പാതിമുറിഞ്ഞ ഒരു വലവലിപ്പാട്ട് മുറ്റത്തെത്തി അവനെ കൊട്ടിവിളിച്ചു;

മതി പത്രോസേ, വ്യാകുലങ്ങൾ പെറ്റുകൂട്ടിയതു മതി. എഴുന്നേല്ക്ക്. ദേ, സൂര്യൻ കിഴക്ക്, സഹ്യപർവ്വതത്തിൽനിന്നും ഒരു വെങ്കലപ്പാത്രംപോലെ പൊങ്ങിവരുന്നുണ്ട്. ഒരു ഫ്രെയിമിലുമൊതുങ്ങാത്ത പ്രഭാതത്തിന്റെ ചാന്തുപൊട്ട്. നിനക്കും നിന്റെ കടൽത്തുറയ്ക്കും തനതായത്.

വല്ലവിധേനയും പത്രോസ് എഴുന്നേറ്റു.

നേരം പരപരാ വെളുത്തുവരുന്നതേയുള്ളു. രാത്രി ഉറക്കച്ചടവോടെ അല്പം ബാക്കിനിന്നു.

കടൽക്കരയിലെ വീടിന്റെ മുറ്റത്തുനിന്ന് എത്തിപ്പിടിക്കാവുന്ന ദൂരത്താണ് കടൽ. ആനി-ആടിയിലെ കടൽ മുൻകൊല്ലങ്ങളേക്കാൾ പ്രക്ഷുബ്ധമായിരുന്നു. തിരകൾ, പിറപ്പുകളായും ചാവുകളായും തീരത്തേക്ക് വന്നടിഞ്ഞുകൊണ്ടിരുന്നു.

പത്രോസ് കടലിനെനോക്കി കുമ്പിട്ടുനിന്നു. കടൽ ചിലപ്പോൾ പട്ടാപ്പകൽ, തെരുവിൽ, ആൾക്കൂട്ടം നോക്കിനില്ക്കെ, ആരൊക്കെയോചേർന്ന് വെട്ടിനുറുക്കിയ മകനെ നഷ്ടപ്പെട്ട അമ്മയെപ്പോലെ അലമുറയിടും. ചിലപ്പോൾ അനീതിക്കും അധാർമ്മികതയ്ക്കുമെതിരെ പൊരുതിയ പഴയ കമ്മ്യൂണിസ്റ്റുകാരനെപ്പോലെ ക്ഷോഭിക്കും. മറ്റുചിലപ്പോൾ ലോകത്തെ മറിമായങ്ങളറിയാത്ത കുഞ്ഞിനെപ്പോലെ ശാന്തനിദ്രയിലാവും. പക്ഷേ, പത്രോസിനു കടൽ എന്നാൽ കാരുണ്യമാണ്. അവനെ പോറ്റുന്ന കാരുണ്യത്തിന്റെ ഒരു അമ്മക്കരം.

കടലിന്റെ കാരുണ്യത്തിലേക്ക് അവൻ ഒരുനിമിഷം ധ്യാനനായി.

യിൽനിന്നും ഇരുനൂറുരൂപകൊടുത്ത് വാങ്ങിയ പുതിയ ബൈബിളും തിരുഹൃദയപ്പടവും വാടാവിളക്കുമേന്തി മൂത്തവൻ, മരിയാൻ. ഇളയവൾ മേരിയുടെ തോളിൽ അവർക്കു പഠിക്കാനുള്ള പാഠപുസ്തകങ്ങൾ. ഭാരമേറ്റിക്കൊണ്ടുതന്നെ അവധാനതയോടെ പത്രോസും.

ജ്ഞാനികൾ അകമ്പടി സേവിക്കാനില്ലാതെ, വഴികാട്ടാനൊരു വാൽനക്ഷത്രമില്ലാതെ അവർ, ആ തിരുക്കുടുംബം പുറപ്പെട്ടു.

കൂട്ടാളികളോടൊത്ത് പത്രോസും കുണുക്കുവച്ച് ചീട്ടുകളിക്കുന്ന തെങ്ങഞ്ചോല പിന്നിട്ട്, എന്നും മോന്തിക്ക് വാഴക്കാപ്പവും ചൂടാറാത്ത കട്ടൻചായയും പറ്റുന്ന അംബ്രോസണ്ണന്റെ ചായക്കടയും പ്രാരാബ്ധങ്ങൾ കുടിച്ചിറക്കുന്ന അവന്റെ നിത്യസഹായമായ മുറുക്കാൻ വില്ക്കുന്ന ആനിയക്കായുടെ മുറുക്കാൻകടയും പിന്നിട്ട്, നിത്യേന കുമ്പിടുന്ന അന്തോനീസ് പുണ്യവാളന്റെ കുരിശടിയും ഞായറാഴ്ചകളിൽ ദിവ്യബലിയിൽ പങ്കുകൊള്ളാൻ പോകുന്ന പള്ളിയും ആത്മാക്കളുറങ്ങുന്ന മയ്യവാടിയും പിന്നിട്ട്, നടിയെ ബലാത്സംഗം ചെയ്യാൻ ക്വട്ടേഷൻ കൊടുത്ത നടനെ ജീവപര്യന്തം ശിക്ഷിച്ചോ എന്നറിയാൻ ചെല്ലുന്ന 'സാഗര' വായനശാല പിന്നിട്ട് അവർ പാതവക്കിലെത്തി. ഇന്നലെ നിർത്താതെ പെയ്ത മഴയിൽ പാത, തളംകെട്ടിയും വേവലാതിനിറഞ്ഞ ഒരുവന്റെ അന്തരാത്മാവുപോലെ വിറങ്ങലിച്ചും കിടന്നു.

മൂടിക്കെട്ടിയ മനസ്സോടെ അവർ നടന്നു.

'നോക്കമ്മാ നമ്മുടെ പ്രധാനമന്ത്രി...' വഴിയോരത്ത് മുഴുവനുംനിറഞ്ഞ പോസ്റ്റർചൂണ്ടി മരിയാൻ പറഞ്ഞു.

'പ്രധാനമന്ത്റി ഇന്ന് ഹാർബറ് ഉൽഗാടനത്തിന് വരണ്. അതിന്റ പോസ്റ്ററാണ്.'

'ഹാർബർ എന്നുവച്ചാ എന്ത്?'

ആ പുതിയ വാക്ക് അവനെ അത്ഭുതപ്പെടുത്തി.

'നമ്മള മാതിരി കൊറേ കുടുമ്മങ്ങളെ, അവര് കാച്ച് പൂത്ത എടത്തീന്ന് പറിച്ച് നടണ ഏർപ്പാട്.' തങ്കം പറഞ്ഞു. മരിയാനൊന്നും മനസ്സിലായില്ല. തങ്കം വിശദീകരിച്ചു: 'കൊറച്ചുനാളു മുമ്പ് നമ്മള് മുറ്റത്ത് ഒരു മുരിങ്ങ നട്ടല്ല്, ചെടിക്കാരൻ കൊണ്ടുവന്നത് വാങ്ങിച്ച്, ചെടീട മൂട്ടിലെ മണ്ണും വേരും കണ്ട് അപ്പം മക്കള് ചോദിച്ചല്ല്, ഇത് വേറെ എവ്ടന്നോ പറിച്ചോണ്ടു വന്നതല്ലേ ഇതിനു വേദനിക്കൂല്ലേന്ന്...'

'ഓ, ചോദിച്ച്...' മരിയാൻ മറുപടിയായി പറഞ്ഞു.

'പറിച്ചോണ്ടു പോണ ചെടികളാ നമ്മളും ഇപ്പം...'

'അപ്പം നമ്മക്കും വേദനിക്കണ്ടെ?'

തങ്കം ഒരുമാത്ര നിന്നു. അവളുടെ ഉള്ളൊന്നു കാളി. മരിയാനെ അടക്കിപ്പിടിച്ചു. 'ദേ, നോക്ക്...' പത്രോസിനെച്ചൂണ്ടി അവൾ പറഞ്ഞു: 'നമ്മട മൊത്തോം വേതനയല്ല് ആ പോണ്...'

അന്നേരം, ഒരു വാടക്കാറ്റ് ചൂളംകുത്തി ഓടിവന്നു അവനെ മറിച്ചിടാനെന്നോണം. പത്രോസ് വീഴാതെ കാത്തു. ഉടലിനെ ഒന്നുകൂടി ബലപ്പെടുത്തി നടന്നു.

വഴിയോരത്ത്, ക്രിക്കറ്റ് കളിക്കുകയായിരുന്ന കുട്ടികളിലൊരുവനാണ് ആദ്യം അതു കണ്ടെത്തിയത്. ഒരാൾ ഇല്ലാത്ത ഭാരവുംവഹിച്ചുകൊണ്ടു പോകുന്നു. അവന് അതിശയം തോന്നി. അവൻ കൂട്ടുകാരെയെല്ലാം വിളിച്ചുകാട്ടി; 'നോക്കീനടാ, ഒരു നാടകം പോണ്...' ഇന്നാള് സ്കൂളിൽവച്ചുകണ്ട നാടകത്തിൽ കോറസ് മല ചുമന്നുകൊണ്ടുപോകുന്നതുപോലെ അഭിനയിച്ചതുകണ്ട് എല്ലാവരും കയ്യടിച്ചത് അവനോർത്തു.

'നാടകമെങ്കിൽ സ്റ്റേജെവിടെ? മൈക്കെവിടെ?' ഒരുവൻ സംശയം പ്രകടിപ്പിച്ചു.

'ഇത് തെരുവുനാടകം.' കുട്ടികൾക്കിടയിൽ തർക്കം മൂത്തു.

'ഞാൻ പറയട്ടെ, അയാള് എന്താണ് ചൊമന്നോണ്ട് പോകുന്നെന്ന്...'

'ഉം, പറ...' കൂടെയുള്ളവർ അവനെ ഉത്സാഹിപ്പിച്ചു.



'ഒരു കുരിശ്...'

'അതു നമ്മുടെ കൂടപഠിക്കണ മരിയാന്റെ അച്ഛൻ പത്രോസങ്കിളല്ലേ?' മറ്റൊരുവൻ അതു കണ്ടുപിടിച്ചു.

'അയാള് പത്രോസ്സങ്കി, ഒരു വലിയ പാറയാ ചുമക്കുന്നത്.' അവർക്ക് ചിരിവന്നു.

'പത്രോസേ നീ പാറയാകുന്നു...' ആ അത്ഭുത കാഴ്ചയിന്മേൽ അവർ കൈകൊട്ടുകയും കൂക്കിടുകയും ചെയ്തു.

അപ്പനെ കളിയാക്കുന്നതുകണ്ട് മരിയാനും മേരിക്കും സങ്കടംവന്നു. അവർ സഹതാപത്തോടെ അപ്പനെ നോക്കി. കളിയാക്കൽ പത്രോസിന്റെയും ശ്രദ്ധയിൽപ്പെട്ടു. 'നിങ്ങ നടക്കീൻ...' പത്രോസ് പറഞ്ഞു.

കൂക്കിന്റെ ശബ്ദംകേട്ട് ചിലർ വീടിന്റെ ജനാലയിലൂടെ എത്തിനോക്കി. മറ്റുചിലർ ഉമ്മറപ്പടിയിൽവന്ന് പത്രോസിന്റെ കോമാളിത്തംകണ്ട് കവിളത്ത് വിരൽവച്ചു. പീടികയിലും റേഷൻകടയിലുമുള്ളവർ താന്താങ്ങളുടെ ജോലിനിറുത്തി അതിശയത്തോടെ ഭാരവാഹിയെ നോക്കിനിന്നു. പത്രക്കാരനും പാൽക്കാരനും 'എന്തതിശയമേ!' എന്നമട്ടിൽ അവരെ കടന്നുപോയി.

'തിരിഞ്ഞുനോക്കാതെ നടക്കീൻ.' പത്രോസ് മക്കളോട് വീണ്ടും പറഞ്ഞു.

'അപ്പാ, തോന തൂരോണ്ടാ?' മേരിയാണു ചോദിച്ചത്.

'ഉം... നാലഞ്ച് മൈല് വരും' കിതപ്പാറ്റിക്കൊണ്ട് അവൻ പറഞ്ഞു.

'അവിടെ വെള്ളമണലുണ്ടാ?' അപ്പോഴും ക്രിക്കറ്റുകളി നോക്കിക്കണ്ടുനില്ക്കുകയായിരുന്ന മരിയാൻ കുതൂഹലനായി. തങ്കം അവന്റെ കുഞ്ഞുമനസ്സിലെ നൊമ്പരം അറിഞ്ഞു. എങ്കിലും അവൾ ചോദിച്ചു: 'എന്തിനാ...'

'മണ്ണുവാരിക്കളിക്കാന്, കളിവീട് ഉണ്ടാക്കാന്...'

തങ്കത്തിനു മറുപടിയുണ്ടായില്ല, പകരം അവൾ ചെറുതായി ദേഷ്യപ്പെട്ടു: 'നിങ്ങ വേകം നടക്കീൻ...'

ഒരു ഭിക്ഷാടകസംഘം; 'അവന്റെ മുഖത്ത് ദൂരകാലങ്ങൾ താണ്ടിയ തഴമ്പ്, തോളിൽ ഒരു ജന്മത്തിന്റെ മാറാപ്പ്, അവളുടെ തലയിലൊരു മുഷിഞ്ഞ ജീവിതത്തിന്റെ തുണിക്കെട്ട്, കൂടെ പിഞ്ഞിയ ഉടുപ്പുകളിട്ട പഴമയുടെ മുഖച്ഛായയുള്ള രണ്ടു കുട്ടികളും' അവരെ കടന്നുപോയി.

'അവരും നമ്മളപ്പോലെ വീട്ടീന്ന് ഇറക്കിവിട്ടവരാ...' ആ വഴിപോക്കരെ ചൂണ്ടി മരിയാൻ ചോദിച്ചു.

'അവര് വീടേ ഇല്ലാത്തവര്...' പത്രോസ് മറുപടി പറഞ്ഞു.

യാതനകളുടെ വഴിത്താര നീണ്ടുനീണ്ടുപോയി.

കടുക് താളിക്കുമ്പോലത്തെ ഒരു ശബ്ദം തങ്കം കേട്ടു. അതവന്റെ നെഞ്ചടുപ്പിൽ നിന്നായിരുന്നു എന്നവളറിഞ്ഞു, 'നിങ്ങ തളർന്നാ...' അവൾ ചോദിച്ചു: 'തരീൻ, കൊറച്ചുനേരം ഞാനെടുക്കാം.'

'ഈശോ ചൊമന്ന കുരിശോളം ഒണ്ടോ ഇത്...' അവന്റെ ഉൾക്കടലിൽനിന്നും ഇരച്ചെത്തിയ വേദനയുടെ വേലിയേറ്റത്തെ തടുത്തുകൊണ്ട് പറഞ്ഞു: 'വേണ്ട തങ്കം.'

കനംവച്ചുവരുന്ന വെയിലിന്നടിയിൽ നൊന്തും വിയർത്തും അവർ നടന്നു.

കഷ്ടംകൊണ്ട് നടന്നു.

ചൊരിമഴയത്ത് നനഞ്ഞു കുതിർന്നാണ് പത്രോസ് ഒരാഴ്ച മുൻപ് പള്ളിമേടയിലേക്ക് ഓടിക്കയറിയത്.

ഇരിപ്പുമുറിയിലെ കസേരയിൽ ജപമാലയുംവഹിച്ച് കണ്ണുകളടച്ച് ധ്യാനനിമഗ്നനായി ഇരിക്കുകയായിരുന്നു പുരോഹിതൻ.

'അച്ചാ...' ദീനനായി അവൻ വിളിച്ചു.

കണ്ണുതുറന്ന അച്ചൻ തന്റെ മുന്നിൽ വ്യസനം പൂണ്ടുനില്ക്കുന്ന പത്രോസിനെ കണ്ടു.

'നീ വീണ്ടും വന്നുവോ?' അച്ചൻ ചോദിച്ചു.

അതിനും ഒരാഴ്ച മുൻപ് പഞ്ചായത്ത് പ്രസിഡന്റും അതുതന്നെ ചോദിച്ചു. അന്നേരം മഴ ചാറുന്നതേയുണ്ടായിരുന്നുള്ളു. പ്രസിഡന്റ് ചോദിച്ചു: 'തുറമുഖം എന്നുവച്ചാലെന്താണ്?' പ്രസിഡന്റ്തന്നെ ഉത്തരവും പറഞ്ഞു: 'നമ്മുടെ തുറയുടെ മുഖഛായയാണ്.'

പഞ്ചായത്ത് പ്രസിഡന്റിനോടുമാത്രമല്ല, ഹാർബറിനുചുറ്റുംവസിക്കുന്ന ആളുകളെയും വീടുകളേയും

ഒഴിപ്പിക്കുന്നതിന്റെ എണ്ണമെടുക്കാൻവന്ന ആപ്പീസറ
മ്മാരോടും ഈയിടെയായി കണ്ണീകണ്ടവരോടെല്ലാം
പറഞ്ഞ ആ വാക്ക് അവൻ അച്ചനോടും ആവർത്തിച്ചു:
'എങ്കള തൊറേന്ന് എങ്കളെ ഓട്ടിച്ചുവിടണ്.'

'തുറമുഖം വരുന്നതോടെ നാടിന്റെ മുഖഛായ മാത്രമല്ല, രാജ്യത്തിന്റെ വികസനവും അഭിവൃദ്ധിപ്പെടും എന്നാണ് കേഴ്‌വി.' അച്ചൻ പറഞ്ഞു: 'മാറ്റിപ്പാർപ്പിക്കുന്നവർക്ക് സ്വന്തമായി രണ്ടു സെന്റ് ഭൂമി, ചെറിയ ഒരു വീട്, തുറമുഖസംബന്ധിയായ ജോലികൾക്കു മുൻഗണന എന്നൊക്കെയാണ് വിളംബരം.' അച്ചൻ സംസാരം നിർത്തി അവനെ നോക്കി. പ്രക്ഷുബ്ധ മാനസ്സനായി നില്ക്കുകയാണ് പത്രോസ്. ആ മുഖം കണ്ടാലറിയാം, അവനെ അലട്ടുന്നുണ്ട് പലതും... മത്സ്യസമ്പത്തിന്റെ മുക്കാലും അമ്പതു മീറ്ററിനുള്ളിലെ തീരക്കടലിലാണെന്നും ഇവിടങ്ങളിൽ ഒരുപാട് കല്ലുകളുണ്ടെന്നും കല്ലുകൾ മീനുകളുടെ വീടാണെന്നും മീനുകൾ മുട്ടയിടാനെത്തുന്നത് പൊഴിക്കരയും കടൽക്കരയും സന്ധിക്കുന്നിടത്താണെന്നും തീരക്കടലിലാണ് മീനുകളുടെ ഇരയായ പ്ലവങ്ങൾ ധാരാളമുള്ളതെന്നും ഹാർബറിനുവേണ്ടി തീരക്കടലിന്റെ ആഴം കൂട്ടുകയും പുലിമുട്ടുകൾ നിർമ്മിക്കുകയും അവിടെ കപ്പലുകൾ വന്നടുക്കുകയും ചെയ്യുമ്പോൾ മീനുകൾ നാടുവിടുമെന്നും മീൻപാടങ്ങൾ പാടെ ഇല്ലാതാവുമെന്നും അങ്ങനെ പരമ്പരാഗത കടൽപണിക്കാർ പട്ടിണിയാവുമെന്നും...

അച്ചൻ കൂട്ടിച്ചേർത്തു: 'പൊതുവെ, ഇത് നമ്മുടെ രാജ്യത്തിന്റെതന്നെ പ്രമുഖ പദ്ധതി എന്നാണ് വിലയിരുത്തൽ.'

'ഇത് പത്തതിയല്ല, കടലിനെ അറിയാത്ത കൊറെ മനിശ്ശമ്മാരട വേലകളാണ്.' അമർഷവും വിഷമവും കലർന്ന സ്വരത്തിൽ പത്രോസ് പറഞ്ഞു.

അച്ചൻ ഒരുനിമിഷം കണ്ണുകളടച്ചു. പ്രാർത്ഥനയായി; വേദപുസ്തകത്തിൽ മനുഷ്യമക്കളുടെ ഭൗതികമായ പരിദേവനങ്ങൾക്കുള്ള പരിഹാരം ഏതു വിശുദ്ധതാളിലാണ്? ദൈവമേ! കണ്ണുതുറന്നു. ശാന്തസ്വരത്തിൽ പറഞ്ഞു: 'പത്രോസിന്റെ മനോനില എനിക്കു മനസ്സിലാകും. നമുക്ക് എന്തുചെയ്യുവാനാകും. പോയി കുടുംബത്തോടൊപ്പമിരുന്ന് പ്രാർത്ഥിക്കുക. സർവശക്തനായ ദൈവം ഒരു വഴികാട്ടിത്തരും.'

ഒരു സങ്കടക്കടലായാണ് പത്രോസ് മേടയിൽനിന്നും മടങ്ങിയത്.

ഇങ്ങന ചെറ്യവീട്ടില് താമസിക്കുന്നോര് ലോകത്ത് മൊത്തം എത്രേണ്ടാവും. അവരൊക്കേം ഇമ്മാതിരി ചെതല്പോല ചതച്ചരക്കപ്പെടുമായിരിക്കും. ആരുട ചെയ്ത്തികളാണിതൊക്കെ? പാവങ്ങട മനസ്സിനെ തട്ടിക്കോണ്ടു പോവുന്നതെന്ത്? എങ്കള ചങ്കിലെ നെലോളി ആരും ചെവിക്കൊള്ളാത്തതെന്ത്? ഒരു ചാൺ കാരുണ്യം ആര് തരും? പത്രോസ് ഇങ്ങനെ പലപല വിചാരങ്ങളാൽ വെപ്രാളംകൊണ്ടും വേപഥുപൂണ്ടും നടന്നു. ധർമ്മസങ്കടങ്ങളുടെ തിരയായി വേച്ചും കിതച്ചും...

വീണ്ടും വന്നെത്തിയ വാടക്കാറ്റിനാലോ വഴിവക്കിലെ കൂട്ടച്ചിരികളുടെ കൂരമ്പുകളേറ്റോ പത്രോസ് കൂപ്പുകുത്തി. തങ്കവും മക്കളും അവനെ താങ്ങിയെടുത്തു. അവന്റെ മുഖം നനഞ്ഞും കരുവാളിച്ചുമിരുന്നു. മേൽച്ചീലകൊണ്ട് അവൾ അവന്റെ മുഖമൊപ്പി. ശീല നിവർത്തുമ്പോൾ കണ്ടു. പിറയെപ്പോലെ തെളങ്ങിനിന്ന മുഖം കാർമേഘത്തുണ്ടുവന്നു മൂടിയാലെന്നപോലെ... അയ്യോ രാസാ, അവളുടെ നെഞ്ചുരുകി. അവൾക്കു കരച്ചിൽ വന്നു. ഒടിഞ്ഞുനുറുങ്ങി കരഞ്ഞു.

അന്ന് തങ്കത്തിന് പതിനേഴ്. തനിത്തങ്കം. പള്ളിയിലെ പാട്ടുകാരി. അവനുവേണ്ടി ഉറപ്പിച്ച പെണ്ണ്. കെട്ടാൻപോണേന് മുന്നോടിയായി അവൾക്ക് സമ്മാനമായി എന്തുകൊടുക്കും? പന്താക്കല്ലിൽ ചിപ്പി പൂത്ത നാൾ. ചിപ്പിയെടുക്കാൻ മുങ്ങിയപ്പോഴാണ് കിട്ടിയത്. ഒരു ശംഖ്. വലംപിരിശംഖ്. കൊണ്ടൽക്കാറ്റ് കടലോളങ്ങളെ പിപ്പിരിയാക്കും. അപ്പം ഓളമിളകും, തുള്ളിക്കളിക്കും. ഒടുക്കം കരയിലേക്ക് പായും. കൊണ്ടലോളക്കാറ്റുവന്ന് തൊടുമ്പോൾ വലംപിരിശംഖ് പലവിധ രാഗങ്ങൾ മീട്ടും. അവൻ കേട്ടിട്ടുണ്ട്. ശംഖ് അവൻ തങ്കത്തിനുതന്നെ കൊണ്ടുകൊടുത്തു. ആദ്യരാത്രി സ്വപ്നാവൃതമായ അവളുടെ കണ്ണുകളിലേക്കുനോക്കി അവൻ ചോദിച്ചു: 'തങ്കം, ശങ്കീന്ന് നീ പാട്ട് കേക്കാറുണ്ടാ?'

'അപ്പനുമമ്മേം ഒറക്കാവുമ്പം ശങ്ക് ജന്നലിന്റ അവിട കൊണ്ടുവെക്കും, എന്റെ ഓമനേ, എന്റെ സുന്ദരീ എഴുന്നേല്ക്കുക; ഇറങ്ങി വരിക, ഞാൻ നിന്റെ മുഖമൊന്നു കാണട്ടെ, നിന്റെ സ്വരമൊന്നു കേൾക്കട്ടെ... 'എന്നും കേക്കും.' തങ്കം പറഞ്ഞു: 'ഉത്തമഗീതം...'

കടൽക്കാറ്റിന്റെ തരംഗമാലകൾ കാതുകളിൽ വന്നു കിരുകിരുപ്പുണ്ടാക്കുന്നതവനറിഞ്ഞു. അവളുടെ നനഞ്ഞുകുതിർന്ന കണ്ണുകളിലേക്കുനോക്കി പത്രോസ് ചോദിച്ചു: 'തങ്കം, പൊന്നേ നീ ആ ശങ്ക് എടുത്താ?'

'ഓ...'

അവനും കരയുന്നുണ്ടായിരുന്നു.

അവന്റെ കാതുകളിൽ വന്നലയ്ക്കുന്ന കടലിന്റെ ഇ(ര)മ്പം അവൻ വീണ്ടും കേട്ടു. കടലിനേക്കാൾ ഭാരമുള്ളതെന്തുണ്ട്? അവൻ അവനോടുതന്നെ ചോദിച്ചു. എങ്കള യീ കഷ്ടത. അവൻതന്നെ ഉത്തരവും കണ്ടെത്തി. ആരു വന്നീ കരകവിഞ്ഞൊഴുകുന്ന കഷ്ടത തൂക്കിനോക്കും?

'നീ നടക്ക്...' തങ്കത്തിന്റെ അരികുചേർന്ന് അവൻ നടന്നു.

മേരിയും മരിയാനും തളർച്ച ബാധിച്ചെന്നോണം നടക്കാൻ പാടുപെട്ടു.

'നടക്ക് മക്കളേ, നടക്ക്...' മക്കളെ നോക്കി അവൻ പരിതാപംകൊണ്ടു. 'ഒടുക്കം നമ്മക്ക് നമ്മളേ ഒണ്ടാവൂ...' നടത്തയിലുടനീളം പിറുപിറുത്തുകൊണ്ടേയിരുന്നു.

'നമ്മട തുക്കം ആരിക്കും മനസ്സിലാവൂല്ല, അവരിക്ക് അവരുടെ കാരിയം.' വെറുപ്പും അമർഷവും കൂ

ടിക്കലർന്ന ഒരുതരം വേദനയോടെ തങ്കം പറഞ്ഞു. അവളുടെ കണ്ണിൽ ഒരുകലം കണ്ണീർ തൂവിക്കിടക്കുന്ന തവൻ കണ്ടു.

പത്രോസ്, പാറുന്ന വെയിലിനുമപ്പുറത്തെ വിജനതയിലേക്കു മുഖംനീട്ടി:

'എളിയവര് നെലോളിക്കണ് തെയ്‌വേ, നീ കേക്കാത്തതെന്ത്?'

**രണ്ട്**

ഒടുവിൽ തിരുക്കുടുംബം കുന്നിന്റെ മുകളിൽ അവർക്കായി അനുവദിച്ചുകിട്ടിയ കോളനിത്തറയിലെത്തി.

അപ്പോൾ നട്ടുച്ചയായിരുന്നു.

അവർക്കുംമുമ്പേ വമ്പിച്ച ഒരു ജനാവലി അവിടെ എത്തിയിരുന്നു. പുരോഹിതൻ. പഞ്ചായത്ത് പ്രസിഡന്റ്. ഛായാഗ്രാഹകനും സംവിധായകനും ഉൾപ്പെട്ട ചാനൽസംഘം. പത്രക്കാരനും പാൽക്കാരനും. വഴിയിലുടനീളം അവനെ കണ്ടെത്തിയവർ. കൂക്കിട്ട ക്രിക്കറ്റ് കുട്ടികൾ ഒക്കെയും.

ഒരുനിമിഷം അവൻ ജനാവലിയെ നോക്കി. ആളും ഒച്ചയുംനിറഞ്ഞ ചന്തയിലെന്നപോലെ തിങ്ങിനിറഞ്ഞ്... കണ്ടു, ആൾക്കൂട്ട മുഖങ്ങളിൽ വക്രിച്ച പുഞ്ചിരികൾ...

'എന്തെല്ലാരും...' തങ്കം മനസ്സിൽ പ്രാകി.

പത്രോസ് അവിടെ, പീഠ(ഡ)ഭൂമിയിൽ തോളിലെ ഭാരമിറക്കിവച്ചു. അവന്റെ തളർന്ന ഉടലിനെതാങ്ങി നിലത്തിരുന്നു. പത്രോസ് എന്നാൽ തുറയുടെ കരുത്ത് എന്ന് ആളുകൾ പറയും. ഇപ്പോൾ ഊക്കുകുറഞ്ഞ ഒരു വയസ്സനെപ്പോലെ...

ഉള്ളുതളർന്ന് തങ്കവും അവനോടൊപ്പമിരുന്നു.

കഥയുടെ ഗതിയറിയാതെ മേരിയും മരിയാനും ക്യാമറയിലേക്ക് കൗതുകംനീട്ടി നിന്നു.

ശബ്ദമുഖരിതമായ ആൾക്കൂട്ടത്തിലേക്ക് പത്രോസ് ദൃഷ്ടിപായിച്ചു. കാണികൾ വന്യമായ നോട്ടങ്ങളോടെ... പണ്ട്, മക്കളുമൊത്ത് മൃഗശാല കാണാൻപോയതും ആളുകൾ കൂട്ടിലടച്ച മൃഗങ്ങളെ നോക്കി കോക്രികാട്ടിയതും അവനോർമ്മ വന്നു.

'ഇതെന്ത്, നമ്മ മ്റുകമാ...' അവൻ പല്ലിറുമ്മി.

'നിങ്ങ ചോദിക്കീൻ...'' തങ്കം അരിശപ്പെട്ടു.

ആൾക്കൂട്ടത്തിനുനേർക്ക് അവൻ കൈവീശിയെറിഞ്ഞു: 'പോയീനടാ മയ്രമ്മാരേ, കുടിയിറക്കിവിട്ടതും പോരാ...'

ഇപ്പോൾ ജനം, അവർക്കുചുറ്റും വൻതിരമാലകൾതീർത്തുനില്ക്കുന്നതവൻ കണ്ടു. പരിഹാസത്തിന്റെ ഒരല... അല്ല, അനേകം അലകൾ ചിരിച്ചാർത്തുവരുന്നപോലെയും.

പത്രോസിൽ ക്ഷോഭത്തിന്റെ ചിറകുമുളച്ചു. നീറിപ്പിടഞ്ഞെഴുന്നേറ്റു. മുണ്ടു മടക്കിക്കുത്തി. തുഴ കയ്യിലെടുത്തു. കൊരുത്തുപിടിച്ചു. കാലവർഷത്തിരകളെ എതിരിടുന്നപോൽ, അവനുമേൽ ഓങ്ങിവീഴുന്ന ആൾക്കൂട്ടത്തിരകളെ ആഞ്ഞുവെട്ടി. വട്ടംചുറ്റി വട്ടംചുറ്റി ആഞ്ഞാഞ്ഞു വെട്ടി. 'പോയീനടാ, മാറിപ്പോയീനടാ...' പക്ഷേ, അവന്റെ കയ്യിൽ തുഴ ഉണ്ടായിരുന്നില്ലല്ലോ! അവൻ തകർന്നുപോയിരുന്നുവല്ലോ!

പരാജിതന്റെനേർക്ക് അപ്പോൾ ജനം നിർത്താതെ കൂക്കിട്ടു.

പത്രോസ് തളർന്ന് വീണു. അവൻ വിറയ്ക്കുന്നുണ്ടായിരുന്നു.

ആൾക്കൂട്ടത്തിലൊരാൾ ഒരു കോപ്പ വെള്ളം കൊണ്ടുവന്നു.

'എനക്ക് ദാഗം ഇല്ല...' തളർച്ചയാറ്റിക്കൊണ്ട് അവൻ പറഞ്ഞു.

മേരിയും മരിയാനും വെള്ളം ആർത്തിയോടെ മോന്തിക്കുടിച്ചു.

പത്രോസിന്റെ നിലകണ്ട് പുരോഹിതന് ഒരുനിമിഷം കാൽവരി ഓർമ്മവന്നു. ഏകനായി കുരിശുചുമന്ന ക്രിസ്തുവിന്റെ നിർമ്മലതയും ദൈന്യവും അവനിൽ കണ്ടു. നിശ്ശബ്ദനായി കുരിശുവരച്ചു.

'പത്രോസേ...' സഹാനുഭൂതിയോടെ അച്ചൻ വിളിച്ചു. അടുത്തുവന്ന് അവന്റെ തോളിൽ കൃപയുടെ വലതുകരംവച്ചു. ശേഷം, പ്രാർത്ഥനാപുസ്തകം തുറന്ന് വായിക്കാൻ തുടങ്ങി: 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...'

'എങ്കളുക്കു മുന്നിലെ സൊർക്കവാതില് അടച്ചുകളഞ്ഞച്ചാ...' സങ്കടംകൊണ്ട് പത്രോസ് വിമ്മി.

പഞ്ചായത്ത് പ്രസിഡണ്ട് ആനന്ദാനുഭൂതിയുടെ കരങ്ങൾനീട്ടി അവനടുത്തേക്ക് ഓടിവന്നു: 'പത്രോസേ, പ്രധാനമന്ത്രി തുറമുഖം ഉദ്ഘാടനം ചെയ്തു. കൊറച്ച് മുമ്പ്. ദേ, നോക്ക് പൂമാല. പോകാന്നേരത്ത് പ്രധാനമന്ത്രി എന്റെ നേർക്ക് എറിഞ്ഞുതന്നതാ...' കയ്യിലെ ഹാരം ചൂണ്ടി പറഞ്ഞു. 'ഇതോടെ നമ്മുടെ തുറയുടെ മുഖഛായ...'

പണ്ട് എന്റകൂടെ കടലീ കുളിച്ചും കടപ്പൊറത്ത് കളിച്ചും നടന്നവൻ ഇപ്പൊ വലിയ നേതാവായപ്പൊ, നീയും അവരിക്ക് കൂട്ടുനിന്നല്ല്, 'മൊകച്ചായ...' പത്രോസ് പ്രസിഡന്റിന്റെ നേർക്കുനോക്കി ശോചനീയമായ ഒരൊച്ചയോടെ പറഞ്ഞു: 'ആത്യം നെനക്കൊര് മൊകം വേണും, തൊറേട മൊകം.'

അന്നേരം ചാനൽസംഘം ആ നാടകരംഗങ്ങൾ കാമറയിൽ പകർത്തുകയായിരുന്നു.

ക്യാമറാമേൻ പെട്ടെന്നോടിവന്നു: 'ചേട്ടാ, ആ

കൊണ്ടുവന്ന ഭാരം ഒന്നുകൂടി തോളിലെടുത്തുവച്ചേ... ഒരു ലൈവ് എടുക്കാനാണ്.'

പത്രോസിൽ അന്നേരം പുച്ഛംകലർന്ന ഒരു ചിരിയുണ്ടായി. കിറുക്കന്റെ കോപ്രായമായിട്ടായിരിക്കും ഇവമ്മാരെന്നെ കാണുന്നത്. അങ്ങനേങ്കി അങ്ങനെ, അവൻ ഭാരത്തെ വല്ലവിധേനയുമെടുത്ത് വീണ്ടും മുതുകിലേറ്റി, 'എടുത്തോ, നിങ്ങടയുള്ളില് തെളിയൂല്ല. പശ്ശേങ്കീ, ചിത്രത്തില് തെളിയും...' വിഷമവും വേദനയും നിറഞ്ഞ സ്വരത്തിൽ പറഞ്ഞു.

അപ്പനോടൊപ്പം മേരിയും മരിയാനും ക്യാമറയുടെ കറുത്തകണ്ണിലേക്ക് കുട്ടിഗ്ഗമയോടെ മുഖംനീട്ടി നിന്നു.

ആൾക്കൂട്ടം ആ ഫോട്ടോസീനിലേക്ക് കരഘോഷത്തിന്റെ പശ്ചാത്തലസംഗീതം മീട്ടി.

ക്ലിക്ക്!

അനന്തരം, ഭാരമിറക്കിവച്ച് പത്രോസ് മക്കളേയും ഭാര്യയേയും അടക്കിപ്പിടിച്ച് അവിടെ നിലത്തിരുന്നു. അവരെ അവന്റെ നെഞ്ചിടിപ്പിനോട് ചേർത്തുവച്ചു. കരച്ചിലിന്റെ അർത്ഥമെന്തെന്ന് അവൻ ആദ്യമായി അറിഞ്ഞു. അവന്റെ കണ്ണുതുളുമ്പി. കണ്ണിലെ ഈറൻമറയിലൂടെ കുടിയിറക്കപ്പെട്ട ഒരുകൂട്ടം കോലങ്ങൾ സംഘമായി വന്ന് അവനുചുറ്റും സങ്കടനൃത്തമാടുന്നതായി കണ്ടു. മണ്ണിലേക്ക് കുനിഞ്ഞ് പതിയെ അവനുമാത്രം കേൾക്കാനായി പറഞ്ഞു: ഭൂമിയേ, ഞങ്ങളുടെ മുറവിളിയെ മറച്ചുവക്കരുതേ... ഞങ്ങളുടെ ദുഃഖത്തെ തൂത്തുകളയരുതേ...

(ഹർഷാരവങ്ങൾക്ക് കാതുകൊട്ടിയടച്ച്, അവനിരിക്കുന്നു, പത്രോസ്. ഒരു പ്രച്ഛന്നവേഷം കെട്ടി, ആലംബഹീനമായ ഒരു മുഹൂർത്തവുംപേറി ഇരിക്കുന്നു. ഒരാൾ, ആരെങ്കിലുമൊരാൾ വന്ന് സമാശ്വാസത്തിന്റെ ഒരു വാക്ക്, കൈത്താങ്ങ് എന്തെങ്കിലും...)

ജനം പിന്നെയും കലപിലകൂട്ടിക്കൊണ്ടിരുന്നു.

ഇത്രനേരവും ചിന്താധീനനായി നില്ക്കുകയായിരുന്ന സംവിധായകൻ പത്രോസിന്റെനേർക്ക് മൈക്ക് നീട്ടിപ്പിടിച്ചു: 'ആട്ടെ, പറയൂ, എന്താ ചേട്ടാ ഇത്ര ദൂരവും ചുമലിലേറ്റി വന്നത്.'

ആരെങ്കിലുമതു ചോദിക്കുമെന്ന് അവൻ എത്ര നേരം കാത്തു. പക്ഷേ...

'അങ്ങന ചോദിക്കിൻ, ഞാമ്പറയാം. ഞാങ്കൊണ്ടുവന്നത്...' ഒരു വെളിപ്പെടലിനായെന്നോണം പത്രോസ് എഴുന്നേറ്റുനിന്നു. വീര്യശാലിയെപ്പോലെ നെഞ്ചുയർത്തിനിന്നു. ആകാംക്ഷയും അക്ഷമയുംപൂണ്ട് ജനം. ഭർത്സിക്കാനും പരിഹസിക്കാനും കാത്തുനിന്ന ജനത്തെ അവൻ ആകെയൊന്നുഴിഞ്ഞു. ഒരുമാത്ര അവനിൽ പുച്ഛംകലർന്ന ഒരു ചിരിയുണ്ടായി. ശേഷം, ഉറക്കെ ചങ്കൂറ്റത്തോടെ പറഞ്ഞു:

'കേക്കീൻ... എല്ലാരും കേക്കീൻ, ഞാന് ചൊമന്നോണ്ടുവന്നത് എന്റ കടലിനെ... എല്ലാമായ എങ്കള കടലമ്മയെ...'

●









SHEFIN VENTURE PVT LTD
GST 32ABHCS0402R1ZB
PUNCHAKKARI, THIRUVALLAM PO
THIRUVANANTHAPURAM 695027
+919605869377, 04712082809, 04712082808
shefinappartmentstvm@gmail.com
www.shefinventure.com

# 2025 പുതുവർഷം പുതുചിന്തകൾ

രജിത. വൈ. ആർ
മലയാളം അധ്യാപിക,
പള്ളിത്തുറ ഹയർ സെക്കൻഡറി സ്കൂൾ

സ്മൃതികളുടെ ഒരു പച്ചിലക്കൂട്ടത്തിൽനിന്നും ഒരു ഇലകൂടി കൊഴിയുകയായി... പൂക്കാലത്തെ കാത്തിരിക്കുന്ന പൂമൊട്ടുകൾ വസന്തത്തോട് പരിഭവം പറയുമ്പോലെ പുതിയ വർഷത്തോട് നമുക്ക് എന്താകും പറയുവാനുള്ളത്... ആകാംക്ഷയുടെ ഉരുൾപൊട്ടലുകളിൽ സന്തോഷംനിറഞ്ഞ പുതിയവർഷത്തിന്റെ വരവേൽപ്പിൽ നമുക്ക് നമ്മോടുതന്നെ പറയാനാകുന്ന ചിലതുണ്ടല്ലോ...



പുതുവർഷം എപ്പോഴും പ്രതീക്ഷകളാണ്. പുതുചിന്തകളും തീരുമാനങ്ങളുമാണ്. കടന്നുപോയ വർഷം നമ്മുടെ ജീവിതത്തിൽ സംഭവിച്ച നല്ല ഓർമ്മകളെ, നന്മകളെ, ഒപ്പം കൂട്ടുക. പുതുവർഷത്തിൽ പുതുതീരുമാനങ്ങളിൽ കരുത്ത് പകരാൻ ചില ചിന്തകൾ മാത്രം പകർന്നു തരാനാണ് എന്റെ ശ്രമം.

ദൈവത്തോടും സഹായിക്കുന്നവരോടും നന്ദിയുള്ളവരാകുക, സത്യംമാത്രം പറയുക, തിന്മയെ

വെറുക്കുക, വ്യക്തിത്വമുള്ള ആളാകുക, സമയവും അവസരവും പ്രയോജനപ്പെടുത്തുക,വാക്കുകളെ അളന്നു പയോഗിക്കുക അതായത് മിതഭാഷിയായിരിക്കുക. പഠനങ്ങൾക്ക് മുൻതൂക്കം നൽകണം. പരാജയങ്ങൾ ചവിട്ടുപടിയാക്കണം.സ്വയം സ്നേഹിക്കുക, പരസ്നേഹി ആയിരിക്കുക. നിങ്ങളെ സ്നേഹിക്കുന്നവർക്ക് നിങ്ങളുടെ സമയം നൽകുക. അവരെ കേൾക്കാനും പരിചരിക്കാനും ശ്രമിക്കുക. മുതിർന്നവരോട് ബഹുമാനമുള്ളവർ ആയിരിക്കുക.

ആഘോഷങ്ങളുടെ ആഹ്ലാദതിമിർപ്പിൽ അഴിഞ്ഞാടുന്ന ഒരുപറ്റം യുവജനത്തോട് പറയാനുള്ളത്, മദ്യവും മയക്കുമരുന്നും നിങ്ങളുടെ ജീവിതത്തെ കാർന്നുതിന്നും. നിങ്ങൾ നിങ്ങളുടെ ശരീരത്തെ സ്നേഹിക്കുക. പാപസാഹചര്യങ്ങളിൽനിന്ന് ഒഴിഞ്ഞു നിൽക്കുക. ജന്മംതന്ന മാതാപിതാക്കൾക്ക് താങ്ങായും തണലായും നിൽക്കുക.

കൊച്ചുകുട്ടികൾമുതൽ വയസ്സായവർവരെ ഇന്ന് സ്ക്രീൻ അഡിക്ഷന് ഇരകളാണ്. മൂന്നുനാല് മണിക്കൂർ ഒരേ ഇരിപ്പിൽ മൊബൈൽ നോക്കിയിരിക്കുന്നത് നിങ്ങളുടെ ക്രിയാത്മകശക്തികളെ നശിപ്പിച്ച് കളയും. അടുത്തിരിക്കുന്നവരുടെ മുഖത്ത് നോക്കാതെ അകലെയിരിക്കുന്നവർക്ക് ഹായ് പറയുന്ന പുത്തൻ സംസ്കാരത്തിന് കടിഞ്ഞാണിടുക. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്ന മനുഷ്യന്റെ സ്വതസിദ്ധ വികാരങ്ങൾക്ക് കൂടുതൽ ഊഷ്മളത പകരുക. ജീവിതത്തിലെ ഓരോ ദിനവും കടന്നുപോകുന്നത് വ്യത്യസ്തമായ അനുഭവങ്ങളിലൂടെയാണ്. അനുഭവങ്ങളെല്ലാം പോസിറ്റീവായി കാണുക. ഗതകാല ജീവിതത്തിലെ തെറ്റുകളും അപരാധങ്ങളും തിരുത്താൻ തയ്യാറാവുക. തിരിച്ചറിവുകൾ നേടുക. തിരിച്ചറിവിൽനിന്നും മെച്ചപ്പെട്ട ഒരു ജീവിതം കാഴ്ചവയ്ക്കണം.

നമ്മുടെ കഴിവുകളും യോഗ്യതകളും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് തേച്ചുമിനുക്കിയില്ലെങ്കിൽ മെച്ചപ്പെട്ട ഫലം പുറപ്പെടുവിക്കാനും ജീവിതത്തിൽ വിജയം വരിക്കാനും നമുക്ക് സാധിക്കുകയില്ല. ഇന്നലെകളുടെ മഹത്വം പറഞ്ഞിരിക്കാതെ കാലോചിതമായി മാറ്റങ്ങൾ വരുത്തി ഇന്നുകളും നാളെകളും നമുക്ക് സ്വന്തമാക്കാം.

സംഘർഷങ്ങളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും അനിശ്ചിതത്വത്തിനിടയിലും ധാർമികതയുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും നവമുകുളങ്ങൾ തളിർക്കട്ടെ! സ്വപ്നങ്ങളുടെ വർണ്ണത്തേരിലേറിയുള്ള മനുഷ്യവർഗ്ഗത്തിന്റെ യാത്ര തുടരട്ടെ! ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിതം പ്രശോഭയുള്ളതാകട്ടെ!പുത്തൻ പുലരിയെ സന്തോഷത്തോടെ നമുക്ക് സ്വീകരിക്കാം.






# CHRIST NAGAR GROUP OF INSTITUTIONS

KOWDIAR P.O, TRIVANDRUM -03 ; Ph: +91 471 2318482/83/84/85 Fax: +91 471 2311986



**CHRIST NAGAR HIGHER SEC. SCHOOL** *(ICSE)*

**CHRIST NAGAR ENG. HR SEC. SCHOOL** *(STATE)*

**CHRIST NAGAR CENTRAL SCHOOL** *(CBSE)*

**CHRIST NAGAR INTERNATIONAL SCHOOL** *(IGCSE)*

**CHRIST NAGAR PUBLIC SCHOOL, ATTINGAL** *(CBSE)*

**CHRIST NAGAR COLLEGE, MARANALLOOR** *(Aff. Kerala University)*

www.christnagarschools.org

കവിത

# അധികാരി

ഫാ. റോഷൻ റിച്ചാർഡ്



അധികാരി കറുത്ത കണ്ണട ധരിച്ചു നടന്നു
കൂട്ടത്തിലേറ്റവും അടുപ്പമുള്ളയാൾ കൊടുത്തതാണ്
വെളിച്ചത്തെയിരുട്ടായി കാണാൻ
കണ്ണട ധരിച്ച് കണ്ണടച്ചിരിക്കുന്നതിനാൽ
അധികാരിക്ക് ജനങ്ങളെയും
ജനങ്ങൾക്കധികാരിയെയും മനസിലാക്കാൻ കഴിയാതെയായി
'ചിരിച്ചുകൊണ്ടേയിരിക്കണം' അതാണ് നിർദേശം
പുറമേ നിൽക്കുന്നവരുടെ 'കളിയാക്കിയുള്ള ചിരി'
തിരിച്ചറിയാൻ കറുത്ത കണ്ണട തടസമായി
ഇതിനർത്ഥം അധികാരി 'നഗ്നനാ'ണെന്നല്ല
നഗ്നരായ പ്രിയപ്പെട്ടവർ കവചമായ് നിൽപ്പുണ്ട്
സ്തുതിപാഠകരേറുകയും
വിമർശകർ നിശബ്ദരാവുകയും ചെയ്യുന്നു
പ്രിയപ്പെട്ടവരിപ്പോഴും ചെയ്യുന്നൊരുകാര്യം
പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിക്കൊടുക്കാൻ മറക്കുന്നില്ലായെന്നതാണ്.
അധികാരത്തിന്റെ മത്തുപിടിപ്പിക്കാനിത്
സഹായിക്കുന്നുണ്ട്
ഒന്നും നടക്കുന്നില്ലല്ലോയിവിടെ
എന്നിടത്തുനിന്ന്
ഇനിയൊന്നും നടക്കാൻ പോകുന്നില്ലായെന്നയവസ്ഥയായി
പക്ഷേ
വാഴ്ത്തുപാട്ടുകൾ ധാരാളമുണ്ടല്ലോ
അധികാരം വിവേകത്തെ നഷ്ടപ്പെടുത്തുമോ?
അധികാരം ചിന്തകൾക്ക് തടയിടുമോ?
അധികാരം മടിയനാക്കുമോ?
'അതെ'യെന്നു നിങ്ങളുടെ ജീവചരിത്രം വിധിയെഴുതും
സുരക്ഷിതമായ സ്ഥലമൊരുക്കി,
സൗകര്യത്തിന്റെ പട്ടുമെത്തയിൽ അഭയം കണ്ടെത്തുമ്പോൾ
നിങ്ങൾ ജനഹൃദയങ്ങളിൽ 'ഇല്ല'യെന്ന്
എങ്ങനെ മനസിലാക്കും?
പ്രിയപ്പെട്ടയധികാരി കറുത്ത കണ്ണട മാറ്ററുത്.
അകത്തും പുറത്തുമിരുട്ടാണ്
നിങ്ങൾക്ക് നിങ്ങളെത്തന്നെ നഷ്ടമായിരിക്കുന്നു.



ലേഖനം

# പുകഞ്ഞ കൊള്ളികൾ പെറുക്കിയെടുക്കുന്നവൻ

## വർഷാദ്യദിനചിന്തകൾ

ഫാ. തോമസ് പാട്ടത്തിൽചിറ CMF



ജീവിതത്തിന്റെ നാൾവഴികളിൽ പലയിടങ്ങളിലും, പലസമയങ്ങളിലും, പലതരത്തിലും പലതും നഷ്ടപ്പെടുന്നവരാണ് നമ്മിൽ പലരും. സ്വരുക്കൂട്ടിയ സമ്പത്ത്, നേടിയെടുത്ത സൽപേര്, കാത്തുസൂക്ഷിച്ച ആരോഗ്യം, തണലായിരുന്ന തൊഴിൽ, തളർന്നുവീഴാതെ താങ്ങിനിർത്തിയ ബന്ധങ്ങൾ...എന്നിങ്ങനെ പൊയ്പ്പോയ പലതിന്റെയും നൊമ്പരക്കഥകൾ നമുക്ക് വാതോരാതെ പറയാനുണ്ടാവും. അവയോരോന്നും മാനസികവിഭ്രാന്തിയുടെ ആഴങ്ങളിലേക്കെറിഞ്ഞ നൈരാശ്യക്കുരുക്കിൽ കുറേക്കാലമെങ്കിലും നമ്മുടെ ജീവിതം കുരുങ്ങിക്കിടന്നിട്ടുണ്ടാവും. നഷ്ടപ്പെട്ടവയ്ക്കുവേണ്ടിയുള്ള തിരച്ചിലിനിടയിൽ അവയിൽ ചിലതൊക്കെ വിരൽത്തുമ്പുകളിൽ തടഞ്ഞിട്ടുണ്ട്, കണ്ടെടുത്തിട്ടുമുണ്ട്. എങ്കിലും, നാളിതുവരെ തിരികെ കിട്ടിയിട്ടില്ലാത്തവയാകാം എണ്ണത്തിൽ കൂടുതൽ. അതോർത്ത് ആകുലപ്പെടേണ്ട കാര്യമില്ല. കാരണം, നേടിയവയൊക്കെയും എക്കാലവും ഉള്ളംകൈയിൽ സൂക്ഷിച്ചുവയ്ക്കാനുള്ള കഴിവ് ദൈവം നരജന്മങ്ങൾക്ക് നല്കിയിട്ടില്ല. അതുകൊണ്ടുതന്നെയാണ് ചിലതൊക്കെ നാം പിടിച്ചെടുക്കുമ്പോ

ൾ മറ്റുചിലതൊക്കെ പിടിവിട്ടുപോകുന്നത്. അങ്ങനെ, നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും വഴിക്കണക്കുകൾ കൂട്ടിയും കുറച്ചും കാലം മുഴുമിപ്പിക്കാനാണ് മനുഷ്യ വിധി.

നേരെ മറിച്ച്, നഷ്ടങ്ങളൊന്നും ഇല്ലാത്തവനാണ് ദൈവം. ഒന്നുംതന്നെ അവിടത്തേക്ക് കളഞ്ഞുപോകുന്നില്ല. അവിടത്തെ ദൃഷ്ടിപഥത്തിൽ പെടാത്തവയായി യാതൊന്നുമില്ല. ചരവും അചരവുമായ സകലതിനെയും സദാ കണ്ടുകൊണ്ടിരിക്കുന്നവനാണ് അവിടന്ന്. നിലാവും നിഴലും, കറുപ്പും വെളുപ്പും, പ്രഭാതവും പ്രദോഷവും, വേനലും വർഷവും, ആഴിയുടെ ആഴവും ആകാശത്തിന്റെ അനന്തതയും അവിടത്തേക്ക് ഒരുപോലെയാണ്. അഖിലജ്ഞാനിയായ അവിടത്തേക്ക് അഗ്രാഹ്യവും അജ്ഞാതവുമായി പ്രപഞ്ചത്തിന്റെ ഒരു കോണിലും ഒന്നും ഒളിഞ്ഞിരിപ്പില്ല. ഈയൊരു അറിവിന്റെയും അവബോധത്തിന്റെയും മാറ്റൊലിയാണ് സങ്കീർത്തകന്റെ (സങ്കീ.139:7-12) അധരങ്ങളിൽ മുഴങ്ങുന്നത്. അങ്ങനെയാകുമ്പോൾ, നാമും നമ്മുടെ ഹൃദയവ്യാപാരങ്ങളും ദൈവത്തിന്റെ കൺമുമ്പിൽ മറകളില്ലാതെ നിലകൊള്ളുകയാണ്.

നമ്മുടെ കഴിവുകളും കുറവുകളും, ബലവും ബലഹീനതയും, സന്തോഷവും സന്താപവും, പാപവും പുണ്യവും, നേട്ടവും നഷ്ടവുമെല്ലാം അവിടന്ന് അറിയുന്നുണ്ട്. ഒളിച്ചിരിക്കാൻ നമുക്ക് ഒരിക്കലുമാവില്ല. കാരണം, നാമെപ്പോഴും അവിടത്തെ മിഴിദർപ്പണത്തിലാണ്. ദൈവത്തിന് നമ്മെ നഷ്ടപ്പെടുന്നില്ല, പലപ്പോഴും നമുക്ക് ദൈവത്തെയാണ് നഷ്ടപ്പെടുന്നത്. അവിടന്ന് നമ്മെ കാണാതെ പോകുന്നില്ല, നാം അവിടത്തെ കാണാതെ പോവുകയാണ് ചെയ്യുന്നത്. അതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ അനുഷ്ഠിച്ചുകഴിയുമ്പോൾ വീണ്ടും അവിടത്തെ ദർശിക്കാൻ അവിടന്ന് നമ്മെ സഹായിക്കും. നമ്മെ തേടി നടക്കേണ്ട ആവശ്യം അവിടത്തേക്കില്ല. എങ്കിലും, തികച്ചും മാനുഷികമായ രീതിയിലുള്ള ചില കാണാതെപോകലിന്റെ കഥകൾ വേദഗ്രന്ഥത്തിൽ നാം വായിക്കുന്നില്ലേ? എന്നാൽ, അവയൊന്നും നിത്യമായ നഷ്ടങ്ങളായി എണ്ണപ്പെടുന്നില്ല. പിന്നെയോ, വെറും നൈമിഷികങ്ങളായ സ്ഥാനഭ്രംശങ്ങൾ സംഭവിച്ചവ മാത്രമാണ്. കാണാതെപോയ കുഞ്ഞാടും, നഷ്ടപ്പെട്ട നാണയത്തുട്ടും, പടിയിറങ്ങിപ്പോയ പുന്നാരപ്പുത്രനുമൊക്കെ (ലൂക്കാ 15) ഈ ഗണത്തിൽ പെടുന്നവയാണ്. അതുകൊണ്ടാണ് ഹ്രസ്വമായ ഇടവേളകൾക്കുശേഷം അവയോരോന്നും പൂർവ്വസ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിക്കപ്പെടുന്നത്. കണ്ടെടുക്കാനാവാത്തവിധം യാതൊന്നും കളഞ്ഞുപോയിട്ടില്ലെന്നും, വീണ്ടെടുക്കാനാവാത്തവിധം യാതൊന്നും വിദൂരസ്ഥമല്ലെന്നുമുള്ളത് സുവിശേഷസാരാംശം.

നഷ്ടപ്പെട്ടവയെ അന്വേഷിച്ചുകണ്ടെത്താൻ മനുഷ്യാവതാരമെടുത്തവൻ പൂർത്തിയാക്കിയതും ഇത്തരമൊരു പുനഃപ്രതിഷ്ഠ തന്നെയാണ്. സൃഷ്ടിയുടെ മകുടമായിരുന്ന മനുഷ്യൻ അഹന്തയും അജ്ഞതയും മൂലം സ്രഷ്ടാവിനെ മറന്ന് പാപത്തിന്റെ കാന്തികവലയത്തിൽ അകപ്പെട്ട് ദൈവം വിഭാവനം ചെയ്ത പ്രാഥമിക ക്രമത്തിൽനിന്നു വ്യതിചലിച്ചുപോയപ്പോൾ പുത്രനായ ദൈവം തന്റെ പരിശുദ്ധ കുരിശിന്റെ ശക്തിയാൽ അവനെ പവിത്രമായ പൂർവ്വസ്ഥാനത്തേക്ക് തിരികെ കൊണ്ടുവന്നു. കാരുണ്യവാനായ തന്റെ മുഖം ഒരു വട്ടംകൂടി കാണാനും താൻ നല്കുന്ന പാപമോചനവും സമാധാനവും സ്വന്തമാക്കാനും പാതപിഴച്ചുപോയ അവനെ അവിടന്ന് പ്രാപ്തനാക്കി. നഷ്ടപ്പെട്ടുപോകാൻ അവിടന്ന് അവനെ അനുവദിച്ചില്ല.

ചില നഷ്ടങ്ങളെ ചിലപ്പോഴെങ്കിലും നാം അവഗണിച്ചിട്ടില്ലേ? കളഞ്ഞുപോയ ചിലതെങ്കിലും പോകട്ടെയെന്നു കരുതിയിട്ടില്ലേ? കുടി മൂത്ത് കടം കയറ്റി കുടുംബം കുട്ടിച്ചോറാക്കുന്ന കെട്ടിയോൻ, കുട്ടിക്കാര്യങ്ങൾക്കുപോലും കലഹമുണ്ടാക്കി കെട്ടുതാലിയും പൊട്ടിച്ച് കണ്ടവനൊരുത്തന്റെ കൂടെപ്പോയ ഭാര്യ, അടിക്കുന്ന വഴിയേ പോകാൻ മടിക്കുന്ന സന്താനങ്ങൾ, കുലദ്രോഹികളായ കൂടപ്പിറപ്പുകൾ, സമനില തെറ്റിയ സഹോദരങ്ങൾ, പള്ളിയും പട്ടക്കാരനും വേണ്ടാത്ത മാതാപിതാക്കൾ, ചങ്കിൽ കുത്തിയിട്ട് ചിരിച്ചുകൊണ്ടുപോയ ചങ്ങാതിമാർ, കൂട്ട് നിന്നിട്ട് കുതികാല് വെട്ടിയവർ...എന്നിങ്ങനെ ചില പുകഞ്ഞ കൊള്ളികളെ പടിയ്ക്കു പുറത്താക്കി പിണ്ഡം വയ്ക്കുന്നവരാണ് നമ്മിൽ പലരും. മനഃപൂർവ്വമല്ലെങ്കിലും സാഹചര്യങ്ങൾ നമ്മെ അങ്ങനെ ചെയ്യിക്കാറുണ്ട്. കാരണം, പച്ചമനുഷ്യരായ നമ്മുടെ ക്ഷമയും സഹനശക്തിയുമൊക്കെ പരിമിതങ്ങളാണ്. എന്നാൽ, ഒന്നിനും അതിരുകളില്ലാത്തവനാണ് ദൈവം. അതുകൊണ്ടുതന്നെ പുകഞ്ഞ കൊള്ളികൾ പെറുക്കിയെടുക്കുന്നവനാണ് അവിടന്ന്. സൃഷ്ടിയുടെ ആരംഭംമുതൽ രക്ഷാകരചരിത്രത്തിലുടനീളം 'പുകഞ്ഞ കൊള്ളികൾ' എന്ന് പേര് വിളിക്കാവുന്നവർ തന്നെയായിരുന്നു അധികവും. മറ്റൊരു ദൈവവും ചെയ്യാത്ത വിധത്തിലുള്ള അദ്ഭുതങ്ങളും അടയാളങ്ങളും വഴി ഇസ്രായേലിന്റെ ദൈവം ഈജിപ്റ്റിലെ അടിമത്തത്തിൽനിന്ന് വീണ്ടെടുത്തവരിൽ നല്ലൊരു ശതമാനവും വാഗ്ദത്തനാട്ടിലേക്കുള്ള യാത്രാമദ്ധ്യേ സത്യദൈവത്തിന്റെ കരുണയും കരുതലും മറന്ന് അവിടത്തേയ്ക്കെതിരെ പല്ലിറുമ്മുകയും മറ്റു ദേവന്മാരുടെ പിന്നാലെ പോവുകയും ചെയ്തു (നിയമ. 4:12-40). എന്നിട്ടും അവരെ കൈവെടിയാൻ ദൈവത്തിനു മനസ്സുവന്നില്ല.

തന്റെ കല്പനകളും ചട്ടങ്ങളും അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനും അകൃത്യങ്ങളെ അകറ്റിനിർത്തി അതുവഴി താൻ ശാശ്വതമായി കൊടുത്ത ദേശത്ത് ദീർഘകാലം വസിക്കാനും അവിടന്ന് അവർക്ക് അവസരമൊരുക്കി. അർദ്ധവഴിയിൽ അവരെ അനാഥരായി ഉപേക്ഷിക്കാൻ അവടന്ന് ആഗ്രഹിച്ചില്ല. ചിതറിപ്പോയ അവരെ അവിടന്ന് പെറുക്കിക്കൂട്ടുകതന്നെ ചെയ്തു. ഓർക്കണം, ഭൂതകാലത്ത് പറ്റിപ്പോയ തെറ്റുകൾ തിരുത്തി നന്മയുടെ നടവഴി തിരഞ്ഞെടുക്കാനുള്ള തന്റേടം നാം കാട്ടിയാൽ അനുകമ്പാർദ്രനായ ദൈവത്തിന്റെ മാറിലെ ചൂടനുഭവിക്കാൻ നമുക്കും ഭാഗ്യമുണ്ടാകും. താൻ വിലമതിക്കുന്നവരുടെ അവിശ്വസ്തതയെ വിസ്മ

രിച്ച് അവരെ തന്നോട് അടുപ്പിക്കുന്നവനാണ് ദൈവം. അറിഞ്ഞോ അല്ലാതെയോ നാം ചെയ്യുന്ന പാപങ്ങൾക്ക് മുൻപും പിൻപും വിവിധ വ്യക്തികളിലൂടെയും സാഹചര്യങ്ങളിലൂടെയും ദൈവം തരുന്ന താക്കീതുകൾക്ക് കാതോർക്കാനും അവയ്ക്കനുസൃതമായി നമ്മുടെ ചുവടുകളെ നിയന്ത്രിക്കാനും നമുക്ക് കഴിഞ്ഞാൽ അവിടത്തെ സംരക്ഷണത്തിന്റെ ചിറകിൻകീഴിൽ നാമുണ്ടാവും.

കെട്ടഴിഞ്ഞവയെ കൂട്ടിക്കെട്ടാനും, ഛിന്നഭിന്നമായവയെ ചേർത്തിണക്കാനുമാണ് ക്രിസ്തു വന്നത്. അവൻ ആരെയും അവഗണിച്ചില്ല. നമ്മിലെ അയോഗ്യതകൾ പെറുക്കിക്കൂട്ടിയ പിഞ്ഞാണപ്പാത്രവുമേന്തി ആത്മാർഥമായ അനുതാപത്തോടെ കർത്താവിന്റെ കാൽത്താരിൽ അണഞ്ഞാൽ അവൻ നമ്മെ സ്വീകാര്യരും പ്രിയരുമായി കരുതും. പഴയതിനേക്കാൾ പതിന്മടങ്ങ് തേജസ്സുള്ള സ്നേഹത്തിന്റെ പുതിയ ഉടമ്പടിയുടെ പൊൻനൂലിനാൽ ഇനിയൊരിക്കലും ഇടറിവീഴാത്തവണ്ണം നമ്മെ ബന്ധിക്കുകയും ചെയ്യും. മൂന്നാം സുവിശേഷത്തിലെ (ലൂക്കാ 15; 1-7) പുകഞ്ഞ കൊള്ളികൾ പെറുക്കിയെടുക്കുന്നതിൽ അതീവ തത്പരനായ ദൈവത്തിന്റെ വാത്സല്യത്തിന്റെ വലക്കണ്ണികളിൽ നമ്മുടെ ഹൃദയങ്ങൾ ഇന്ന് ഇത്തിരി നേരം ഉടക്കിക്കിടക്കട്ടെ. അവിടത്തെ കരുതുന്ന കാരുണ്യത്തെക്കുറിച്ച് തെല്ലിട മിഴികളടച്ച് ധ്യാനിക്കാം. ഒരുപക്ഷെ, നാം പുകഞ്ഞ കൊള്ളികളായിരിക്കാം. സ്വാർഥം വെട്ടിയ വഴിയിലൂടെ വളരെ ദൂരം സഞ്ചരിച്ചിട്ടുണ്ടാവാം. പൊറുതിയർഹിക്കാത്ത പാപങ്ങൾ ചെയ്തിട്ടുണ്ടാവാം. ദൈവത്തെ തള്ളിപ്പറഞ്ഞും വെല്ലുവിളിച്ചും നടന്നിട്ടുണ്ടാവാം. കൗദാശികജീവിതത്തിൽനിന്ന് അകന്നുകഴിഞ്ഞിട്ടുണ്ടാവാം. വലുതാകാനും വാരിക്കൂട്ടാനുമുള്ള വ്യഗ്രതയിൽ വിശുദ്ധവും അമൂല്യവുമായിട്ടുള്ള പലതിനെയും ചവിട്ടിമെതിച്ചിട്ടുണ്ടാവാം.

ഓർക്കണം, നല്ലിടയനായ കർത്താവിന് നമ്മെ ഇനിയും നഷ്ടമായിട്ടില്ല. അവിടത്തെ ദൃഷ്ടിവലയത്തിനുള്ളിൽ തന്നെയാണ് നാം ഇപ്പോഴും ഇരിക്കുന്നതും ചരിക്കുന്നതും. അവിടത്തെ കരുതലിൽ വിശ്വസിക്കാൻ പഠിക്കാം. കലണ്ടർ മാറ്റുന്നതിലുള്ള കൃത്യനിഷ്ഠയും ശുഷ്കാന്തിയും ജീവിതത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിലും, ദുശ്ശീലങ്ങൾ ഒഴിവാക്കുന്നതിലും കാണിക്കാം. ഒപ്പം, ആരെയും അവഗണിക്കാതിരിക്കാൻ ശ്രദ്ധിക്കാം. സകലരും ദൈവത്തിന് അമൂല്യരാണ്. കൊഴിഞ്ഞ പൂമൊട്ടുകൾ കോർത്തെടുക്കുന്നവനും, ഉടഞ്ഞ മൺപാത്രങ്ങൾ ചേർത്തുവയ്ക്കുന്നവനും, അടഞ്ഞ വാതിലുകൾ തുറക്കുന്നവനും, മുറിഞ്ഞ ബന്ധങ്ങൾ വിളക്കിച്ചേർക്കുന്നവനും, പുകഞ്ഞ കൊള്ളികൾ പെറുക്കിയെടുക്കുന്നവനുമായ നമ്മുടെ ദൈവത്തെ കൂട്ടുപിടിച്ച് പുതുവർഷത്തിന്റെ പാതയിലൂടെ മുന്നേറാം. 2025 തികച്ചും വ്യത്യസ്തമായ ഒരു ജീവിതാനുഭവം തീർച്ചയായും നമുക്ക് പ്രദാനം ചെയ്യും. ●

>>>>>>> 15

സ്നേഹം നഷ്ടപ്പെട്ട ഇടങ്ങളിൽ സ്നേഹം എത്തിപ്പെടാത്ത അവസ്ഥകളിൽ സ്നേഹം വറ്റിപ്പോയ സാഹചര്യങ്ങളിൽ പ്രത്യാശയുടെ വെളിച്ചം നൽകി സ്നേഹത്തിന്റെ സദ്ഫലങ്ങൾ പടർത്താൻ പാപ്പ നമ്മെ ക്ഷണിക്കുന്നു. പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, ഹൃദയമാണ് നമ്മുടെ ന്യായാധിപൻ - ഹൃദയത്തിൽ നിന്നകന്ന് വിലപ്പെട്ടതായി ഒന്നും ചെയ്യാനാവില്ല.

## (5) സിനഡാത്മകത

സഹഗമനം; ഒന്നിച്ചുള്ളയാത്ര. ഇത് കാലത്തിന്റെ ആവശ്യമാണ്. കൂട്ടായ്മയിലൂടെയും പങ്കുചേരലിലൂടെയും യേശുവിന്റെ സുവിശേഷം എല്ലായിടത്തും പ്രഘോഷിക്കുവാൻ നാം അനുവർത്തിക്കേണ്ട നവമായ അജപാലന ശൈലികൂടിയാണ് സിനഡാത്മകസഭ. എല്ലാപേരെയും ഉൾക്കൊള്ളുന്ന ആരെയും സ്നേഹവലയത്തിൽ നിന്നും പുറത്താക്കാത്ത, ഏറ്റക്കുറച്ചിലുകളില്ലാത്ത, ദൈവാനുഭവം സാധ്യമാക്കാൻ എല്ലാപേരും, മെത്രാന്മാർ, വൈദികർ, അൽമായർ, വിവിധ സാഹചര്യങ്ങളിലും അവസ്ഥകളിലും കഴിയുന്നവർ, ഏകമനസ്സോടെ പരസ്പര തല്പരതയോടെ ഒന്നിച്ച് യാത്ര ചെയ്യേണ്ടതാണ് സിനഡാത്മകത.

അങ്ങനെയെങ്കിൽ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയുടെ കരം പിടിച്ച് ഈ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരാകാം. ●



# VISWAPRAKASH CENTRAL SCHOOL(CBSE)

MANGATTUKADAVU ,THIRUMALA P.O.,THIRUVANANTHAPURAM-695006

## ADMISSION OPEN FOR 2025-26

CLASSES FOR

## MONTESSORI & DAYCARE

WILL BEGIN FROM

JUNE 2025 ONWARDS

Classes

Pre KG -XII Science,

Commerce & Humanities

**INNOVATE | EDUCATE | ELEVATE**

Mangattukadavu ,Thirumala P.O., TVM -695006


www. viswaprakashcentralschool.com

Ph:0471-2357124,2357999

കവിത

# ചരിത്രത്തിൽ ക്രിസ്തു എന്നൊരു മനുഷ്യൻ ജീവിച്ചിരിക്കുന്നു

Sr. റീഷ്മ സൈമൺ H. H
(Handmaids of Hope)




യേശു - അവൻ ആരായിരുന്നു: അവന്റെ അത്ഭുതങ്ങൾ, അവന്റെ ദൗത്യം, അവന്റെ സ്നേഹം... എന്ന തലക്കെട്ടിൽ 2024 ലെ ടൈം മാഗസിന്റെ പ്രത്യേക പതിപ്പ്, യേശുക്രിസ്തുവിന്റെ ജീവിതത്തിന്റെയും, അദ്ധ്യാപനങ്ങളുടെയും ഉറവിടത്തെ അനാവരണം ചെയ്യുന്നു. ചരിത്രത്തിൽ യേശുക്രിസ്തു എന്നൊരു മനുഷ്യൻ ജീവിച്ചിരിക്കുന്നു എന്ന് മനുഷ്യരാശിയെ നിരന്തരം ഓർമ്മപ്പെടുത്തുക എന്ന് തത്ത്വചിന്തകൻ ജോൺ സ്റ്റുവട്ട് മിൽ ഒരിക്കൽ പറഞ്ഞു. യേശുവിന്റെ അത്ഭുതങ്ങൾ, അവന്റെ ദൗത്യം, ചരിത്രസന്ദർഭങ്ങൾ എന്നിവയെക്കുറിച്ചുള്ള പര്യവേക്ഷണങ്ങൾക്കൊപ്പം "ആരാണ് യേശു" എന്ന് പരസ്യജീവിതം ആരംഭിച്ചപ്പോൾമുതൽ എല്ലാവരും ചോദിക്കാൻ തുടങ്ങി; അവൻ അധികാരത്തോടെ പഠിപ്പിക്കുന്നു, ശക്തിയോടെ അടയാളങ്ങൾ പ്രവർത്തിക്കുന്നു, മരിച്ചവർക്ക് ജീവൻ മടക്കി നൽകുന്നു, പരിശുദ്ധമെന്നും അപ്രമാദമെന്നും കരുതിയിരുന്ന മതസംവിധാനങ്ങളെയും മതനേതാക്കളെയും അതിന്റെ നടത്തിപ്പുകാരായ നേതാക്കന്മാരെയും നിർഭയനായി കുറ്റം വിധിക്കന്നു, വെറുക്കപ്പെട്ടിരുന്ന അനേകരെ ദൈവമക്കളെന്നു വിളിച്ച് അവർക്ക് അളവില്ലാത്ത അനുഗ്രഹങ്ങൾ പകുത്തു നൽകുന്നു. ചരിത്രത്തിലും വിശ്വാസത്തിലും യേശുവിന്റെ സ്വാധീനം ആഘോഷിക്കാനും വിശകലനം ചെയ്യാനുമുള്ള അതിന്റെ ലക്ഷ്യം ശ്ലാഘനീയമാണെങ്കിലും അത് ഒന്നിലധികം മേഖലകളിൽ വിമർശനാത്മകതയോടെ പരിഗണിക്ക

പ്പെടുന്നു. വിശ്വാസികളെയും മതേതര വായനക്കാരെയും ആകർഷിക്കുന്ന, ചരിത്രപരമായ പാണ്ഡിത്യത്തെ മതപരമായ ഭക്തിയുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന വൈവിധ്യമാർന്ന വിഷയങ്ങൾ പ്രത്യേക പതിപ്പ് പ്രദർശിപ്പിക്കുന്നു. ഇതിൽ വർണാഭമായ ദൃശ്യങ്ങളും, അതിലെ വിവരശേഖരണങ്ങളും ക്രിയാത്മകമായി പ്രദർശിപ്പിച്ചിരിക്കുന്നു.

**കോംപ്ലക്സ് തിയോളജിയുടെ ലളിതവൽക്കരണം:** ലേഖനങ്ങൾ സങ്കീർണ്ണമായ ദൈവശാസ്ത്ര ആശയങ്ങളും ചരിത്രപരമായ സംവാദങ്ങളും സംഗ്രഹിക്കുന്നു. അത് കൂടുതൽ ലളിതമാക്കുകയോ ആഴത്തിലുള്ള സൂക്ഷ്മതകളെ മറയ്ക്കുകയോ ചെയ്യേക്കാം. ഈ സമീപനം ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലും ചരിത്ര - വിമർശന പഠനങ്ങളിലും മനസ്സിലാക്കിയിരിക്കുന്ന യേശുവിന്റെ വ്യക്തിത്വത്തിന്റെ സങ്കീർണ്ണതകളെ പരിമിതപ്പെടുത്താൻ സാധ്യതയുണ്ട്.

**ചരിത്ര- നിർണ്ണായക സമീപനം:** ചരിത്രനിർണ്ണായക രീതികളെ ആശ്രയിക്കുന്നത് പരമ്പരാഗത ക്രിസ്ത്യൻ കാഴ്ചപ്പാടുകളെ വെല്ലുവിളിച്ചേക്കാം. സമാന്തര സുവിശേഷങ്ങളിൽ ക്രിസ്തുവിജ്ഞാനീയം രൂപപ്പെട്ടു. യേശുവിനെ അറിയുന്ന ഓരോ ജനതയും അവരുടെ മതരാഷ്ട്രീയ സാമ്പത്തിക സാമൂഹിക ചുറ്റുപാടിൽ നിന്നുകൊണ്ട് അവരുടേതായ ക്രിസ്തുവിജ്ഞാനീയത്തിന് രൂപം നൽകണം. ഇതിനവരെ പ്രാപ്തരാക്കുന്നതും അവർക്ക് പ്രചോദനമേകുന്നതും ചരിത്രത്തിൽ ജീവിച്ച യേശു തന്നെയാണ്. ക്രിസ്തു ഈ ലോകത്ത് ജീവിച്ച് കടന്നുപോയ ഒരു വ്യക്തിയല്ല ഒരു ചരിത്ര പുരുഷനെ പഠിക്കുന്നതുപോലെ വായിച്ച് മനസ്സിലാക്കാവുന്നതല്ല യേശുവിന്റെ വ്യക്തിത്വം. അവൻ ദൈവവും കൂടിയാണ്. ചരിത്രത്തിൽ ജീവിച്ച യേശുവിനെത്തന്നെയാണ് നമ്മൾ സുവിശേഷങ്ങളിൽ അന്വേഷിക്കുന്നത്. ഈ യേശുതന്നെയാണ് നമ്മുടെ വിശ്വാസത്തിന്റെ ബോധതലങ്ങളിലുണ്ടാവേണ്ടത്. ഇവ മൂന്നും പരസ്പരപൂരകങ്ങളാകുമ്പോൾ യേശുക്രിസ്തുവാകും. ആ ക്രിസ്തു എന്നെയും സമൂഹങ്ങളെയും മാനസാന്തരത്തിലേക്കും വിമോചനത്തിലേക്കും നയിക്കുന്ന രക്ഷകനാകും. ഫുൾട്ടൻ ജെ ഷീൻ ഇങ്ങനെ പറയുന്നു: ക്രിസ്തുവിജ്ഞാനീയ ചരിത്രം തന്നെ തത്വങ്ങളെ അവതരിപ്പിക്കുകയല്ല. യേശുവിനെ തങ്ങളുടെ ദൈവവും കർത്താവുമായി ആരാധിക്കുന്നവരുടെ മനസ്സിൽ ചരിത്രത്തിൽ ജീവിച്ച യേശുവിനെപ്പറ്റി ഉയർന്നുവരുന്ന ചില ചോദ്യങ്ങൾക്ക് വിശ്വാസത്തിന്റെ ദൃഷ്ടിയിൽ, സുവിശേഷങ്ങളുടെയും മറ്റു മാധ്യമങ്ങളുടെയും അടിസ്ഥാനത്തിൽ ലളിതവും ഹ്രസ്വവുമായ ഉത്തരങ്ങളെ അവതരിപ്പിക്കുക എന്നുമാത്രമാണ്.

സാംസ്കാരികവും സാന്ദർഭികവുമായ വിടവുകൾ, പതിപ്പ് ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ, അത് പാശ്ചാത്യേതര ക്രിസ്ത്യൻ പാരമ്പര്യങ്ങളെയോ യുറോ - അമേരിക്കൻ സന്ദർഭങ്ങൾക്കപ്പുറമുള്ള യേശുവിന്റെ പ്രസക്തിയെയോ അപര്യാപ്തമായി പ്രതിനിധീകരിക്കുന്നു. മൊത്തത്തിൽ, ടൈമിന്റെ പ്രത്യേക പതിപ്പ് യേശുവിന്റെ ജീവിതത്തിലേക്കും പൈതൃകത്തിലേക്കും ആകർഷകമായ ഒരു പ്രവേശനം നൽകുന്നു. എന്നാൽ അവന്റെ ചരിത്രപരവും ആത്മീയവുമായ പ്രധാന്യം അവതരിപ്പിക്കുന്നതിൽ ആഴത്തെയും സന്തുലിതാവസ്ഥയെയുംകുറിച്ച് ആശങ്കകൾ ഉയർത്തുന്നു. യേശുക്രിസ്തുവിന്റെ ചരിത്രപരവും ആത്മീയവും സാംസ്കാരികവുമായ സ്വാധീനത്തെക്കുറിച്ചുള്ള ആഴത്തിലുള്ള പര്യവേക്ഷണം ടൈം മാഗസിൻ പ്രത്യേക പതിപ്പായ ജീസസ്: യേശു ആരാണ് എന്ന ചോദ്യത്തിന് വ്യക്തിപരമായ ഒരു തലംകൂടിയുണ്ട്. യേശുതന്നെ ശിഷ്യന്മാർക്ക് അത് വ്യക്തമാക്കിക്കൊടുക്കുന്നു. യേശു ആരാണെന്നുള്ളതിന് ലോകം നൽകുന്ന ഉത്തരങ്ങൾ അവതരിപ്പിച്ച ശിഷ്യന്മാരോട് യേശുവിന് ചോദിക്കാനുണ്ടായിരുന്നത് വ്യക്തിപരമായ ഒരു ചോദ്യമാണ്; "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്? (മത്താ:16: 13-16) നാം ഉത്തരം കണ്ടെത്തേണ്ട ചോദ്യം, "യേശു എനിക്ക് ആരാണ്?" ഈ ചോദ്യത്തിൽ നിന്ന് ആരംഭിക്കേണ്ട ജീവിതയാത്ര ഈ പതിപ്പ് നമ്മുടെ മുന്നിൽ വെല്ലുവിളി ഉയർത്തുന്നു.

സുവിശേഷങ്ങളിലെ വിവരണങ്ങൾ അനുസരിച്ച് പലസ്തീനയിൽ റോമൻ മേൽക്കോയ്മ നിലനിൽക്കെ, യൂദായായിലെ ബേത്ലഹേമിൽ യേശു ജനിച്ചു. ആശാരിപ്പണിക്കാരനായിരുന്ന യൗസേപ്പിന്റെ ഭാര്യ മറിയം ആയിരുന്നു അമ്മ എന്ന് ചൂണ്ടിക്കാണിക്കുന്ന ലേഖനം യേശുവിന്റെ മാതാപിതാക്കൾ സഹവസിക്കുന്നതിനു മുമ്പ് അവൾ ദൈവാത്മാവിന്റെ ശക്തിമൂലം ഗർഭിണിയായി കാണപ്പെട്ടു. ഈ അവസരത്തിലാണ് റോമൻ ചക്രവർത്തി അഗസ്റ്റസ് സീസർ സകലജനങ്ങളുടെയും സെൻസസ് എടുക്കണമെന്ന കല്പന പുറപ്പെടുവിച്ചത്. ജോസഫും മറിയവും യൂദയായിലെ ദാവീദിന്റെ ഗോത്രത്തിൽ നിന്നുള്ളവരായതുകൊണ്ട് അവർക്ക് അങ്ങോട്ടേക്ക് യാത്രതിരിക്കേണ്ടി വന്നു. നസ്രത്തിൽനിന്ന് യൂദയായിലെ ബേത്ലഹേമിലേക്ക് ഏകദേശം 90 മൈൽ ദൂരമുണ്ട്. പലായനം വളരെ ക്ലേശകരമായ യാത്രയായി തിരുകുടുംബത്തിന് സംഭവിക്കപ്പെട്ടുവെന്ന് ലേഖനം ചൂണ്ടിക്കാണിക്കുന്നു.

കാനോനിക സുവിശേഷങ്ങൾ വിട്ടുകളഞ്ഞ രഹസ്യജീവിതത്തെക്കുറിച്ചുള്ള പരാമർശം തികച്ചും അജ്ഞാതമാണ്. യേശുവെന്ന ചരിത്രപുരുഷൻ വാക്കിലും പ്രവൃത്തിയിലും ശക്തനായിരുന്നുവെന്ന് എല്ലാവരും തിരിച്ചറിയുന്നു. പലസ്തീനായിൽ ജനിച്ച് സാധാരണക്കാരനായി വളർന്ന ഒരു യുവാവിന് അത്ഭുത പ്രവർത്തകനായും, ദൈവശാസ്ത്രപണ്ഡിതനായും, സൗഖ്യദായകനായും വിളങ്ങി പ്രശോഭിക്കാൻ ദൈവികതയും മാനുഷികതയും യേശുവെന്ന വ്യക്തിത്വത്തിന്റെ അടയാളമാണ്. യേശുവിന്റെ ജനനം, പരസ്യജീവിതം, മരണം, ഉത്ഥാനം ഇവ നാലു സുവിശേഷകന്മാരും അവതരിപ്പിക്കുന്നത് ഒരേ സത്യമാണ്. യേശു ദൈവപുത്രനാണ്. മത്തായി സുവിശേഷകൻ രാജാവായ ക്രിസ്തുവിനെ അനുസ്മരിക്കുമ്പോൾ, മാർക്കോസ് ദാസനായ യേശുവിനെയും, ലൂക്കാ മനുഷ്യനായ ക്രിസ്തുവിനെയും യോഹന്നാൻ ദൈപുത്രനായ ക്രിസ്തുവിനെയും ദൃശ്യവത്ക്കരിക്കു

ന്നു. പരിശുദ്ധ കന്യാകാമറിയത്തെയും, മഗ്ദേലനമറിയത്തെയും പാരമ്പര്യത്തിലൂടെയല്ല മറിച്ച്, സ്ത്രീകളെ അംഗീകരിക്കുകയും, ശക്തമായ പുരുഷമേധാവിത്വ സംസ്കാരത്തിന്റെ പശ്ചാത്തലത്തിലായിരുന്നിട്ടും അവരെ സമത്വത്തിന്റെ പാതയിൽ കാണുന്ന ക്രിസ്തുവിന്റെ ഉൾക്കാഴ്ച വളരെ വലുതാണ്. അത്ഭുതങ്ങളുടെ ഏറ്റവും പ്രധാനലക്ഷ്യം യേശുവിൽ സമാഗതമായിരിക്കുന്ന ദൈവ രാജ്യസ്ഥാപനത്തിന്റെ പ്രഖ്യാപനമാണ്. ഇത് പഴയനിയമ പ്രവചനങ്ങളിലൂടെ പൂർത്തീകരണത്തിനും, മനുഷ്യരെ ശിഷ്യത്വത്തിലേക്ക് ആനയിക്കുന്നതിനുംവേണ്ടിയാണ് എന്നത് ടൈം മാഗസിൻ വിശദീകരിക്കുന്നു. യേശുവിന്റെ ജനനം മുതൽ മരണംവരെ സഹനദാസനായവൻ മാത്രമായിരുന്നില്ല എന്ന് ഓർക്കണം. യേശു ബോധപൂർവ്വം തീരുമാനിച്ചുറച്ച് തന്റെ ദൗത്യം നിർവ്വഹിക്കാൻ ഇറങ്ങിത്തിരിക്കുകയായിരുന്നു. മുഴുവൻ ലോകത്തിനും വേണ്ടിയും തന്റെ പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യമാണത്. ഈ ദൗത്യനിർവ്വഹണത്തിന് യേശു തന്റെ ജീവൻ പൂർണസമ്മതത്തോടെ വിലയായി നൽകുകയായിരുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ ആരംഭവും അടിസ്ഥാനവും കേന്ദ്രവും യേശുവിന്റെ പുനരുത്ഥാനമാണ്. യേശുവിന്റെ കുരിശിലെ മരണം ശിഷ്യന്മാർക്ക് തകർച്ചയുടെയും പരാജയത്തിന്റെയും അനുഭവമായിരുന്നു. അടച്ച മുറിയിൽ ഭയത്തിലും ദുഃഖത്തിലും കഴിഞ്ഞവർ നിർഭയരായി പട്ടണമദ്ധ്യത്തിലും അന്യദേശങ്ങളിലും ധൈര്യത്തോടെ വിളിച്ചു പറഞ്ഞു; "നിങ്ങൾ വധിച്ച യേശു യഥാർത്ഥത്തിൽ മിശിഹായാണ്." ഈ മാറ്റം അവരിൽ വരുത്തിയത്. ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന ബോധ്യവും ഉയിർത്തെഴുന്നേറ്റവനെ നേരിൽ കണ്ടുമുട്ടിയതുമാണ്. യേശുവിന്റെ ഉത്ഥാനത്തിന്റെ ഏറ്റവും വലിയ തെളിവ് ശിഷ്യന്മാരിലുണ്ടായ ഈ പരിവർത്തനമാണ്. ശിഷ്യന്മാർ ഉത്ഥാനാനുഭവത്തിലെത്തിയത് പ്രധാനമായും രണ്ടും സംഭവങ്ങളിലൂടെയാണ്. ശൂന്യമായ കല്ലറ കാണുന്നതിലൂടെയും ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയതിലൂടെയം ശിഷ്യന്മാർ തങ്ങളെത്തന്നെ പൂർണമായി സമർപ്പിച്ച് വെല്ലുവിളി നിറഞ്ഞ വഴികളിൽ യേശുവിനെ പ്രഘോഷിക്കാൻ ധൈര്യം കാണിച്ചു. ചുവടെ പറഞ്ഞിരിക്കുന്ന സവിശേഷതകൾ ക്രിസ്തു എന്ന വ്യക്തിത്വത്തിൽ കാണാൻ സാധിക്കും. ടൈം മാഗസിൻ ക്രിസ്ത്യൻ ദൈവശാസ്ത്രത്തിലും കലയിലും അവസാനത്തെ അത്താഴത്തിന്റെ പ്രധാന്യം വിശകലനം ചെയ്യുന്നു. വിശുദ്ധ കുർബാന സ്ഥാപനത്തിന്റെ ഉത്ഭവവുമായി അതിനെ ബന്ധിപ്പിക്കുന്നു. ഈ പ്രത്യേക പതിപ്പ്, യേശുവിന്റെ ജീവിതത്തെയും പൈതൃകത്തെയുംകുറിച്ചുള്ള ഗ്രാഹ്യം വർദ്ധിപ്പിക്കുന്നതിന്, ടൈം ലൈനുകൾ, ചിത്രീകരണങ്ങൾ, പെയിൻറിംഗുകൾ തുടങ്ങിയവ ഈ ലേഖനത്തെ കൂടുതൽ അലങ്കാരമാക്കിത്തീർക്കുന്നു. ക്രിസ്തുവിന്റെ ആരംഭവും ഉത്ഥാനവുംവരെയുള്ള ചരിത്രയാത്രയിലൂടെ സഞ്ചരിക്കുന്നതോടൊപ്പം, അവിടുത്തെ വ്യക്തിത്വത്തിന്റെ നിറവ് നമുക്ക് അനുകരണീയവും, ജീവിക്കാൻ പ്രേരിപ്പിക്കുന്ന മാതൃകയുമാക്കിത്തീർക്കുന്നു.

●










MRV GROUP
Mazhuvara, Atturpuram, Poovar
7339316291

OUR COMPANINES

M.R.V BUILDERS
9946839815
M.R.V. CONSTRUCTION
9946839816
M.R.V BUILDING SOLUTIONS
9946839817, 9865700291
FM HOLLOW BLOCKS
9946846583
J.C ENTERPRISES
9865700291

CERA-CHEM Adding Value to your Construction
SOMANY Bathware
LUKER
BAJAJ Bajaj Electricals Ltd. Inspiring Trust
ARCLINE





ലേഖനം

# പ്രത്യാശയുടെ തീർഥാടകരായ നവനേതൃത്വം

ഫാ. ഡാനിയേൽ
സെക്രട്ടറി, ബിസിസി കമ്മിഷൻ

ആഗോള കത്തോലിക്കാ സഭ 2025 ജൂബിലി വർഷമായി ആചരിക്കുകയാണല്ലോ. "പ്രത്യാശയുടെ തീർഥാടകർ" എന്ന വിഷയത്തെ ആധാരമാക്കി ജൂബിലി ആഘോഷിക്കുന്നു. മാനവരാശി മുമ്പെങ്ങും ദർശിച്ചിട്ടില്ലാത്തവിധം പല പ്രതിസന്ധികളിലൂടെ കടന്നു പോകുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന യുദ്ധവും അതേ തുടർന്നുണ്ടായിക്കൊണ്ടിരിക്കുന്ന പലായനങ്ങളും മനുഷ്യ കുലത്തെ ദുഃസഹമാക്കുന്നു. നാം ആഗോളതലത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾക്ക് സമാനമായ പതിപ്പ് തിരുവനന്തപുരം അതിരൂപതയുടെ പ്രയാണത്തിൽ നാം ഇന്ന് അനുഭവപ്പെടുന്നുണ്ട് എന്നുള്ളത് ഒരു യാഥാർഥ്യമാണ്. വലുതും ചെറുതുമായ നിരവധി പ്രശ്നങ്ങൾക്ക് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ട ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പ്രതിസന്ധികളിൽ ഞെരുങ്ങുമ്പോഴും പ്രത്യാശനിർഭരമായ ഒരു ഭാവി നവനേതൃത്വത്തിലൂടെ നാം ഉറ്റുനോക്കുകയാണ്.

സുവിശേഷവത്ക്കരണമാണ് സഭയുടെ ഒരെയൊരു ദൗത്യം. ഓരോ രൂപതയും സ്ഥാപിതമായിരിക്കുന്നത് ഒരോ ദേശത്തിന്റെയും സമൂഹത്തിന്റെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലം കണക്കിലെടുത്ത് സുവിശേഷവത്ക്കരണ ദൗത്യം കാര്യക്ഷമമാക്കുവാനാണ്. സ്വഭാവത്തിൽതന്നെ സഭ പ്രേഷിതയും സഭാതനയർ പ്രേഷിതദൗത്യനിർവഹണത്തിലേക്ക് വിളിക്കപ്പെട്ടവരുമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭാ നവീകരണപ്രക്രിയയിലെ ഒരു നാഴികക്കല്ലാണ്. സഭയുടെ കരുത്തും കുറവുകളും വെല്ലുവിളികളും സാധ്യതകളും വിമർശനാത്മകമായി കാണുവാനും കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാക്കി പ്രതികരിക്കുവാനും ഇത് സഹായകമായി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ "ദൈവജനമാണ് സഭ" എന്ന ഉൾക്കാഴ്ചയാണ് സഭയിൽ പങ്കാളിത്തത്തിന് പുതിയ മാനങ്ങൾക്ക് നാന്ദികുറിച്ചത്. നവീകരണത്തിന്റെ ശംഖൊലി രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭയിലാകാമാനം മുഴങ്ങിയപ്പോൾ അല്പം വൈകിയാണെങ്കിലും 1987-ൽ കോട്ടാർ സമ്മേളനത്തിലൂടെ തിരുവനന്തപുരം രൂപതയിലും മുഴങ്ങിക്കേൾക്കുവാൻ സാധ്യമായി. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം വീണ്ടെടുക്കുവാനുള്ള ശ്രമം വ്യത്യസ്തങ്ങളായ അജപാലന സമീപനങ്ങൾക്ക് രൂപം നൽകിയെങ്കിലും അവയിലേറ്റം ശ്രദ്ധേയമായത് അടിസ്ഥാന ക്രൈസ്തവ സമൂഹ സംവിധാനമാണ്.

ബി.സി.സി.കളുടെ രൂപീകരണം തിരുവനന്തപുരം രൂപതയിൽ അല്മായരുടെ പങ്കാളിത്തത്തിന് പുത്തൻ




**2025-26 കാലഘട്ടത്തിലേക്കുള്ള ബി.സി.സി. തലം മുതൽ പങ്കാളിത്ത സംവിധാനത്തിലേക്കുള്ള നവനേതൃത്വത്തോടൊപ്പം പ്രത്യാശയോടെ തീർഥാടനം ചെയ്യുവാൻ നമുക്കും സാധിക്കണം.**

ഉണർവും ആവേശവും നൽകി. ആരാധനാക്രമം, വിവിധ ശുശ്രൂഷാ സമിതികൾ, ഇടവക അജപാലന സമിതിയുടെ രൂപീകരണം, കുടുംബങ്ങളും വ്യക്തികളും തമ്മിലുള്ള പരസ്പരബന്ധം, ജനങ്ങളുടെ ദൈനംദിന പ്രശ്നപരിഹാരം, ജനകീയ വിഷയങ്ങളിലെ സജീവമായ ഇടപെടൽ, അല്മായരുടെ നേതൃത്വപാടവ വികസനം എന്നീ തലങ്ങളിൽ ബി.സി.സി.കളുടെ ആവിർഭാവത്തോടെ ക്രിയാത്മകമായ വളർച്ച കൈവരിക്കാൻ സാധിച്ചു എന്നത് അഭിനന്ദനാർഹമായ നേട്ടമാണ്.

അതിരൂപതയിലെ പങ്കാളിത്ത നവീകരണ പ്രവർത്തനങ്ങളിൽ പ്രതിഫലിച്ചുകണ്ട ചില പരിമിതികളും വെല്ലുവിളികളും യാഥാർഥ്യ ബോധത്തോടെ ഇത്തരുണത്തിൽ വിലയിരുത്തുവാൻ നമുക്ക് സാധിക്കണം. തുടർപരിശീലനത്തിന്റെ അഭാവം, അല്മായരുടെ മനുഷ്യവിഭവം വേണ്ടത്ര ഫലപ്രദമായി പ്രയോജനപ്പെടുത്താത്ത അവസ്ഥ, തീരുമാനമെടുക്കൽ പ്രക്രിയയിൽ പലപ്പോഴും അല്മായരെ ഉൾപ്പെടുത്തുന്നില്ല, ഫെറോന അജപാലന സമിതി ഒട്ടും പ്രവർത്തിക്കാത്ത അവസ്ഥ, അതിരൂപത അജപാലന സമിതിയെ വേണ്ടത്ര പരിഗണിക്കുന്നില്ല തുടങ്ങിയ വിമർശനങ്ങൾ അല്മായ വിശ്വാസികളിൽ നിന്ന് ഉയരുമ്പോൾ തന്നെ വൈദികരുടെ പ്രധാന ആശങ്ക ഇടവക വികാരിയോട് ചേർന്നുനിന്ന് ഇടവകയുടെ സമഗ്ര വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ട ഇടവക കൗൺസിൽ അംഗങ്ങൾ പലപ്പോഴും വൈദികരെ ചോദ്യം ചെയ്തുകൊണ്ട് സ്വാർഥ താല്പര്യങ്ങൾക്കുവേണ്ടി വർത്തിക്കുകയും ശുശ്രൂഷാ ചൈതന്യം മറന്ന് അധികാര ഗർവ് കാട്ടി വിശ്വാസ പരിപോഷണത്തിനും വികസന പ്രവർത്തനങ്ങൾക്കും തടസം നിൽക്കുന്ന പ്രവണത വർധിക്കുന്നു എന്നതാണ്. പ്രതിസന്ധികളുടെ നൂലാമാലയിൽ ഞെരുങ്ങുമ്പോഴും അതിരൂപത സുനിശ്ചിതമായ ഒരു നല്ല ഭാവി പ്രത്യാശയോടെ ഉറ്റുനോക്കുന്നു. 2025-26 കാലഘട്ടത്തിലേക്കുള്ള ബി.സി.സി. തലം മുതൽ പങ്കാളിത്ത സംവിധാനത്തിലേക്കുള്ള നവനേതൃത്വത്തോടൊപ്പം പ്രത്യാശയോടെ തീർഥാടനം ചെയ്യുവാൻ നമുക്കും സാധിക്കണം.

ബി.സി.സി.യൂണിറ്റുകൾ പ്രവർത്തനസജ്ജവും ഫലദായകവുമാക്കുവാൻ അവ സ്ഥാപിതമായതിന്റെ ലക്ഷ്യം മനസിലാക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. ഈ ലക്ഷ്യങ്ങൾ നിലവിലെ കുടുംബയൂണിറ്റുകളിൽ എത്രമാത്രം കൈവരിക്കപ്പെടുന്നുവെന്ന് വസ്തുനിഷ്ഠവും സത്യസന്ധവുമായി വിലയിരുത്തപ്പെടണം. എല്ലാം പങ്കുവയ്ക്കുകയും എല്ലാവരുടെയും ആവശ്യങ്ങൾ നിവർത്തിക്കപ്പെടുകയും ചെയ്യുന്ന ഒരു ആദർശ സമൂഹത്തിന്റെ സൃഷ്ടിയാണ് ബി.സി.സി യൂണിറ്റുകൾ വഴി ലക്ഷ്യമിടുന്നത്.

## ബി.സി.സി. പ്രവർത്തനങ്ങളിൽ നേരിടുന്ന ചില വെല്ലുവിളികൾ

- » അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ പ്രാർഥനാകൂട്ടായ്മകളും ചർച്ചാവേദികളുമാണെന്ന തെറ്റിധാരണ.
- » യൂണിറ്റുകളിലെ പുരുഷന്മാരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും പങ്കാളിത്തക്കുറവ്.
- » യൂണിറ്റുകളെ നയിക്കുവാനും ചർച്ചകൾ നിയന്ത്രിക്കുവാനും പ്രാപ്തരായ കാര്യശേഷിയും അർപ്പണബോധവുമുള്ള നേതൃത്വത്തിന്റെ അഭാവം.
- » വൈദികരുടെയും സന്യസ്തരുടെയും സമയക്കുറവും താല്പര്യക്കുറവും
- » ഇടവക കൗൺസിൽ അംഗങ്ങൾക്ക് ബി.സി.സി. പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള വൈമനസ്യം.
- » ശുശ്രൂഷാതല പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ പങ്കുവയ്ക്കപ്പെടുന്നില്ല.
- » ജനങ്ങളുടെ അനുദിന ആവശ്യങ്ങളും പ്രശ്നങ്ങളും വേണ്ടത്ര ഗൗരവത്തോടെ ബി.സി.സി. കളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.
- » നേതൃത്വത്തിന് ആവശ്യമായ പരിശീലനങ്ങളുടെ അഭാവം.
- » ബി.സി.സി. യൂണിറ്റുകളുടെയും ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങൾ തമ്മിൽ ഏകോപനവും ബന്ധവുമില്ലാത്ത അവസ്ഥ.
- » വചനാനുഭവമില്ലാത്ത ചർച്ചകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ.

## അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- » വചനനാനുഭവം ലഭിക്കത്തക്കരീതിയിൽ തിരുവചന പാരായണവും വചനവിചിന്തനവും ആകർഷകവും ക്രിയാത്മകവുമായ രീതിയിൽ ക്രമീകരിക്കുക.
- » യൂണിറ്റ് യോഗത്തിൽ ബൈബിൾ കൊണ്ടുവരികയും ബൈബിൾ കേന്ദ്രീകൃതമായി അംഗങ്ങളുടെ ഇരിപ്പിടങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.
- » വചനസന്ദേശത്തിന്റെ വെളിച്ചത്തിൽ യൂണിറ്റ് അംഗങ്ങളുടെ, ഇടവകയുടെ, സഭയുടെ, പൊതുസമൂഹത്തിന്റെ ആനുകാലിക വിഷയങ്ങൾ ചർച്ചാവിധേയമാക്കി പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുക.
- » പ്രതിമാസ യൂണിറ്റു യോഗങ്ങൾക്ക് മുന്നോടിയായി ഭാരവാഹികളുടെ എക്സിക്യൂട്ടീവ് യോഗം കൂടി അജണ്ട തയ്യാറാക്കുകയും വേണ്ട മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്യുക.
- » വൈദികരെയും സന്യസ്തരെയും താല്പര്യപൂർവം ക്ഷണിക്കുക; അവർ യൂണിറ്റു പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി അനുഭാവപൂർവ്വം പങ്കെടുക്കുക.
- » ഇടവകയിലെ വൈദികർ, യൂണിറ്റുകളിൽ പങ്കെടുക്കുന്ന സമർപ്പിതർ, ഇടവക ബി.സി.സി. കോ-ഓർഡിനേറ്റർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവർ തമ്മിൽ വ്യക്തമായ ആശയവിനിമയം ഉറപ്പുവരുത്തുക; ഓരോ മാസത്തെയും യൂണിറ്റുയോഗങ്ങളെയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകനവും പ്ലാനിംഗും ഉറപ്പുവരുത്തുക.
- » ബി.സി.സി. യൂണിറ്റുകളെ മുതിർന്നവരുടെ വിശ്വാസ പരിശീലന വേദികളായി കണ്ടുകൊണ്ട് കൂദാശകൾ, ദൈവീക പ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും ആകർഷകമായ രീതിയിൽ അവതരിപ്പിക്കുക.
- » ആരാധനാവത്സരത്തിലെ കാലങ്ങൾക്കും പ്രാദേശിക ആഘോഷങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ യൂണിറ്റുതലത്തിൽ ക്രമീകരിക്കാവുന്നതാണ്.
- » അടിസ്ഥാന ക്രൈസ്തവ സമൂഹ പ്രവർത്തനങ്ങളിൽ താല്പര്യമില്ലാതെ മാറി നിൽക്കുന്നവരേയും, സ്ഥിരമായി പള്ളിയിലും യൂണിറ്റ് യോഗങ്ങളിലും വരാത്തവരേയും കൂദാശകൾ സ്വീകരിക്കാത്തവരേയും നിരന്തരമായ ഭവന സന്ദർശനങ്ങളിലൂടെയും ക്രിയാത്മക പ്രവർത്തനങ്ങളിലൂടെയും ക്രമേണ ക്രിസ്തീയ കൂട്ടായ്മയിൽ തല്പരരാക്കി തീർക്കേണ്ടതാണ്.

» യൂണിറ്റുതല യോഗങ്ങളിൽ വിവിധ ശുശ്രൂഷാ സമിതികളുടെ പ്രവർത്തനറിപ്പോർട്ട് ഉത്തരവാദിത്വപ്പെട്ട പ്രതിനിധികൾ അവതരിപ്പിക്കുകയും അതിനെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് ലീഡർ നേതൃത്വം നൽകുകയും ചെയ്യുക.

» കൗദാശിക ജീവിതത്തിന് വ്യക്തികളെയും കുടുംബങ്ങളേയും ഒരുക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

» കൂട്ടായ്മ വളർത്തുന്നതിനുതകുന്ന ക്രിയാത്മകമായ നിർദേശങ്ങൾ നൽകി ഇടവക വികാരിയെയും കൗൺസിലിനേയും സഹായിക്കുക.

» വ്യക്തികളെ തേജോവധം ചെയ്യുന്നതും സാഹോദര്യത്തിന് വിരുദ്ധവുമായ ചർച്ചകൾക്കും സംഭാഷണങ്ങൾക്കും ഇടനൽകാതെ സൂക്ഷിക്കുക.

» അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ സാധാരണ യോഗങ്ങളിൽ ആർഭാടപൂർവ്വമായ ആഘോഷങ്ങളും സൽക്കാരങ്ങളും ഒഴിവാക്കുക.

» വിശേഷ അവസരങ്ങളിലും യൂണിറ്റിന്റെ നാമഹേതുവായ വിശുദ്ധരുടെ തിരുനാൾ അവസരങ്ങളിലും ക്രിയാത്മകവും അർഥപൂർണവുമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

» ഇടവക കൗൺസിലിന്റേയും, ഉപസമിതികളുടെയും തീരുമാനങ്ങൾ യൂണിറ്റുകളിൽ അവതരിപ്പിച്ച് നടപ്പിലാക്കുക. യൂണിറ്റ്/വാർഡുകളിൽ നിന്നുള്ള നിർദേശങ്ങൾ അവരുടെ പ്രതിനിധികളായ കൗൺസിൽ അംഗങ്ങൾ വഴി ഇടവക കൗൺസിൽ യോഗങ്ങളിലും ഉപസമിതി സമ്മേളനങ്ങളിലും ചർച്ച ചെയ്യുവാനായി അറിയിക്കുക.

» യൂണിറ്റ് യോഗങ്ങളിൽ ഫലപ്രദമായി വചന വിചിന്തനം നടത്തുവാനും, ആരോഗ്യകരമായി ചർച്ചകൾ നയിക്കുവാനും അതിരൂപത - ഫെറോനാതലത്തിൽ ബൈബിൾ, ദൈവശാസ്ത്രം, കൗൺസലിംഗ്, ലാമ്പ് തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയ അംഗങ്ങളെയും, ആശയ വിനിമയ പാടവവും താത്പര്യവുമുള്ള മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തി ഇടവകതലത്തിൽ റിസോഴ്സ് ടീമിന് രൂപം നൽകുക.

» കിടപ്പുരോഗികൾക്കും മാരകരോഗം ബാധിച്ചവർക്കും ഭിന്നശേഷിക്കാർക്കും ഏകസ്ഥർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും അശരണർക്കും പ്രത്യേക പരിഗണനയും കരുതലും സഹായവും നൽകാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

» യൂണിറ്റുകളിൽ വിദ്യാഭ്യാത്തിന് മുൻപന്തിയിൽ നിൽക്കുന്നവരെ അനുമോദിക്കുന്നതോടൊപ്പം പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്കും ശ്രദ്ധ നൽകേണ്ടതാണ്.

ബുദ്ധിമുട്ടുകൾ ധാരാളമായി ഉണ്ടെങ്കിലും പ്രത്യാശാനിർഭരമായി ഈ കാലയളവിനെ നമുക്ക് നോക്കികാണാം. ദുർവാർത്തകളെക്കുറിച്ചുള്ള അവബോധം കർത്തവ്യ നിർവഹണത്തിന് നമ്മെ ഉത്തേജിപ്പിക്കണം. സുവിശേഷവത്ക്കരണമാണ് സഭയുടെ ദൗത്യമെങ്കിൽ ഈ ദൗത്യം പ്രാദേശിക സഭയായ തിരുവനന്തപുരം അതിരൂപതയിൽ നിവർത്തിക്കപ്പെടുക, യാഥാർഥ്യമാക്കപ്പെടുക ശുശ്രൂഷകളിലൂടെയാണ്. കുടുംബകൂട്ടായ്മകളുടെ ശാക്തീകരണത്തിലൂടെ ശുശ്രൂഷകൾ പ്രവർത്തനസജ്ജമാക്കാം. പ്രത്യാശയുടെ വക്താക്കളാകാൻ നവനേതൃത്വത്തിന് സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ഈ അവസരത്തിൽ വിവിധ തലങ്ങളിലെ ഭാരവാഹിത്വം ഏറ്റെടുത്തുകൊണ്ട് കാലിത്തൊഴുത്തിൽ ഭൂജാതനായ ഉണ്ണിയേശുവിന്റെ ശാലീനതയും ലാളിത്യവും ഉൾക്കൊണ്ട് പ്രവർത്തിക്കുവാനുള്ള ദൈവാനുഗ്രഹം നമുക്കെല്ലാവർക്കും ഉണ്ടാകട്ടെ.

●



കവിത

# ഡിജിറ്റൽ ഡിവൈഡ്

മീര രാജലക്ഷ്മി



വിശപ്പ് വെന്ത കലത്തിൻ മണം
കുട്ടികളെ മാടിവിളിച്ചു
പാറക്കെട്ടിൽ നിന്നും
ചേറ്റുകുളത്തിൽ നിന്നും
വായും വയറും തുറന്നവർ
പാഞ്ഞു വന്നു.

അരയിൽ നെറ്റ് പോയ
സെൽഫോൺ വെറുതേ ചിമ്മിക്കിടന്നു.

പാഠം പഠിക്കാത്തൊരുണ്ണിയെ
കാറ്റ് കൊഞ്ഞനം കുത്തി
പഠിച്ചിട്ടും എഴുതാത്തൊരുണ്ണിയെ
കറുത്തവാവ് കട്ടോണ്ട് പോയി.

ഏട്ടിലും മേട്ടിലും അക്ഷരങ്ങൾ
പാഞ്ഞു നടന്നു. അക്കങ്ങളുടെ കാര്യം
പിന്നെ പറയുകയേ വേണ്ട.
വെയിൽപ്പുറത്തുണ്ണികൾ
തുമ്പികളെപ്പോലെ
കാറ്റും പറഞ്ഞില്ല
കാറും പറഞ്ഞില്ല
കൊല്ലപ്പരീക്ഷകൾ
മാറി മറിഞ്ഞു പോയ്

മുളന്തണ്ടു കെട്ടി
പുറം പുല്ല് മേഞ്ഞും
പുരകെട്ടി നാട്ടി
കൊടികുത്തി നിർത്തി



കുഞ്ഞനന്തൻ മാഷ്
കുട ചരിച്ചും
കണ്ണാടി തുടച്ചു വെച്ചും
ഇളം തിണ്ണയും വിട്ട്
ഇടവഴിയും വിട്ട്
കുന്നിന്നരയിലൊഴു
കുന്നൊരാറിന്റെ
കുന്നിമണികളെ
കേക്കാതെ മിണ്ടാതെ
കുന്നിറങ്ങിപ്പോയ പോക്ക്.


പലവുരു പുള്ളു
പറഞ്ഞതു പോലെ
വട്ടം പിടിച്ചും വഴുതയൊടിച്ചും
കെട്ടിവളച്ചൊരു മുറ്റം
കുട്ടികളില്ലാതെ വിമ്മി

ചുറ്റും കലപില കൂട്ടാതെ
മിണ്ടാതെ, കുട്ടികൾ വാടിത്തളർന്നു.

വായനശാല തുറന്നിട്ടു
കാടൊരു പൂക്കൂട
തട്ടിമറിച്ചു.
പൂമണം കേട്ടവരോടി
തളിരില പുസ്തകത്താള് തുറന്നു.
വാലുകുലുക്കിയും വാലാട്ടിപ്പക്ഷിയും
ഒപ്പമിരുന്നു പഠിച്ചു.

മണ്ണ് പറഞ്ഞതും
വിണ്ണ് കനിഞ്ഞതും
പാടം വിളഞ്ഞതും
കൊയ്ത്തു നിറഞ്ഞതും
പായും പെരും വെള്ളം
കുന്നു തടഞ്ഞതും
കാട്ടിൻ പെരും വേരാൽ
മണ്ണ് പൊതിഞ്ഞതും
ഒപ്പാരി കേട്ടൊരു
കൊമ്പൻ കിതച്ചതും
പത്തുപേരൊന്നിച്ച്
കൂര മെനഞ്ഞതും
അപ്പാടെ കണ്ടു ചിരിച്ചു.

കാലപ്പരപ്പിൽ കടുംതുടി കേട്ടവർ
ചുറ്റും കരുതൽ പടർപ്പുകൾ തീർത്തവർ
ഒറ്റമരമായി നിന്നു
കാടൊരൊറ്റക്കുട നീർത്തി നിന്നു



Congregation of the Carmelite Religious - CCR
Our Foundress
Ven. Mother Mary Veronica of the Passion
Our Patroness
Our Lady of Mount Carmel
Our Co Foundress
Mother Mary Elias of Jesus
Charism: Rooted in God's love, reflected in service
As we rejoice in the Birth of Jesus Christ, wish you all Merry Christmas and Happy New Year.
PILGRIMS OF HOPE
Come follow me
Join CCR
Contact us
The Superior General,
CCR Generalate, All Saints' Campus,
Trivandrum, Kerala, - 695 007
ccrgen@gmail.com
Sr. Paulina CCR (Formation in-charge) - 6304752937

ലേഖനം

# ജനപ്രതിരോധങ്ങളുടെ പുതുകാലം

ഡോ. ഐറിസ് കൊയ്‌ലോ

നവ ഉദാരവത്ക്കരണത്തിന്റെയും (New liberalism) ആഗോള കുത്തകമുതലാളിമാരുടെ അധികാര വ്യാപനത്തിന്റെയും ലോകരാഷ്ട്രങ്ങളുടെ യുദ്ധപ്പനിയുടെയും അധിനിവേശ താത്പര്യങ്ങളുടെയും വിരാമമില്ലാതെ തുടരുന്ന വംശീയകലാപങ്ങളുടെയും പലായനങ്ങളുടെയും സങ്കീർണ മായ ഈ കാലത്ത് അരികുകളിലേക്ക് നീക്കപ്പെട്ടുകൊണ്ടിരി ക്കുന്നവർ ഭൂപടങ്ങളിൽ നിന്നുതന്നെ അപ്രത്യക്ഷമാകുകയാണ്. 'മികവുള്ളവർ മാത്രം അതിജീവിക്കും' എന്ന ഡാർവീനിയൻ തിയറിയുടെ ക്രൂരത പ്രബലരുടെ നിഷ്ഠുരുണമായ മുന്നേറ്റത്തിൽ കാണുമ്പോൾ ആവാസവ്യവസ്ഥകളിൽ നിലകൊള്ളുകയും പ്ര കൃതിയുടെ ജീവസമവാക്യങ്ങളെ അനുസരിക്കുകയും ചെയ്യുന്ന സമാന്തരജീവിതങ്ങൾക്ക് അതിജീവനം അസാധ്യമാകുകയാണ്.

പരിസ്ഥിതിസൗഹൃദജീവിതങ്ങൾ ഒരു കാല്പനികത യിലെന്നോണം താളുകളിലേക്ക് മറയുമ്പോഴും കീഴാളരുടെ കരുത്തിന് പുതിയ ഊർജ്ജം പകർന്നുകിട്ടുന്നത് പാരിസ്ഥിതി കദർശനങ്ങളും ബദൽ വികസനനയങ്ങളും സമ്പദ് വ്യവസ്ഥക ളുമായി ഭൂമിയുടെ അവകാശികൾ സാവധാനമെങ്കിലും ക്രമേണ മുന്നേറുന്നതുവഴിയാണ്. ഇത് ജനപ്രതിരോധത്തിന്റെ കാലമാണ്. ഭൂമിയെന്ന ഗ്രഹത്തെയും അതിലെ ആവാസവ്യവസ്ഥകളെയും അപൂർവവിഭവങ്ങളെയും വരും തലമുറകൾക്കായി കാത്തുവ യ്ക്കാൻ പ്രതിജ്ഞയെടുക്കുന്നവർ പുതിയതലമുറകളിൽ കൂടുത ലായി കാണുന്നു എന്നത് ആശാവഹമാണ്.

യുദ്ധങ്ങളുടെയും കലാപങ്ങളുടെയും കെടുതികളാൽ നിർബന്ധിതമായി കുടിയിറക്കപ്പെട്ടവരോട്, സ്വന്തം രാജ്യവും പാർപ്പിടവും കയ്യേറ്റം ചെയ്യപ്പെട്ടവരോട്, രോഗികളും വൃദ്ധരും അനാഥബാല്യങ്ങളും പെരുകുന്ന ലോകത്തോടുതന്നെ പക്ഷം ചേർന്നുകൊണ്ട് സമാധാനത്തിനും സുസ്ഥിരവികസനത്തിനും കാരുണ്യത്തിനുംവേണ്ടി ആഗോള കത്തോലിക്കാസഭയുടെ അധ്യ ക്ഷനായ ഫ്രാൻസിസ് പാപ്പ നല്കുന്ന സമാന്തരസന്ദേശങ്ങൾക്ക് വ്യാപകമായ സ്വീകാര്യം ലഭിക്കുകയാണ്. ദുർബലർക്കൊപ്പം, ദരിദ്രർക്കൊപ്പം, അഭയാർത്ഥികൾക്കൊപ്പം ഭിന്നലിംഗവ്യക്തി ത്വങ്ങൾക്കൊപ്പം സഞ്ചരിക്കുക എന്ന ആഹ്വാനം ലോകത്തിൽ പുതിയൊരു നീതിപാഠമാവുകയാണ്.



കെനിയയിൽ നിന്നുള്ള പ്രമുഖചിന്തകയും എഴുത്തുകാരിയുമായ ഡോ. മരിയൻ നെകേസാ ഇങ്ങനെ അഭിപ്രായപ്പെടുന്നു; "വരേണ്യതയുടെ പലമുഖങ്ങൾ - പുരുഷാധിപത്യവും വംശീയവിവേചനവും നവകോളനീകരണവും വർഗീയമായ അടിച്ചമർത്തലുകളും മുതലാളിത്തവും ഒന്നായിച്ചേർന്നുകൊണ്ട് സ്ത്രീകളെയും ദുർബലസമൂഹങ്ങളെയും ഇതരലിംഗവ്യക്തിത്വങ്ങളെയും പരിസ്ഥിതിയെയും ഭൂമിയുടെ വിഭവസ്രോതസ്സുകളെയും ചൂഷണം ചെയ്യുകയും ഇകഴ്ത്തുകയും അടിച്ചമർത്തുകയും ചെയ്യുന്നു. അക്രമാസക്തമായ വിധത്തിലാണ് അധിനിവേശസമ്പദ് വ്യവസ്ഥ വിഭവസമാഹരണം നടത്തുന്നത്. ആവാസവ്യവസ്ഥകൾ തകർക്കുന്ന, പരിസ്ഥിതിയുടെ ഭാഗമായി മനുഷ്യവംശത്തെക്കണ്ടുള്ള സുസ്ഥിരവികസനം നിരാകരിക്കുന്ന, തെക്കൻ രാഷ്ട്രങ്ങളുടെമേൽ വടക്കൻ രാഷ്ട്രങ്ങൾ മേല്ക്കൈ നേടുന്ന, സ്ത്രീകൾക്കും ഇതരലിംഗവ്യക്തിത്വങ്ങൾക്കും ഇടം നല്കാതിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും അധിനിവേശത്തിന്റെ പല അവതാരങ്ങളായിത്തന്നെ തിരിച്ചറിയണം. ഇവർ സംയോജിതമായി മുന്നോട്ടുവയ്ക്കുന്ന സാമൂഹിക-സാംസ്കാരിക വിശകലനങ്ങളും പാഠങ്ങളും മറികടക്കുന്ന സത്യാനന്തരവാദങ്ങൾ ജനപ്രതിരോധത്തിന്റേതാണ്.

ഉടമയും അടിമയും തമ്മിലുള്ള ബന്ധത്തിലേക്കാണ് ഇന്ന് ജനാധിപത്യം വീണുടഞ്ഞിരിക്കുന്നത് നിരവധി ജീവിതങ്ങൾ നഷ്ടമാക്കിക്കൊണ്ടു നാം നേടിയ സ്വാതന്ത്ര്യം, നീതി, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ ദുർബ്ബലവാദങ്ങളായി നിജപ്പെടുത്തുന്ന ആധിപത്യ പ്രവണതകളുടെ നയങ്ങൾ വരേണ്യബ്രാഹ്മണ്യത്തിന്റേതുമാണ്. ചാതുർവർണ്യവ്യവസ്ഥയിലെന്നപോലെ ജാതിവിവേചനം അതിരൂക്ഷമാകുമ്പോൾ സ്വാർഥമായ അധിനിവേശാസക്തിയോടെ പുരുഷാധിപത്യവ്യവസ്ഥ കൂടുതൽ ശക്തമായ സാന്നിധ്യമാകുന്നു. തങ്ങൾ നിർണയിക്കുന്ന 'രാജ്യ'ത്തിലെ നിയന്ത്രിക്കപ്പെടേണ്ട, സംരക്ഷിക്കപ്പെടേണ്ട 'പ്രജകൾ' മാത്രമായി വ്യവഹാരം ചെയ്യപ്പെടേണ്ട, ജംഗമസ്വത്തായി കീഴാളർ മാറുകയാണ്. ഇവരുടെ കൂട്ടംകൂട്ടമായ കൊന്നൊടുക്കലാണല്ലോ കലാപങ്ങളിലും യുദ്ധങ്ങളിലും എതിരാളികളെ സമ്മർദ്ദതന്ത്രത്തിലകപ്പെടുത്തുന്നതും. അഹന്തകാരണമുള്ള ബലവാന്റെ ധർമ്മത്തിന്റെ പരിച്ഛേദമാണ് പരമ്പരാഗതസമൂഹങ്ങളിലേക്കും കുടുംബങ്ങളിലേക്കും ദുർബലവിഭാഗങ്ങളിലേക്കും പകർന്നുവീഴുന്നത്.

ലിംഗവിവേചനങ്ങൾക്കെതിരെയും ജാതി-മത-പ്രാദേശിക-വംശവിവേചനങ്ങൾക്കെതിരെയുമുള്ള പ്രതിരോധത്തിന്റെ സഹനവിപ്ലവങ്ങളിലേക്ക് മനുഷ്യാവകാശപ്രവർത്തകരും സാമൂഹികനീതിക്കായി ശബ്ദമുയർത്തുന്നവരും വന്നുകൊണ്ടേയിരിക്കുന്നു. മനുഷ്യരെയും ഇതരപ്രകൃതിവിഭവങ്ങളെയും ഉപഭോഗങ്ങൾ മാത്രമായിക്കണ്ട് ചൂഷണം ചെയ്ത് അവരെ ഭീതിയിലാക്കുന്ന പുരുഷാധികാരവ്യവസ്ഥയ്ക്കെതിരെയാണ് ജനം പ്രതിരോധമുയർത്തുന്നത്.

ജനാധിപത്യത്തെ നിർവചിക്കുമ്പോൾ സമൂഹത്തെ നിർണയിക്കുന്ന ഓരോ കാര്യത്തിലും തീരുമാനമെടുക്കേണ്ടത് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യമുള്ളവരാകണം എന്നാണല്ലോ. നീതിയും സാ



ഹോദര്യവും സ്വാതന്ത്ര്യവും ഓരോ വ്യക്തിക്കും അനുഭവിക്കാൻ കഴിയുമ്പോൾ മാത്രമേ അവസരസമത്വത്തിലൂടെ മനുഷ്യാന്തസ്സോടെ ഒരു വ്യക്തിക്ക് പുലരാനാകൂ. ഇത് നിഷേധിക്കപ്പെടുന്ന വിഭാഗം 'കീഴാളത' അനുഭവിക്കുന്നു. ജാതീയമോ വംശീയമോ ആയ കീഴാളതയോളം വലുതാണ് ലിംഗപരമായ കീഴാളതയും. സമൂഹത്തെയും വ്യക്തികളെയും പലതട്ടുകളിലായിക്കാണുന്ന വരേണ്യനയങ്ങൾ എതിർത്തുകൊണ്ട് വൈവിധ്യങ്ങളെ അംഗീകരിക്കാനും സുരക്ഷിതത്തിന്റെയും സംരക്ഷണത്തിന്റെയും നിരർഥവാദങ്ങൾ വകഞ്ഞുകൊണ്ട് വ്യക്തികളുടെ അനന്തസാധ്യതകളെ സമൂഹത്തിനും അവരവർക്കും ഗുണപ്രദമാക്കുന്നതിനുള്ള ബദൽ രാഷ്ട്രീയമാണ് സ്തീവാദത്തിനുള്ളത്. അത് നിരന്തരം അധിനിവേശത്തെയും ആധിപത്യത്തിന്റെ ആക്രമണത്തെയും പ്രതിരോധിക്കുന്നു.

സ്ത്രീവാദരാഷ്ട്രീയമെന്നത് പുരുഷന്മാരോടുള്ള പോരാട്ടമല്ല; ലിംഗവിവേചനത്തിനെതിരെയും അധിനിവേശനയങ്ങൾക്കെതിരെയുമുള്ളതാണ്. മനുഷ്യരെന്ന നിലയിൽ എല്ലാവർക്കും തുല്യ അവകാശങ്ങൾക്ക് അർഹതയുണ്ട്. കേവലം പ്രയോജനകാരിത്വം മാത്രം ലക്ഷ്യമാക്കിക്കൊണ്ട്, ആജീവനാന്തം care takers മാത്രമായി സ്ത്രീകളെ കാണുന്നത് അനീതിയും മനുഷ്യാവകാശലംഘനവുമാണ്. പരമ്പരാഗതമായ ലിംഗപദവികാഴ്ചകളെയും കർമങ്ങളെയും പുതുസമൂഹത്തിന്റെ ബോധ്യങ്ങളിലേക്ക് പരിവർത്തിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ മുന്നേറ്റത്തിലേക്ക് വിവേചനങ്ങളില്ലാത്ത സാധ്യതകളെയാണ് ഈ പ്രതിരോധരാഷ്ട്രീയം മുന്നിൽ കാണുന്നത്. വികേന്ദ്രീകൃതജനാധിപത്യശൈലി കുടുംബങ്ങളിലും ചെറുകൂടിവരവുകളിലും പരിശീലിക്കപ്പെടണം. ഏകാധികാരപ്രവണതകൾക്ക് ബദലുകൾ സൃഷ്ടിക്കപ്പെടണം. സ്ത്രീശക്തീകരണപരിപാടികൾ ഏകപക്ഷീയമാകുകയും സ്ത്രീകൾ തന്നെ പുരുഷാധിപത്യമാതൃക പകർന്നെടുക്കുകയും ചെയ്യുന്നത് വിലോമകരമാണ്. അധിനിവേശസ്വഭാവങ്ങൾ മാറ്റിയെടുക്കുന്നതാണ് പരിഷ്കൃതസമൂഹത്തിന്റെ ലക്ഷ്യവും ലക്ഷണവും. അതിൽ ഇതരകീഴാളതകൾക്കൊപ്പം ലിംഗവിവേചനമെന്ന കീഴാളതയും നീക്കം ചെയ്യുന്നതിലേക്കുള്ള ആഹ്വാനമായിക്കൂടി പോപ്പ് വിഭാവനം ചെയ്യുന്ന സിനഡാലിറ്റിയെ വ്യാഖ്യാനിക്കാം.

●

ലേഖനം

# പുതിയ ആകാശം, പുതിയ ഭൂമി

സുനിൽ സി.ഇ

**തമ്മിൽ ഇണങ്ങാത്ത ഒരു ആകാശവും ഭൂമിയുമാണിപ്പോൾ നമുക്കുള്ളത്.**





തീവ്രമെന്നും ആവേശഭരിതമെന്നും ഒക്കെ വിശേഷിപ്പിക്കാവുന്ന ഒരു കാലത്തിന്റെ സന്തതികളോ പ്രതിനിധികളോ അല്ല നാമിപ്പോൾ. ഒന്നിനേയും പുറകോട്ടു കൊണ്ടുവരാൻ കഴിയാത്തവിധം നിമിഷങ്ങൾ പ്രതീക്ഷകളെ കൊലചെയ്തു കഴിഞ്ഞു. ഹൃദയത്തിൽ ആഞ്ഞു പതിക്കുന്ന അകലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തമ്മിൽ ഇണങ്ങാത്ത ഒരു ആകാശവും ഭൂമിയുമാണിപ്പോൾ നമുക്കുള്ളത്. രോഗാതുരമായ കാലത്തിന്റെ തീക്ഷ്ണതയിൽ എല്ലാം മരവിച്ചു പോകുമോ എന്ന ഭീതി മനുഷ്യനെ മൂടി നിൽക്കുകയാണ്. ഭീതി കഴുകിക്കളയുന്ന ഒരു തീർത്ഥകുടമായി ആകാശം മാറേണ്ടിയിരുന്നു. വൈദ്യഗുണങ്ങൾ ഞെരുങ്ങി വസിക്കേണ്ട ഇടമായി ഭൂമിയെ തർജ്ജമപ്പെടുത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ വെളിച്ചത്തിന്റെ ഊർജ്ജം പ്രവഹിക്കുന്ന ഒരു സോളാർ അനിമലായി (Solar Animal) മനുഷ്യന് മാറാൻ കഴിയൂ. ക്രിസ്തു ഉദ്ദേശിക്കുന്ന പുതുപ്പിറവിക്ക്

നിറയെ വെളിച്ചത്തുരുത്തുള്ള മനുഷ്യാകൃതിയോട് ആഭിമുഖ്യമുണ്ട്. രോഗാതുരമായ കാലം ശീഘ്രഗാമിയാണ്. അവിടെ മനുഷ്യൻ ആഗ്രഹിക്കുന്ന മുതിർച്ച പ്രാപിച്ച ഉണർച്ച എന്നത് ഒരു പുതിയ ജീവിതമാണ്. നമ്മൾ രോഗകാലത്തിന്റെ തടവുകാരാണ്. അത് ശാരീരികം മാത്രമല്ല, നാം വ്യാപരിക്കുന്ന എല്ലാ സങ്കേതങ്ങളും ഉണർച്ച കൊതിക്കുന്നവയാണ്. വാളിന്റെ വായ്ത്തലപോലെ രോഗാതുരകാലം മൂർച്ചവെയ്ക്കുമ്പോൾ അതിന്റെ അഗ്രത്തിൽ കുരുങ്ങി മനുഷ്യൻ പിടയുകപോലും ചെയ്യുന്നുണ്ട്. മനുഷ്യന്റെ ബുദ്ധിപരമായ ജീവിതത്തിനുപോലും പുനർനിർമ്മിതി ആവശ്യമാണ്.

സച്ചിദാനന്ദന്റെ 'ഒരു ചെറിയ വസന്തം' എന്ന കാവ്യപുസ്തകത്തിൽ 'രണ്ടും നാലും' എന്ന ശീർഷകത്തിൽ ഒരു കവിതയുണ്ട്. അതിൽ ഒരു ഉപശീർഷകമുണ്ട് - 'ജനാധിപത്യം'. ഒരാൾ അയാളെത്തന്നെ മാനസികമായി കെട്ടഴിച്ചുവിടുന്നതിൽ അതിജീവനത്തിന്റെ യുക്തിയുണ്ടെന്ന് ആ വരികൾ തെളിയിക്കുന്നു. ക്ലാസിഫിക്കേഷൻ ഓഫ് മാൻ (Classification of man) എന്നതുപോലും ഈ അതിജീവനത്തിന്റെ മറുഭാഷ്യമാണ്. ഭാവനയിൽ നെയ്ത പ്രതീക്ഷയുടെ ധൈര്യമാണ് പുതിയതാവാൻ (ഇപ്പോൾ) ഒരാളെ ക്ഷണിക്കുന്നത്. 'ജനാധിപത്യം' എന്ന കവിത മനുഷ്യരെ കള്ളിതിരിച്ചു കാണിക്കുകയാണ്.

മനുഷ്യർ രണ്ടുതരമുണ്ട്.  
ഞങ്ങളും നിങ്ങളും  
നിങ്ങളെ നിർവചിക്കാൻ  
പലവഴികളുണ്ട്:  
ഒരു ജാതി, ഒരു മതം,  
ഒരു ദേശം, ഒരു കക്ഷി,  
ഒരു കൊടി, ഒരു ശത്രു  
നിങ്ങളെ നിർവചിക്കാൻ  
എളുപ്പമാണ്:  
ഞങ്ങളല്ലാത്തവർ.  
(ജനാധിപത്യം / സച്ചിദാനന്ദൻ)

മനുഷ്യനെ ഒരു മതേതര പൂവായി മിസ്റ്റിക് കവികൾ ചിത്രീകരിക്കുന്നതിനു പിന്നിൽപോലും ഈ ഞങ്ങളാകലിന്റെ രാഷ്ട്രീയമാണ് പ്രവർത്തിക്കുന്നത്. വീണപൂവുകൾ സഞ്ചരിക്കാറില്ല. അവ ചെടിയിലേക്ക് തിരിച്ചു കയറി ഇരിപ്പിടം വീണ്ടെടുക്കുന്നുമില്ല. എന്നിട്ടും നാം അവയുടെ സൗന്ദര്യവും ഗന്ധവും ഓരോ തവണയും വീഴ്ചയുടെ കുറവുകളോടെതന്നെയാണ് ഉൾക്കൊള്ളുന്നത്. മനുഷ്യന് എല്ലാം ഓരോ ജയിലറകളാണ്. അതേസമയം അതു സ്വാതന്ത്ര്യത്തിന്റെ ഒടിയാത്ത കവാടവുമാണ്. മാറ്റമില്ലായ്മയുടെ ദാർഢ്യമുള്ള ശബ്ദം പഴയ ആകാശത്തേയും പഴയഭൂമിയേയും കെട്ടിയിടുന്നുണ്ട്. മനുഷ്യന് നിഗൂഢമായ ചില പവിഴത്തിളക്കങ്ങളുണ്ട്. അതിൽനിന്ന് ഞങ്ങളാകലിന്റെ നന്മകൾ തെന്നിമാറിപ്പോകുന്നുമുണ്ട്. നിങ്ങൾ ആകാൻ എളുപ്പമാണ്. നിലപാടില്ലാത്ത മനുഷ്യനാകാം. മതം മാറിക്കൊണ്ടേയിരിക്കാം. ദുഷ്ടന്മാരോടൊപ്പം കക്ഷിചേരാം. ശത്രുക്കളെ സൃഷ്ടിച്ചുകൊണ്ടിരിക്കാം.

കാരുണ്യം ആത്മീയബോധത്തിന്റെ ഉല്പന്നമാണ്. ശൂന്യതയിൽനിന്നും മെനഞ്ഞെടുത്ത വിചാരത്തിന്റെ രൂപമല്ല സ്നേഹം. മനുഷ്യനിൽനിന്നും ഒഴുകിപ്പോയ കുറേ സുകൃതങ്ങളുണ്ട്. അതിനെയൊക്കെ വീണ്ടെടുക്കാത്തിടത്തോളം കാലം പ്രസാദാത്മകത്വം നഷ്ടപ്പെട്ട ആകാശവും ഭൂമിയും മറച്ചുപിടിച്ചുകൊണ്ടിരിക്കും. മനുഷ്യൻ എന്ന സത്ത പ്രൗഢഭാവനയുടെ നിർമ്മിതിയല്ല. അത് സ്നേഹത്തിന്റെ ഗാഢനിശ്ചയമാണ്. മനുഷ്യൻ ആത്മാവ് പൊട്ടിച്ച് പുറത്തു വരുമ്പോൾ കണികാണേണ്ടത് പുതിയ ആകാശവും പുതിയ ഭൂമിയുമാണ്. ജി.ശങ്കരക്കുറുപ്പ് തന്റെ ഒരു കവിതയിൽ പങ്കുവയ്ക്കുന്ന സന്ദേശം ശ്രദ്ധേയമാണ്. - "ജീവിതം ഒരു മഹാ ഭിന്നസംഖ്യയാണ്." അത് ഈ 'നിങ്ങളാകലിന്റെ തത്വമാണ് പുതച്ചുനിൽക്കുന്നത്. അപ്പോൾ പുതിയ "ഞങ്ങൾ" / "നമ്മൾ" ആകുക എന്നത് ഈ മഹാ ഭിന്നസംഖ്യയുടെ ചങ്ങല പൊട്ടിക്കും മഹാ ഏക സംഖ്യയാകലിന്റെ താളുമുറിക്കലുമാണ്.

സ്ലേവോജ് നിസേക്കിന്റെ "പാൻഡെമിക്! കോവിഡ് 19 ഷെയ്ക്ക്സ് ദി വേൾഡ്" എന്നൊരു പുസ്തകമുണ്ട്. അതിൽ എലിസബത്ത് കുബ്ലർ റോസിന്റെ "ഓൺ ഡെത്ത് & ഡൈയിംങ്ങ്" എന്ന പുസ്തകത്തിന്റെ സത്താംശങ്ങളെ ഉദ്ധരിക്കുന്നുണ്ട്. അതിൽ രോഗകാലത്തിന്റെ അഞ്ചു ഘട്ടങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. നിഷേധം, രോഷം, വിലപേശൽ, വിഷാദം, സമ്മതിക്കൽ എന്നിവയാണ് ആ അഞ്ചുഘട്ടങ്ങൾ. രോഗകാലത്തെ പൊരുതി തോല്പിക്കുക എന്ന ചലഞ്ചാണ് നമുക്ക് മുമ്പിലേക്ക് വെയ്ക്കുന്നത്. ദിവസങ്ങളായി കൊഴിഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യവൃക്ഷങ്ങളെയാണ് നാം ഇപ്പോൾ എവിടെയും കാണുന്നത്. കൊഴിഞ്ഞുമാറുന്നത് കരുണയുടെയും സ്നേഹത്തിന്റെയും ഒക്കെ ഇലകളാണ്. ആകാശത്തിന്റെ ചൂടും വെളിച്ചവും ആവശ്യമുണ്ട്. ഒരു പുതിയ ഭൂമിയുടെ തണുപ്പും ഈർപ്പവും അനിവാര്യമാണ്.



●

*Best Wishes*

# CARMEL HIGHER SECONDARY SCHOOL


VAZHUTHACAUD, THYCAUD P.O.
THIRUVANANTHAPURAM
KERALA 695014
TEL. 0471-2327025, 2337025, 2736025

MERRY
*Christmas*

HAPPY NEW YEAR



കവിത





# രക്ഷാഗ്രം

ഷൈജു അലക്സ്

തുരുമ്പിച്ച ചൂണ്ടക്കൊളുത്തിലലമാല തുള്ളവെ,
തഴമ്പിച്ച പങ്കായവിടവിന്നിടയിൽ ഒരാൾ ചരിഞ്ഞുറങ്ങുന്നു
രക്ഷവയമ്പു പുരട്ടിയ ഉപ്പു പാത്രമേ,
കടൽക്കിളിപ്പച്ചകൾ കൂകി വിളിക്കുന്നു
ഒടുങ്ങാത്ത നിലവിളിക്കൂട്ടത്തിൽ നിന്നും
പുതിയ പടകിനെ മെല്ലെ കടലിലിറക്കുന്നു.
കടൽ പുറം തിരിഞ്ഞേ പോകുന്നു,
പിണങ്ങിയ മുഖപരിഭവത്താലവ
വികൃതത്തിരകളെ തള്ളുന്നു
അറ്റമില്ലാത്തിടങ്ങളിലൊഴുകിയൊഴുകിയവ പരക്കുന്നു
രാത്രിയിൽ തിരമുറിഞ്ഞൊച്ചവയ്ക്കുന്നു കരകളിൽ
കരകവിഞ്ഞ ദേഹത്തെ കിനാവുകാണുന്നു
ഒട്ടിച്ചുരുങ്ങിയ വയറിനെ നോക്കുന്നു
കുഞ്ഞുമീനിന്റെ കവിളിൽ
ക്ഷതമേറ്റ പാടിൽ ഉമ്മവയ്ക്കുന്നു
ആകാശത്തിലെ നക്ഷത്രക്കണ്ണുകളിൽ
ആശ്വാസക്കണ്ണേറിയുന്നു.
അവസ്ഥയുടെ ബലിപീഠത്തിൽ
കരഞ്ഞുതളരുന്ന കൂട്ടം പിരിഞ്ഞ കൂട്ടരെ
വീണ്ടും വീണ്ടും വഴിനടത്തുന്നു.
പലായനത്തിന്റെ ആധിചുമന്ന്
പഞ്ചാരമണലും മുഖം പൊത്തുന്നു.
ഉച്ചിവെടിച്ച വെയിലിന്റെ ചുണ്ടിനെ
സൂര്യൻ കോരിക്കുടിച്ചു ദാഹമകറ്റുന്നു
കടലിലെ ജലശിഖരങ്ങളിൽ
കുട്ടികളെമ്പാടും കുളിയുടെ തീർഥം നുണയുന്നു.
കാഴ്ചക്കാരുടെ കാലുനനച്ച്
ഇത്തിരിനേരം ചിരിക്കുന്നു
ഞാനാകുന്ന പച്ചിലച്ചാറിനെ
പിഴിഞ്ഞെടുത്തു തുടുത്തോരേ
അഴുക്കിന്റെ പുതപ്പായി ചതുപ്പിലമർത്തിയോരേ
ഹൃദയക്കണ്ണിൽ കൃഷ്ണമണികളില്ലാത്തോരേ,
ഉപ്പാണ് ഞാൻ
ജീവബിന്ദുവിൽ തുളഞ്ഞു കേറാനുള്ള
കഠാരയാണ് ഞാൻ...
അസ്ത്രവേഗം തൊടുത്തുനിൽക്കും
കടലലയുടെ അഗ്രമാണ് ഞാൻ.








# വിസ്മയത്തിന്റെ നക്ഷത്ര വെളിച്ചം

**പുസ്തകം :**
**ബൈബിൾ- വെളിച്ചത്തിന്റെ കവചം**
**_കെ പി അപ്പൻ**

താര ഇഗ്നേഷ്യസ്





വായനയുടെ ഭക്തിമുകുളങ്ങളെ ഉണർത്തിയ ഒരു കൃതി ഈയിടെ വായിച്ചിട്ടില്ല. മാത്രമല്ല പരിശുദ്ധ മാതാവിനോടും യേശുക്രിസ്തുവിനോടുമുള്ള അകമഴിഞ്ഞ സ്നേഹത്തെയും ആരാധനയേയും തൃപ്തിപ്പെടുത്താൻ കഴിയുന്ന ഒരു പുസ്തകവായന സമീപകാലത്ത് സംഭവിച്ചിട്ടുമില്ല. കെ പി അപ്പൻ എന്ന എഴുത്തുകാരൻ, അല്ല ബൈബിൾ വായനക്കാരൻ വായനാ ലോകത്തിന് ഒരു വിസ്മയത്തിന്റെ നക്ഷത്ര വെളിച്ചം തൂകിത്തന്ന കൃതിയാണ് 'ബൈബിൾ വെളിച്ചത്തിന്റെ കവചം'. വചനത്തിന്റെ സാക്ഷ്യവുംപേറി നടക്കാൻതുടങ്ങിയിട്ട് ഏറെ വർഷങ്ങളായി. അതിനാൽ തന്നെ ബൈബിൾഗസ്ഡിയായി എഴുതപ്പെട്ട പുസ്തകങ്ങളുടെ വായന ഒരിക്കലും തൃപ്തി തന്നിട്ടില്ല. ഇപ്പോൾ ഈ പുസ്തകവായന തൃപ്തിതന്നു എന്നല്ല അതിനപ്പുറം ഒരു വിസ്മയലോകം ഉണ്ടാക്കിത്തരാൻ കഴിഞ്ഞു എന്ന് പറയണം. യേശുവിനെ കൂടുതൽ അറിയാൻ, ആ വെളിച്ചത്തിന്റെ കവചം എത്ര ശക്തവും സുന്ദരവും ആണെന്ന് അറിയാൻ ഈ വായന സഹായിച്ചു. വാക്കുകളുടെ മൂർച്ചകൊണ്ടും പ്രയോഗ സൗന്ദര്യംകൊണ്ടും അത് വായനക്കാരെ- ക്രിസ്തു സ്നേഹികളെ ആകർഷിക്കും.

പുസ്തകത്തിലേക്ക് :

ശൈശവകാലസ്മരണകൾ നിറഞ്ഞുനിൽക്കുന്ന ക്രിസ്മസ് ദിനത്തിന്റെ പ്രത്യേകതകൾ പറഞ്ഞുകൊണ്ടാണ് ആദ്യ അധ്യായം ആരംഭിക്കുന്നത്. ഹൈസ്കൂൾ പഠനകാലത്ത് ലഭിച്ച ബൈബിൾ സമ്മാനം, ശോഭിക്കുന്ന നക്ഷത്രങ്ങൾ അലങ്കരിച്ച വൃക്ഷങ്ങൾ ഇവയെല്ലാം മനോഹരങ്ങൾ തന്നെയാണ്. യേശുവിന്റെ അത്ഭുതങ്ങളിൽ പരമപ്രധാനമായി തോന്നിയത് സ്വന്തം വിശപ്പ് മാറ്റാൻ ക്രിസ്തു ഒരു അത്ഭുതവും കാണിച്ചില്ല എന്നതാണ്. ഇത് ഒരു വലിയ ചിന്തയുടെ ലോകംതന്നെ തുറന്നു തരുന്നു. മനുഷ്യനു വേണ്ടിയാണ് സാബത്ത് എന്ന് പറയുന്നിടത്ത് യേശു എത്രയോ വലിയ വിപ്ലവകാരിയാണെന്ന് നാം വാ

യിച്ചെടുക്കുന്നു. ക്രിസ്തുവിന്റെ അത്ഭുതങ്ങളിൽ ചിലത് എഴുത്തുകാരൻ കുറിക്കുന്നത് വളരെ ശ്രദ്ധേയമാണ്

1. അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചു- അവ ശാന്തമായി ഒഴുകി

2. അത്തിമരത്തെ ശപിച്ചു. അത് കരിഞ്ഞു പോയി

3. രോഗങ്ങളുടെ മേൽ അധികാരം കാണിച്ചു. സൗഖ്യം ലഭിച്ചു.

4. മരണത്തിനുമേൽ അധികാരം ഉണ്ടായിരുന്നു. മരിച്ചവർ ഉയിർത്തു.

ഇത്രയൊക്കെ ചെയ്ത കർത്താവ് 40 ദിവസത്തെ ഉപവാസത്തിനുശേഷം പോലും സ്വന്തം വിശപ്പ് മാറ്റാൻ അത്ഭുതം ചെയ്തില്ല എന്ന് എഴുത്തുകാരൻ പറയുമ്പോൾ നാമും ചിലത് ശ്രദ്ധിക്കാതെ പോയിരുന്നില്ലേ എന്ന് തോന്നും.

ബാല്യകാലത്ത് ക്രിസ്തുവിന്റെ ജനനവും യൗവനകാലത്ത് ക്രിസ്തുവചനങ്ങളുടെ വിപ്ലവ സ്വഭാവവും പ്രായമായപ്പോൾ കുരിശിന്റെ അർത്ഥതലങ്ങളുടെ വിശാലതയും ശ്രദ്ധിച്ചു എന്ന് പറയുമ്പോൾ ഓരോ പ്രായത്തിനും കാലത്തിനും അനുസരിച്ച് ക്രിസ്തുവിനെ നമുക്ക് വായിക്കാം എന്നൊരു ചിന്തകൂടി ലഭിക്കുന്നു.എപ്പിഫെനി, തിയോഫെനി, ക്രിസ്റ്റോഫെനി എന്നിങ്ങനെ മൂന്നായി വിശുദ്ധ ശുശ്രൂഷകളെ കാണാൻ അദ്ദേഹം നമ്മെ പ്രേരിപ്പിക്കുന്നു. എപ്പി ഫെനി (വെളിപാട്) ഇവ ക്രിസ്തു നേരിട്ട് ചെയ്യുന്നവയല്ല അദൃശ്യശക്തി നൽകുന്ന സൂചനകളാണ്. തിയോഫെനി (ദിവ്യ വെളിപാട്) ദൈവം സാകാരമായി മനുഷ്യ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്നതാണ്.ക്രിസ്റ്റോഫെനി (പ്രത്യക്ഷപ്പെടൽ) സ്വർഗ്ഗാരോഹണത്തിന് ശേഷമുള്ള ദൈവത്തിന്റെ വെളിപാടുകൾ. എപ്പിഫെനിക്കും തിയൊഫെനിക്കും ക്രിസ്റ്റോഫെനിക്കും ഉള്ള ഉദാഹരണങ്ങൾ ബൈബിളിൽ നിന്ന് നമുക്ക് കണ്ടെത്താൻ കഴിയും.

മനസ്സലിവുകളുടെ പിതാവ് ചരിത്രത്തിലേക്ക് പ്രവേശിച്ചതിന്റെ രേഖയാണ് ക്രിസ്മസ് ദിനം. അത് പീഡിതരുടെ സുവാർത്ത ആയിരുന്നുവെന്നു സുവിശേഷങ്ങൾ പറയുന്നു. ബെത്‌ലഹേം പട്ടണവും കാലിത്തൊഴുത്തും വൈക്കോൽമെത്തയും കീറത്തുണിയും നാം യേശുവിന്റെ ജനനത്തോടൊപ്പം കാണുന്നു. ക്രിസ്തുസദൃശ്യമായ സ്നേഹം ഭൂമിയിലേക്ക് അസാധ്യമായ ദിവ്യ അത്ഭുതമാണ്. സ്നേഹത്തെ സന്തോഷമുള്ള അധരങ്ങളാൽ സ്തുതിക്കാൻ നമ്മെ പഠിപ്പിച്ചത് ക്രിസ്തുവാണ്. ശത്രുക്കളെ സ്നേഹിക്കണം എന്നും ശപിക്കുന്നവരെ അനുഗ്രഹിക്കണമെന്നും നിന്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ക്രിസ്തു നമ്മെ പഠിപ്പിച്ചു. ആത്മാവും മാംസവും തമ്മിലുള്ള സംഘർഷം അപഗ്രഥിക്കുന്നവരുടെ പ്രതിഭ അറിയാതെതന്നെ ക്രിസ്തുവിൽ എത്തിച്ചേരും. അദ്വൈതത്തിന്റെ സംസ്കാരം ക്രിസ്തുവിന്റെ ആശയങ്ങളിൽ ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ജീവിതവും പ്രമാണങ്ങളും പലപ്പോഴും എഴുത്തുകാരന്റെ പ്രതിഭയുടെ പാട്ടുകളായിരുന്നു. ഭൂമിയുടെ അതിരുകളെ സ്വന്തമാക്കിയവൻ എന്ന സങ്കല്പം ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ശരിയാണ്.

ക്രിസ്തു കുരിശിൽ ചൊരിഞ്ഞ രക്തമാണ് കുരിശിന് പുനർജന്മം നൽകിയത്. ലോകത്തിന്റെ പാപചുമന്ന ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുന്നതിനുമുമ്പ് കുരിശിന് വിശുദ്ധി ഇല്ലായിരുന്നു. അന്ന് അത് ഹീനമായ മരണത്തിന്റെയും ഭയങ്കരമായ നിന്ദയുടെയും ചിഹ്നമായിരുന്നു എന്ന് നാം മനസിലാക്കണം. ക്രിസ്തുവിലേക്ക് വളരുക എന്നുപറഞ്ഞാൽ കുരിശിലേക്ക് വളരുക എന്നാണർത്ഥം.

വരണ്ടഹൃദയം ഉള്ളവരെ സൗഖ്യമാക്കാനാണ് ക്രിസ്തു എത്തിയത്. നീതിക്കുവേണ്ടി വിശന്നും ദാഹിച്ചും നിത്യരക്ഷയുടെ കാരണഭൂതൻ ജീവിച്ചു. ക്രിസ്തുവിന്റെ വചനങ്ങൾ അനുസരിക്കാനും ക്രിസ്തുവിന്റെ വാഗ്ദത്തങ്ങളെ അവകാശമാക്കാനും നാം പലപ്പോഴും മറന്നു പോകുന്നു. 'ജപമാലകളുടെ അമ്മയായ മറിയത്തിന്റെ മകൻ ഉത്സവമല്ല കാരുണ്യമാണ് നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്' ഈ വാക്യം ക്രിസ്മസ് ആഘോഷങ്ങളുടെ ഈ കാലയളവിൽ നാം വീണ്ടും വീണ്ടും ഓർമ്മിക്കേണ്ടതുണ്ട്. ക്രിസ്തു മനുഷ്യരെ കാരുണ്യത്തിന്റെ ഭവനത്തിലേക്ക് ദത്തെടുക്കുകയായിരുന്നു. ക്രിസ്തുവിന്റെ ദൈവത്വം അദ്ദേഹത്തിന്റെ മനുഷ്യത്വത്തിൽ മറഞ്ഞിരിക്കുകയായിരുന്നു. ദൈവം ക്രിസ്തുവിലാണ് വെളിപ്പെട്ടത്. അതുകൊണ്ടുതന്നെ ദൈവത്തെ പ്രസവിച്ചവൾ എന്ന സ്ഥാനപ്പേര് പരിശുദ്ധ മറിയത്തിന് തീർച്ചയായും അർഹതപ്പെട്ടതാകുന്നു. രക്തസാക്ഷിയുടെ അമ്മയാകാനുള്ള ഏത് സ്ത്രീയുടെയും അബോധപരമായ ആഗ്രഹത്തിന്റെ വിശുദ്ധ ചിഹ്നമാണ് കന്യകാമറിയം. ഒരു പ്രാർത്ഥനാദൂരത്തിൽ നിന്നുകൊണ്ട് അമ്മയുടെ സഹനത്തിന്റെ വലിയ പാഠം വിശുദ്ധ കന്യകയിൽനിന്ന് ഓരോ സ്ത്രീയും പഠിക്കുന്നു.പുതുതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം ആർക്കും കാണാൻ കഴിയുകയില്ല എന്ന വചനത്തിന്റെ ദാർശനികത നാം മനസ്സിലാക്കേണ്ടതുണ്ട്. ദൈവവും ദൈവത്തിന്റെ മനുഷ്യനായ ക്രിസ്തുവും ഒന്നാകുന്നിടത്താണ് ക്രിസ്മസിന് പ്രാധാന്യമേറുന്നത്... ദൈവത്തിന്റെ മനുഷ്യാവതാരം പ്രവചനത്തിന്റെ ഫലമാണെന്നും ക്രിസ്തു വാഗ്ദാന പ്രകാരമുള്ള രക്ഷകൻ ആണെന്നും വിശുദ്ധ മത്തായി തന്റെ സുവിശേഷത്തിൽ പ്രഖ്യാപിക്കുന്നുണ്ട്.

ഇത്തരത്തിൽ സവിശേഷമായ ചിന്തകൾകൊണ്ട് നിറഞ്ഞിരിക്കുന്ന പുസ്തകമാണ് 'ബൈബിൾ വെളിച്ചത്തിന്റെ കവചം'. ഒരുപക്ഷേ ഓരോ ക്രിസ്ത്യാനിയും കഴിയുമെങ്കിൽ ഈ പുസ്തകം വായിച്ചു നോക്കേണ്ടതുണ്ട്. എത്ര വിശാലവും വിശദവും ആയിട്ടാണ് ക്രിസ്തുവിനെയും പരിശുദ്ധ അമ്മയെയും കെ പി അപ്പൻ കുറിച്ചുവച്ചിരിക്കുന്നത്. ബൈബിളിലൂടെ അദ്ദേഹം നടത്തിയ നിശബ്ദ സഞ്ചാരത്തിന്റെ വെളിപ്പെടുത്തലുകളാണ് ഈ പുസ്തകം എന്ന് കരുതണം. ഒരുപക്ഷേ ബൈബിൾ വായിച്ചുതീരുമ്പോൾ നമ്മുടെ മനസ്സിൽ ശേഷിക്കാൻ ഇടയുള്ള വലിയ ചിന്തകളുടെ ലോകം അദ്ദേഹം ഈ പുസ്തകത്തിൽ വ്യക്തമാക്കുന്നു. ബൈബിളിലെ വരികൾ തിരിച്ചും മറിച്ചും വായിച്ചും വരികൾക്കിടയിലൂടെ വായിച്ചും കെ പി അപ്പൻ നടത്തുന്ന സത്യസഞ്ചാരമാണ് ഈ കൃതി. പറഞ്ഞതിലേറെ ഇനിയും പറയാൻ ബാക്കിവെച്ചിരിക്കുന്നു. ഒരുപക്ഷേ ഒരു സുദീർഘപഠനത്തിന് വിധേയമാക്കാൻപറ്റുന്ന സവിശേഷകൃതിയാണിത്.

കവിത

# നീ ഉണ്ടായിരുന്നെങ്കിൽ

രാധാകൃഷ്ണൻ കെ



കലപിലകൂട്ടും മഴ
നിറുത്താതെ പെയ്യും മഴ
മഴയിലീരാവിലരികത്തുനീ
ഉണ്ടായിരുന്നെങ്കിൽ!

കുളിരുന്നോർമ്മകളൊറ്റ
ക്കുടയിൽ നമ്മൾ
സ്കൂൾ വരാന്തയിൽ
നനയാതൊട്ടി നിന്നതും
മാറിലൊതുക്കിയ പുസ്തകം പരസ്പരം കൈമാറിയതും
പുസ്തകത്താളിലൊളിപ്പിച്ച മയിൽപീലി
കൺചിമ്മി വിരിഞ്ഞതും!

തെളിഞ്ഞ താളിലെ മയിൽപീലിതിങ്ങും ഓർമ്മകൾ വരച്ച്
സ്നേഹംതുടിക്കും നിൻ ഹൃദയമപ്പാടെ കാൺമതുണ്ട്
മൺവഴികളിൽ ഓർമ്മയിൽ
പിന്നാലെകൂടി കുറുമ്പുകാട്ടി
ഉറങ്ങാതെ സിരകളിൽ
നിന്നോർമ്മകൾ പേറി
മറക്കാത്ത രാത്രികൾ!

സ്വപ്നാടനങ്ങളിൽ
മുട്ടിയുരുമ്മിക്കൊണ്ട്
കൈപിടിച്ചെത്ര
ദൂരങ്ങൾതാണ്ടി നമ്മൾ!

വർഷപ്പരീക്ഷയ്ക്ക്
പിരിഞ്ഞ നമ്മൾ
രണ്ട് മേഘങ്ങൾപോലെ
അകന്നേപോയി!

ഓർമ്മകൾ മെല്ലെ
മടക്കി വിളിയ്ക്കുവാൻ
മഴ തോരാത്തൊരീ
രാത്രിയിൽ ആഗ്രഹിപ്പൂ

മഴ കലപില കൂട്ടി
നിറുത്താതെ പെയ്യുമീ രാത്രിയിൽ
ബാല്യത്തിന്നോർമ്മകൾ
പറഞ്ഞിരിയ്ക്കാൻ അരികത്തുനീ ഉണ്ടായിരുന്നെങ്കിൽ.



# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2025 ജനുവരി മാസത്തെ ഉപയോഗത്തിനായി അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്

## "പ്രത്യാശയോടെ തീർഥാടനം ചെയ്യാം"

1.പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം

2.ആമുഖം

ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ, 2024 ഡിസംബർ 4-ാം തീയതി മുതൽ 2026 ജനുവരി 6-ാം തീയതി വരെ ജൂബിലി വർഷമായി കത്തോലിക്കാ സഭ പ്രത്യാശയുടെ തീർഥാടകർ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ജൂബിലി വർഷാചരണത്തിലേക്ക് കടക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ നവനേതൃത്വത്തെ പ്രത്യാശയോടുകൂടെ നമുക്ക് വരവേൽക്കാം. തിരുവനന്തപുരം അതിരൂപതയിലെ എല്ലാ ഇടവകകളിലും ഇതിനോടകം കുടുംബകൂട്ടായ്മകളിലേക്കുള്ള നേതൃത്വനിരയെ തിരഞ്ഞെടുത്തിട്ടുണ്ടാകും. ആദിമ സഭാ അനുഭവത്തിന്റെ ചൈതന്യമാണ് ബി.സി.സി.കളുടെ കാതൽ. ഏകമനസോടെ താത്പര്യപൂർവ്വം ദേവാലയങ്ങളിൽ ഒരുമിച്ചു കൂടുകയും ഭവനങ്ങൾതോറും അപ്പം മുറിച്ചും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടി ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്ത (അപ്പ. 2:44-47) ആദിമ സഭാ വിശ്വാസികളുടെ കൂട്ടായ്മാനുഭവമാണ് ബി.സി.സി.കൾ ലക്ഷ്യം വയ്ക്കുന്നത്. ഈ പരിശ്രമങ്ങളിലെല്ലാം നമ്മെ ഒന്നിപ്പിക്കുന്ന കണ്ണി യേശുക്രിസ്തുവാണ്. വചനമാകുന്ന ക്രിസ്തു നമ്മുടെ കൂട്ടായ്മകളിൽ സന്നിഹിതനാണ്. ആ ക്രിസ്തുവിനെ കണ്ണുതുറന്ന് കാണുവാനും അനുഭവിക്കുവാനും സാധിക്കുന്ന വചനാധിഷ്ഠിതമായ ശുശ്രൂഷാ മനോഭാവം തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഉണ്ടാകട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം, പ്രവർത്തിക്കാം.

3.യേശുവിനെ ക്ഷണിക്കൽ

4.ദൈവവചന പാരായണം (മത്തായി 20:26-28)

5.വചനഭാഗം പങ്കുവയ്ക്കൽ

6. നിശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8.വചനവിചിന്തനം

പ്രിയരേ, ഏകമനസോടെ താത്പര്യപൂർവ്വം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും അപ്പസ്തോലന്മാരുടെ പ്രബോധനങ്ങൾ, അപ്പം മുറിക്കൽ എന്നിവയിൽ പങ്കുചേർന്ന് ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ജീവിച്ച ആദിമ ക്രൈസ്തവ സമൂഹമാണ് സഭയുടെ മാതൃക. സഭയുടെ അന്തഃസത്ത കൂട്ടായ്മയിലാണ്. കൂട്ടായ്മ ബന്ധങ്ങളിലൂടെയാണ് അനുഭവവേദ്യമാകുന്നത്. സഭയുടെ ഈ അസ്ഥിത്വത്തിലേക്ക് ഉയരുന്നത് സാഹോദര്യത്തിലൂടെയും വചനം പങ്കുവയ്ക്കലിലൂടെയും അപരനോടുള്ള പ്രതിബദ്ധതയിലൂടെയുമാണ്.

എല്ലാം പങ്കുവയ്ക്കുകയും എല്ലാവരുടെയും ആവശ്യങ്ങൾ നിവർത്തിക്കപ്പെടുകയും ചെയ്യുന്ന ഒരു ആദർശ സമൂഹത്തിന്റെ സൃഷ്ടിയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഇടവക സമൂഹത്തിന്റെ ഓരോ വ്യക്തികളുടെയും സ്നേഹവും പരിചരണവും ഇടവകയിലെ ഓരോ അംഗത്തിനും അവകാശപ്പെട്ടതാണ്. വിഭവങ്ങളുടെ പൊതുവായ സമാഹരണവും വിതരണവും നീതിയുക്തമാകണമെങ്കിൽ തിരഞ്ഞെടുക്കപ്പെടുന്നവർ അപ്രകാരം പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരാകണം. അതിനായി നമുക്ക് പരിശ്രമിക്കാം.

സഭയുടെ ഏകദൗത്യം സുവിശേഷവത്ക്കരണമാണ്. ദുർവാർത്തകളെക്കുറിച്ചുള്ള അവബോധം ദൗത്യനിർവഹണത്തിന് നമ്മെ ഉത്തേജിപ്പിക്കണം. സഭ ദൈവജനമാകയാൽ ജനം മുഴുവനും സഭാ ദൗത്യത്തിൽ പങ്കുചേരണം. സഭാ ദൗത്യം അതിരൂപതയിൽ ശുശ്രൂഷകളിലൂടെയാണ് യാഥാർഥ്യമാക്കപ്പെടുന്നത്. ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും ശുശ്രൂഷകരായി രൂപപ്പെടുത്തി സഭാ ദൗത്യം നിറവേറ്റുവാൻ വേണ്ടിയാണ് അടിസ്ഥാന ക്രൈസ്തവ സഭാ സംവിധാനം അതിരൂപതയുടെ അജപാലന സമീപനമായി സ്വീകരിച്ചിരിക്കുന്നത്. വിവിധ തലങ്ങളിലെ ശുശ്രൂഷ പ്രവർത്തനങ്ങളിൽ നമ്മുടെ കുടുംബയൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ പരിപൂർണസഹകരണം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. അതിനായി പരസ്പരം കൈകോർക്കാം. ഈ ജൂബിലി വർഷം അർഥവത്തായി ആചരിക്കുവാനായി താഴെപ്പറയുന്ന കാര്യങ്ങൾ നമുക്ക് ഉറപ്പുവരുത്താം.

» നമ്മുടെ കുടുംബയൂണിറ്റിലെ എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർഥനയ്ക്കായി ഒരു നിശ്ചിത സമയം മാറ്റിവയ്ക്കാം.

» ഞായറാഴ്ചകളിലും വിശേഷ ദിവസങ്ങളിലും നമ്മുടെ കുടുംബയൂണിറ്റിലെ എല്ലാ കുടുംബാംഗങ്ങളും ഒരുമിച്ച് ദിവ്യബലിയിൽ പങ്കെടുക്കുവാൻ പരിശ്രമിക്കാം.

» നിശ്ചിത ഇടവേളകളിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ കൂട്ടായ്മയിലെ എല്ലാ അംഗങ്ങളെയും പ്രോത്സാഹിപ്പിക്കാം.

» പ്ലാസ്റ്റിക് വിമുക്ത ആഘോഷങ്ങൾ നമ്മുടെ കൂട്ടായ്മയിൽ ഉറപ്പുവരുത്താം.

» കൂട്ടായ്മയിലെ കുട്ടികളെ ഉൾപ്പെടുത്തി വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മീയ അരൂപി വളർത്താനായി ലിറ്റിൽ വേ രൂപീകരിക്കാം.

» ജൂബിലി വർഷത്തിന്റെയും കൊച്ചുത്രേസ്യയെ വിശുദ്ധയായി ഉയർത്തിയതിന്റെയും ശതാബ്ദി ആഘോഷങ്ങളിലും കൂട്ടായ്മകൾ ഒന്നിച്ച് ഒരുങ്ങുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

9. ദൗത്യമേറ്റെടുക്കൽ

10. സ്വയം പ്രേരിതപ്രാർഥന

11. കർത്തൃപ്രാർഥന

12. സമാപനപ്രാർഥന

**രണ്ടാം ഭാഗം**

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

2. വരവ് ചെലവ് കണക്ക് അവതരണം;

3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4.ചർച്ചയും പങ്കുവയ്ക്കലും

5. ഹാജർ

6. രഹസ്യപ്പിരിവ്

7. അറിയിപ്പുകൾ

8. നന്ദി

9. സമാപനഗീതം.

## 2025 ഫെബ്രുവരി മാസത്തെ ഉപയോഗത്തിനായി

**ആമുഖം**

സ്നേഹിതരെ, ക്രിസ്തുവിൽ അനാവരണം ചെയ്യപ്പെടുന്ന ദൈവത്തിന്റെ ചിത്രം 'സമൂഹത്തിന് രൂപം കൊടുത്തുകൊണ്ട് കൂട്ടായ്മയിൽ വസിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ശക്തിയാണ്'. ദൈവം രൂപംകൊടുത്ത സമൂഹം എന്നും ഒരു ജനമായി വളരണമെന്നും അത് വെറും ജനമല്ല, ദൈവത്തിന്റെ സ്വന്തം ജനമാണെന്ന ബോധ്യം നൽകികൊണ്ടാണ് കൂട്ടായ്മയുടെ സന്ദേശം ദൈവം വെളിപ്പെടുത്തുന്നത്. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ പ്രവർത്തനങ്ങൾ അനിവാര്യമാക്കി തീർക്കുന്ന ഘടകങ്ങൾ താഴെക്കുറിക്കുന്നു.

1. വ്യക്തമായി ലക്ഷ്യബോധമില്ലാതെ, സാന്ദർഭികമായി ഒരുമിച്ചുകൂടുന്ന, പരസ്പരം ബന്ധമില്ലാത്ത ആൾക്കൂട്ടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തിബന്ധങ്ങൾ ആഴപ്പെടുവാൻ, വിശ്വാസംജീവിതം പരിപോഷിപ്പിക്കുവാൻ ബി.സി.സി. യൂണിറ്റുകൾ അത്യന്താപേക്ഷിതമാണ്.

2. വെറും ചെറിയൊരു വിഭാഗം മാത്രം എന്നും ഇടവക പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ കൂടുതൽ അംഗങ്ങളെ ഇടവകയുടെ ശുശ്രൂഷാ പ്രവർത്തനങ്ങളിലും സമൂഹത്തിന്റെയും സഭയുടെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ അതുവഴി ഇടവക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ബി.സി.സി. യൂണിറ്റുകളുടെ പങ്ക് വലുതാണ്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കാര്യക്ഷമമാക്കി നടപ്പിലാക്കണമെങ്കിൽ ഉദ്ദേശ്യശുദ്ധിയുള്ള ഒരു നേതൃത്വം കൂട്ടായ്മകളിൽനിന്നും ഉയർന്നുവരണം.

**വചനവിചിന്തനം**

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ആദിമ സഭാ സമൂഹത്തിന്റെ ചൈതന്യത്തിൽ സമൂഹങ്ങളെ രൂപപ്പെടുത്താനുള്ള മാർഗങ്ങളാണ്. ഉത്ഥാനാനന്തരം ക്രിസ്തുനാഥൻ നൽകിയ വലിയ കല്പന 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ' എന്നതാണ്. സഭയുടെ എല്ലാ പരിശ്രമങ്ങളും ക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന ദൗത്യം നിർവഹിക്കലാണ്. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവ നേതൃത്വത്തിലേക്കാണ്. കുടുംബത്തിൽ, കൂട്ടായ്മകളിൽ, ഇടവകയിൽ, സമൂഹത്തിൽ നേതാക്കളായി മാറുവാനാണ് ഞാനും നിങ്ങളും വിളിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെയെങ്കിൽ നേതൃത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് അഞ്ച് ശീലങ്ങളുണ്ടായിരിക്കണം.

1. അറിയുക:- എല്ലാ കുടുംബയോഗാംഗങ്ങളെയും ആ കുടുംബയൂണിറ്റിലെ വ്യക്തികൾ പരസ്പരം അറിയേണ്ടവരാണ്. അയൽവാസികളെ കാണുന്നതുതന്നെ അരോചകമായിത്തീർന്നിരിക്കുന്നവർക്ക് ഐക്യവും സ്നേഹവും വിളമ്പാൻ വേദിയൊരുക്കുകയാണ് കുടുംബയോഗങ്ങൾ ചെയ്യേണ്ടത്. 'നിന്റെ സഹോദരൻ ആബേൽ എവിടെ? എന്ന് ദൈവം കായേലിനോട് ചോദിച്ച ചോദ്യം ഇന്നും വളരെ പ്രസക്തമാണ്. നമ്മെ ഓരോരുത്തരെയും നോക്കി നമ്മുടെ സഹോദരൻ എവിടെ എന്ന് ദൈവം ചോദിച്ചുകൊണ്ടിരിക്കുന്നു. ഈ ചോദ്യത്തിന് അനുനിമിഷം മറുപടി കൊടുക്കുവാൻ വിളിക്കപ്പെട്ട ക്രൈസ്തവരായ നാമോരോരുത്തരും ബാധ്യസ്ഥരാണ്. അയൽക്കാരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും മനസിലാക്കാനും ആവശ്യാനുസരണം പ്രതികരിക്കുവാനും പരസ്പരമുള്ള അറിവ് അത്യന്താപേക്ഷിതമാണ്.

2. അംഗീകരിക്കുക:- ഓരോ വ്യക്തിയും ഓരോ ലോകമാണ്. വർഷങ്ങൾ കൊണ്ട് രൂപപ്പെട്ട സ്വഭാവരീതികളും പ്രത്യേകതകളും ഒരു സുപ്രഭാതംകൊണ്ട് മാറ്റിയെടുക്കാൻ സാധ്യമല്ല. മറിച്ച്, ആ വ്യക്തിയുടെ സ്വഭാവമഹിമ അംഗീകരിച്ചുകൊണ്ട് അവനെ സമീപിക്കുകയും ഇടപഴകുകയും ചെയ്യുമ്പോൾ ആ അംഗത്തെ നമുക്കു നേടാനാകും.

3. അന്വേഷിക്കുക, അഭിനന്ദിക്കുക:- അപരന്റെ സൗഖ്യമാണ് ക്രൈസ്തവന്റെ ലക്ഷ്യം. 'എന്റെ സഹോദരീസഹോദരന്മാർക്ക് ക്ഷേമമുണ്ടായാൽ മതി എനിക്ക് ക്ഷേമമായി' എന്ന് നമുക്ക് പറയാനാകാണം. ഈ ക്ഷേമം നിലനിൽപിന്റെ നിദാനമായി നിലകൊള്ളുന്നത് പ്രതീകാത്മകമായ നമ്മുടെ സമീപനത്തിലാണ്.

4. അടിച്ചേല്പിക്കാതിരിക്കുക:- സ്വന്തം ആശയങ്ങൾ എല്ലാവരും സ്വീകരിക്കണമെന്ന ചിന്ത ഓരോരുത്തരുടെയും അടങ്ങാത്ത അഭിലാഷമാണ്. കുടുംബയോഗങ്ങളിൽ ആശയങ്ങൽ കൈമാറാനുള്ള അവസരമുണ്ട്. എന്നാൽ, നമ്മുടെ സഹോദരന്റെ ചിന്ത കൂടി നമ്മുടെ സ്വന്തമാകുകയെന്നുള്ളതാണ്. എന്റെ ആശയങ്ങൾ നല്ലതാണ് എന്ന ചിന്ത എനിക്കുണ്ട്. ആ ബോധ്യം എന്റെ സഹോദരന് കൈവരുന്നില്ലെങ്കിൽ എന്റെ സാക്ഷ്യത്തിൽ വന്ന പാളിച്ചയാണത്. എന്റെ ജീവിത സാക്ഷ്യത്തിലൂടെയാണ് ഞാനത് ബോധ്യമാക്കേണ്ടത്. ആരും ആരെയും ഒന്നും അടിച്ചേല്പിക്കാതെ ബോധപൂർവ്വം കാര്യങ്ങൾ ഗ്രഹിച്ച് തീരുമാനിക്കാൻ ഓരോ അംഗവും തയ്യാറാകണം.

5. ആശ്വസിപ്പിക്കുക:- രോഗവും മരണവും ജീവിതത്തിന്റെ ഭാഗങ്ങളാണ്. ആവശ്യങ്ങളിൽ ആശ്വസിപ്പിക്കുന്നവനാണ് യഥാർഥ സ്നേഹിതൻ. തളരുമ്പോൾ, മരണം വരുമ്പോൾ ആശ്വാസമായി കൂടെയുണ്ടാവാൻ ഓരോ അംഗങ്ങൾക്കും കഴിയണം. നമ്മുടെ ചുറ്റുമുള്ള കുടുംബങ്ങളിൽ ആശ്വാസത്തിന്റെ വെള്ളിവെളിച്ചമായി തീരേണ്ടത് പുറത്തുനിന്നും വരുന്നവരല്ല, എന്റെ അയൽവാസി രോഗിയാകുമ്പോൾ ഞാൻ നിന്നോടു കൂടെയുണ്ട് എന്നു പറഞ്ഞു പിൻബലമേകുവാൻ ഓരോ ക്രൈസ്തവനും കഴിയണം

# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് 2025 ഏപ്രിൽ മാസത്തിനുള്ളിൽ നടപ്പിലാക്കിയില്ലെങ്കിൽ പ്രത്യക്ഷ സമരപരിപാടികൾ; കെഎൽസിഎ



തിരുവനന്തപുരം: ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പുറത്തുവിടാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. റിപ്പോർട്ടിലെ ശുപാർശകൾ 2025 ഏപ്രിൽ മാസത്തിനുള്ളിൽ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ പ്രത്യക്ഷ സമരപരിപാടികൾ സംഘടിപ്പിക്കുമെന്ന് സമ്പൂർണ്ണ നേതൃത്വ സമ്മേളനത്തിൽ സംസ്ഥാന പ്രസിഡൻറ് അഡ്വ ഷെറി ജെ തോമസ് പ്രഖ്യാപിച്ചു. വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട കേസുകൾ മുഴുവനായി പിൻവലിക്കണം. മുനമ്പം വഖഫ് വിഷയത്തിൽ തർക്ക ഭൂമി വഖഫ് അല്ല എന്ന് പ്രഖ്യാപിക്കാനും വഖഫ് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യാനും അധികാരികൾ തയ്യാറാകണം.

തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂൾ ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നടന്ന സമ്പൂർണ്ണ നേതൃത്വ സമ്മേളനം കെആർഎൽസിസി പ്രസിഡന്റ് ബിഷപ് ഡോ.വർഗീസ് ചക്കലയ്ക്കൽ ഉദ്ഘാടനം ചെയ്തു.തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ. തോമസ് ജെ നെറ്റോ അനുഗ്രഹ പ്രഭാഷണം നടത്തി. കെആർഎൽസിസി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് വിഷയാവതരണം നടത്തി.സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ജോസി സംഘടനാ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

അരികുവൽക്കരിക്കപ്പെട്ടവരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ തുടരുമെന്ന അചഞ്ചലമായ പ്രഖ്യാപനമാണ് ഈ ജനക്കൂട്ടം സാക്ഷ്യം നൽകുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. ഡോ.ശശി തരൂർ എംപി , എം വിൻസൻറ് എംഎൽഎ, ബിജെപി പ്രതിനിധി വി വി രാജേഷ്,KLCA സംസ്ഥാന ട്രഷറർ രതീഷ് ആൻറണി, തിരുവനന്തപുരം അതിരൂപത പ്രസിഡന്റ് പാട്രിക് മൈക്കിൾ, കെ എൽ സി ഡബ്ല്യു എ പ്രസിഡൻറ് ഷെർലി സ്റ്റാൻലി, തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു.സമ്മേളനത്തോടനുബന്ധിച്ചുള്ള പതാക പ്രയാണം പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് ആരംഭിച്ചു.

രാവിലെ തിരുവനന്തപുരം വെള്ളയമ്പലം ടിഎസ്എസ്എസ് ഹാളിൽ കെആർഎൽസിസിയുടെ പ്രതിനിധി സമ്മേളനം നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസെൻറ് സാമുവൽ ഉദ്ഘാടനം ചെയ്തു.സർക്കാർ ഷെൽഫുകളിൽ അടച്ചുപൂട്ടി വച്ചിരിക്കുന്ന ജെ. ബി.കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തിറക്കാൻ ലത്തീൻ സമുദായ നേതൃത്വം ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് നെയ്യാറ്റിൻകര ബിഷപ് അഭിപ്രായപ്പെട്ടു.

## പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ മാമോദീസ ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു



പാളയം: വലിയ കുടുംബങ്ങൾ രൂപപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ മാമോദീസ ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. ഡിസംബർ 7 ശനിയാഴ്ച പാളയം സെൻറ് ജോസഫ്സ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ വച്ച് നടന്ന മാമോദീസ ചടങ്ങിൽ അതിരൂപതയിലെ 8 പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളാണ് തിരുസംഭാംഗങ്ങളായത്. കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ റവ. ഫാ. റിച്ചാർഡ് സഖറിയാസ്, അസി. ഡയറക്ടർ റവ. ഫാ. ജെനിസ്റ്റൻ, പാളയം ഇടവക സഹവികാരി റവ. ഫാ. റോബിൻ, ഡീക്കൻ സെബിൻ എന്നിവർ സന്നിഹിതരായിരുന്നു.

# നവമാധ്യമങ്ങളിലൂടെയും സാങ്കേതിക വിദ്യകളിലൂടെയും വചനാഭിമുഖ്യം വളർത്തുന്നതിനായി പരിശ്രമിക്കുന്ന മീഡിയ കമ്മിഷന്റെ പ്രവർത്തനം ശ്ലാഘനീയം; ബിഷപ് ക്രിസ്തുദാസ്



വെള്ളയമ്പലം: ആധുനിക ലോകത്ത് നവമാധ്യമങ്ങളെയും സാങ്കേതിക വിദ്യകളെയും വചനാഭിമുഖ്യം വളർത്തുന്നതിനായി പരിശ്രമിക്കുന്ന മീഡിയ കമ്മിഷന്റെ പ്രവർത്തനം ഏറെ മഹത്തരമെന്ന് തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ബിഷപ് ക്രിസ്തുദാസ് പറഞ്ഞു. ലോഗോസ് ക്വിസ് പഠനസഹായി 2025-ന്റെ പ്രകാശനകർമ്മവും 2024 വർഷത്തെ ലോഗോസ് ഗെയിം ആപ്പിലെ വിജയികൾക്കുള്ള സമ്മാനദാനവും നൽകിയ ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വെള്ളയമ്പലത്ത് നടന്ന പ്രസ്തുത ചടങ്ങ് കൊല്ലം രൂപത എമിരിത്തൂസ് ബിഷപ് സ്റ്റാൻലി റോമൻ ഉദ്ഘാടനം ചെയ്തു.

കെ.സി.ബി.സി. വർഷംതോറും നടത്തുന്ന ലോഗോസ് പരീക്ഷയ്ക്ക് ഒരുങ്ങുന്നതിന് സഹായിക്കുന്ന 2025 വർഷത്തെ ലോഗോസ് പഠന സഹായി മലയാളം പതിപ്പ് ബിഷപ് ക്രിസ്തുദാസ് തിരുവനന്തപുരം അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജുവില്ല്യത്തിന് ആദ്യപ്രതി കൈമാറി പ്രകാശനം ചെയ്തു. ഇംഗ്ലീഷ് പതിപ്പിന്റെ ആദ്യപ്രതി ബിഷപ് എമിരിത്തൂസ് സ്റ്റാൻലി റോമൻ അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസിന് നൽകി പ്രകാശനം ചെയ്തു.തുടർന്ന് ഈ വർഷം ലോഗോസ് ഗെയിം ആപ്പ് കളിച്ച് വിജയച്ചിവർക്കുള്ള സമ്മാനങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ വിതരണം ചെയ്തു.

## വചനം 2025; തിരുവചന ഡയറി പ്രകാശനം ചെയ്തു



വെള്ളയമ്പലം:2025 വർഷത്തേക്കുള്ള തിരുവചന ഡയറിയായ വചനം 2025 പുറത്തിറങ്ങി. വെള്ളയമ്പലം ബിഷപ്സ് ഹൗസിൽ വച്ചുനടന്ന ചടങ്ങിൽ അതിരൂപതാദ്ധ്യക്ഷൻ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഡയറി പ്രകാശനം ചെയ്ത് ആദ്യപ്രതി സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന് കൈമാറി. അനുദിന വചനം, വിചിന്തനം, അനുദിന വിശുദ്ധർ എന്നിവയുൾക്കൊള്ളുന്നതാണ് വചനം ഡയറി. ജൂബിലി പ്രാർഥനയും ഗീതവും ഡയറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര, ചൻസിലർ ഫാ. ജോസ് ജി, അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്ല്യം, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അജിത്ത് ആന്റണി, തുടങ്ങിയവർ സന്നിഹിതരായിരുന്നു. വെള്ളയമ്പലത്തെ സമന്വയ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന അജപാലന ശുശ്രൂഷ കാര്യാലയത്തിൽനിന്നും വചനം 2025 ഡയറി ലഭ്യമാകും.

## ആറ് മണിക്കൂറിൽ സമ്പൂർണ്ണ ബൈബിൾ കയ്യെഴുത്ത്പ്രതി; വിസ്മയം തീർത്ത് വലിയതുറ ഇടവക



വലിയതുറ: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വലിയതുറ സെന്റ് ആന്റണീസ് ഫൊറോനാ ദേവാലയത്തിൽ ആറുമണിക്കൂർകൊണ്ട് സമ്പൂർണ്ണ ബൈബിൾ കയ്യെഴുത്തുപ്രതി തയ്യാറാക്കി വിസ്മയം തീർത്തു. സ്ക്രിപ്തൂറ 2024 എന്നപേരിൽ നടന്ന പരിപാടിയിലാണ് ബൈബിൾ കയ്യെഴുത്ത്പ്രതി 6 മണിക്കൂറിൽ തയ്യാറാക്കിയത്. ഇടവകയുടെ ഈ ചരിത്ര സംഭവത്തിൽ പങ്കുചേരാൻ ആയിരത്തിലധികം ഇടവകമക്കൾ പങ്കാളികളായി.

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കാൽപാദങ്ങൾകൊണ്ട് അനുഗ്രഹീതമായ വലിയതുറ പുതുചരിത്രം രചിച്ചതിന്റെ ചാരിതാർഥ്യത്തിലാണ്. വിസ്മയം തീർത്തതിനെക്കാളുപരി ഈ കാലഘട്ടത്തിലെ ഒരു വിശ്വാസ സാക്ഷ്യംകൂടിയാണെന്ന് ഇതിന് നേതൃത്വം നൽയ ഇടവക വികാരി ഫാ. സാബാസ് ഇഗ്നേഷ്യസ് പറഞ്ഞു. ഈ യ്ജ്ഞത്തിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകളും ദൈവാനുഗ്രഹങ്ങളും ഇടവകവികാരി നേർന്നു.

# വത്തിക്കാനിലെ സർവമത സമ്മേളനത്തിൽ ഫ്രാൻസിസ് പാപ്പയുടെ മുന്നിൽ മലയാളി വിദ്യാർഥികൾ ആലപിച്ച ഗാനം ശ്രദ്ധനേടി. അണിയറയിൽ തിരുവനന്തപുരം അതിരൂപതാംഗങ്ങൾ



വത്തിക്കാൻ: ലോക മതസമ്മേളനത്തിൽ ഫ്രാൻസിസ് പാപ്പയുടെ മുമ്പിൽനിന്നു ഗാനമാലപിച്ച് റോമിലെ മലയാളി വിദ്യാർഥികളും അത് രചിച്ച ഫാ. പോൾ സണ്ണിയും ഏവരുടെയും ശ്രദ്ധയും അഭിനന്ദനവും നേടി. ഗാനങ്ങൾക്ക് സംഗീതം നൽകിയത് അലക്സ് ആന്റണിയാണ്. ഇരുവരും തിരുവനന്തപുരം അതിരൂപതാംഗങ്ങളാണ്.

ശ്രീനാരായണഗുരു ആലുവായിൽ വിളിച്ചു ചേർത്ത മത സൗഹാർദ്ദ സമ്മേളനത്തിന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി വത്തിക്കാനിൽ നടന്ന സർവ്വമത സമ്മേളനം ലോക ശ്രദ്ധയാകർഷിച്ചിരുന്നു. പരിശുദ്ധ ഫ്രാൻസിസ് പാപ്പയോടൊപ്പം ശിവഗിരി മഠത്തിലെ സന്ന്യസ്തരും വിവിധ മതങ്ങളിലെ പ്രതിനിധികളും പങ്കെടുത്ത പ്രത്യേക കൂടിക്കാഴ്ചയിലാണ് കുട്ടികൾ മതേതരത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വിളിച്ചോതുന്ന ഗാനം ആലപിച്ചത്.

ശ്രീനാരായണഗുരുവിന്റെ അദ്വൈത ദർശനത്തിൽ അധിഷ്ഠിതമായി എഴുതിയ ഗാനം ഏറെ സന്തോഷത്തോടു കൂടിയാണ് ഫ്രാൻസിസ് പാപ്പ ശ്രവിച്ചത്. ഗാനത്തിന്റെ ഇറ്റാലിയൻ പരിഭാഷ ഫ്രാൻസിസ് പാപ്പയ്ക്ക് നൽകിയിരുന്നു. ഇന്ത്യയുടെ ആത്മീയതയുടെയും വിശ്വസംസ്കാരത്തിന്റെയും ചൈതന്യം പേറുന്ന സന്ദേശം കുട്ടികൾ നന്നായി ആലപിച്ചുവെന്ന് ഫ്രാൻസിസ് പാപ്പ അവരെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു. കുട്ടികൾക്ക് പാപ്പ ജപമാല സമ്മാനിച്ച് അനുഗ്രഹങ്ങൾ നേർന്നു.

ജോഷ്ന, ജോയൽ, സിൻഡ്രല്ല, കമീല, എമിലിയ, ബിൽഗീസ്, ബെൽഗ്രേൻസ്, ഡിവിന, കാതറിൻ എന്നിവരാണ് ഗാനങ്ങൾ ആലപിച്ചത്. ഗാനങ്ങൾ രചിച്ച ഫാ. പോൾ സണ്ണി കെആർഎൽസിസി യൂത്ത് കമ്മീഷൻ സെക്രട്ടറിയായി ഏഴ് വർഷം സേവനം ചെയ്തു. ഇപ്പോൾ കത്തോലിക്കാ മലയാളികളുടെ നാഷണൽ കോർഡിനേറ്ററായി റോമിൽ സേവനം ചെയ്യുന്നു. കവിയും എഴുത്തുകാരനുമാണ്. നാല് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.







നേർക്കാഴ്ച

ജെ. സി.

# ഭരണഘടനയ്ക്കായി പോരാടാം

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക് സമരം ചെയ്തു കയറുമ്പോൾ, നാട്ടുരാജ്യങ്ങളെ കോർത്തിണക്കി നമ്മൾ സൃഷ്ടിക്കുന്നത് മതനിരപേക്ഷ ജനാധിപത്യ രാജ്യമായിരിക്കണമെന്ന് ദേശീയനേതാക്കൾക്ക് വ്യക്തമായ ബോധ്യമുണ്ടായിരുന്നു. ഭരണഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് ഭരണഘടനാ സഭയിൽ ജവഹർലാൽ നെഹ്റു അവതരിപ്പിച്ച പ്രമേയം അതിന് അടിവരയിട്ടു. ഉൾക്കൊള്ളലിന്റെയും തുല്യതയുടെയും സാമൂഹിക നീതിയുടെയും ഭാഷയിലാണ് ഭരണഘടന രാഷ്ട്രത്തോട് സംസാരിക്കേണ്ടത് എന്നതായിരുന്നു മറ്റൊരു ബോധ്യം. കോൺഗ്രസ് ആശയങ്ങളുടെ വക്താക്കൾ നിറഞ്ഞസഭ തങ്ങളുടെ നിലപാടുകളോടു യോജിപ്പില്ലാത്ത ഡോക്ടർ ബി.ആർ.അംബേദ്കറെ ഭരണ ഘടനയുടെ കരട് തയ്യാറാക്കാനുള്ള സമിതിയുടെ അദ്ധ്യക്ഷതയിൽ തിരഞ്ഞെടുത്തതിൽ പ്രതിഫലിച്ചതും ആ ബോദ്ധ്യമാണ്.

ഇന്ത്യയെ കാത്തിരിക്കുന്ന വിപത്തുകൾ മുൻകൂട്ടിക്കാണാൻ ദീർഘദർശിയായ ഡോ.അംബേദ്കർക്കു കഴിഞ്ഞിരുന്നു. ഭരണഘടനയ്ക്ക് ഔദ്യോഗികമായ അംഗീകാരം കിട്ടിയ 1949 നവംബർ 26 ന് തലേന്ന് ഭരണഘടന നിർമ്മാണ സഭയിലെ പ്രസിദ്ധമായ സമാപന പ്രസംഗത്തിൽ അംബേദ്കർ അത് ചൂണ്ടിക്കാട്ടുകയും ചെയ്തു. ഭാവിയിലേക്കുള്ള ചിന്ത തന്നെ അസ്വസ്ഥനാക്കുന്നുവെന്നും തനിക്കു വലിയ ആശങ്കയുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിനുമുൻപിൽ പ്രധാനമായും മൂന്ന് അപകട സാധ്യകളാണ് അദ്ദേഹം പ്രവചിച്ചത്. ജനാധിപത്യം നല്ലതാക്കാനും സാഹോദര്യം കൈവരിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെടാനും സ്വാതന്ത്ര്യം നഷ്ടപ്പെടാനുമുള്ള സാധ്യതകൾ രാജ്യത്തിന്റെ ജനാധിപത്യ സ്വഭാവം സംരക്ഷിക്കാൻ രാഷ്ട്രീയത്തിനപ്പുറം സാമൂഹിക, സാമ്പത്തിക രംഗങ്ങളിലും ജനാധിപത്യം ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി.

അടിയന്തിരാവസ്ഥ ഭരണഘടനയെ ദുരുപയോഗിച്ച് സൃഷ്ടിച്ച വെല്ലുവിളിയായിരുന്നുവെങ്കിൽ അതിനെ മറികടക്കാനും ഭരണഘടന തന്നെ സഹായിച്ചു. സംസ്ഥാനവും കേന്ദ്രവുമായി സാമ്പത്തിക വിഷയങ്ങളിലുൾപ്പെടെയുള്ള തർക്കങ്ങളും ഗവർണ്ണർ പദവി ദുരുപയോഗിക്കലുമുൾപ്പെടെ കോടതികളുടെ തീർപ്പിനായി വീണ്ടും വീണ്ടും എത്തുന്നത് ഭരണഘടനാ തത്വങ്ങളെ രാഷ്ട്രീയമായി ദുരുപയോഗിക്കാനുള്ള ശ്രമങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. പലയിടത്തും ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങളും ഭരണഘടനയോടുള്ള വെല്ലുവിളികളായി കാണേണ്ടതുണ്ട്. ഇക്കാരണംകൊണ്ടുതന്നെയാണ് ഭരണഘടനാ സ്ഥാപനങ്ങൾക്കും മൂല്യങ്ങൾക്കും എതിരെ കടന്നാക്രമണങ്ങളെ ചെറുക്കേണ്ടത് ഒരു ജനതയുടെ പ്രാഥമിക ചുമതലയാകുന്നത്. കഴിഞ്ഞ ഒരു ദശകത്തിലേറെയായി ഇന്ത്യൻ ഭരണഘടന നേരിട്ട വെല്ലുവിളികൾ പലതാണ്. ഭരണഘടന നിർജീവമായൊരു പ്രമാണ ഗ്രന്ഥമല്ല. ഭരണഘടനാധിഷ്ഠിത മനോഭാവത്തോടെ പ്രവർത്തിച്ച് ഭരണഘടനയെ ജീവസുറ്റതാക്കി നിലനിറുത്താനും അതിലൂടെ രാഷ്ട്രത്തെ മുന്നോട്ടു കൊണ്ടുപോകാനുള്ള മുഖ്യ ഉത്തരവാദിത്തം ജനപ്രതിനിധികൾക്കാണ്. നമ്മൾ ജനാധിപത്യത്തിൽനിന്ന് സാമൂഹ്യ ജനാധിപത്യത്തിലേക്ക് വളരേണ്ടതുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യബോധത്തോടെയുള്ള സമീപനമുണ്ടാകുമ്പോഴാണ് അർത്ഥവത്തായ സമൂഹമായി ഭാരതം മാറുക.








# MRV GROUP

Mazhuvara, Atturpuram, Poovar
7339316291

## OUR COMPANINES

**M.R.V BUILDERS**
**9946839815**
**M.R.V. CONSTRUCTION**
**9946839816**
**M.R.V BUILDING SOLUTIONS**
**9946839817, 9865700291**
**FM HOLLOW BLOCKS**
**9946846583**
**J.C ENTERPRISES**
**9865700291**





CERA-CHEM Adding Value to your Construction
SOMANY Bathware
LUKER
BAJAJ Bajaj Electricals Ltd. Inspiring Trust
ARCLINE

Pub. Date: 23.12.2024

RNI Registered No. 36056/81
JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 64
Rs. 30/-


# MARIAN EDU CITY

LATIN ARCHDIOCESE OF TRIVANDRUM
KAZHAKUTTOM, THIRUVANANTHAPURAM
**NURTURING A HABIT OF EXCELLENCE**

## MARIAN ENGINEERING COLLEGE

**Courses offered**

**B.TECH**

Civil Engineering
Mechanical Engineering
Computer Science & Engineering
Electronics & Communication Engineering
Electronics & Computer Engineering
Electrical & Electronics Engineering
Artificial Intelligence & Machine Learning

**M.TECH**

Geo-Technical Engineering

## MARIAN BUSINESS SCHOOL

Master of Business Administration (MBA)

## MARIAN COLLEGE OF ARCHITECTURE & PLANNING

**Courses offered**

Bachelor of Architecture (B.Arch)

## MARIAN COLLEGE OF ARTS & SCIENCE

**Courses offered**

**Undergraduate Programmes**

B.Com
BA English Language & Literature
BBA
B.Sc Zoology
B.Sc Geography
B.Sc Computer Science

**Post Graduate Programme**

M.Com (Finance)

## LITTLE FLOWER FOOTBALL ACADEMY (LiFFA)

LiFFA SOCCER SCHOOL
LiFFA BASKETBALL ACADEMY



## ST. JACOB'S TRAINING COLLEGE (B.ED)

**BACHELOR OF EDUCATION**

English
Malayalam
Mathematics
Natural Science
Physical Science
Social Science

## MARIAN CRAFT AND ARTS CENTRE OF EXCELLENCE

**Courses offered**

**Diploma**

Electrical & Electronics Technology
Advanced Welding Technology
DCA (Diploma in Computer Applications)

**Certification**

SMAW/GTAW/MIG/TIG
Data Entry Operator
Word Processing
Financial Accounting
Desktop Publishing

**MARIAN ENGINEERING COLLEGE**
MOB: +91 9495 707 111
Email: mail@marian.ac.in

**MARIAN COLLEGE OF ARCHITECTURE & PLANNING**
MOB: +91 9495 707 555
Email: marianarch.in@gmail.com

**MARIAN COLLEGE OF ARTS & SCIENCE**
MOB: +91 9526 605 413
Email: principal@mcas.ac.in

**MARIAN CRAFT & ARTS CENTRE OF EXCELLENCE**
MOB: +91 8301 908 450
Email: marianartscrafts@gmail.com

**LITTLE FLOWER FOOTBALL ACADEMY (LiFFA)**
MOB: +91 9746 870 421
Email: info@liffatrivandrum.org

**ST. JACOB'S TRAINING COLLEGE (B.Ed)**
MOB: 0471 270 4251
Email: stjacobsbed@gmail.com

**Marian Business School (MBA).**
MOB: +91 884 8710 083


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George